
SINCE 1989

KNANAYADEEPAM

# ക്നാനായദീപം

Vol: 32 / Issue: 6 June 2021 ₹ :15/-



ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

## പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ

## 1 –ാം ചരമവാർഷികം

12 – 07 – 2021



# അന്നമ്മ ജേക്കബ്

## കൈതാരത്ത് പുത്തൻപീടികയിൽ, വെണ്ണിക്കുളം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്

വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt -O

# ക്നാനായ ദീപം

SINCE 1989

2021 ജൂൺ    പുസ്തകം 32    ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

സമാധാനം സംസാരിക്കുകയും ... 10
സിജോ ജോസ് വിലങ്ങൻപാറ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

സോളമൻ (കവിത) 17
ജയിനമ്മ മർക്കോസ് നടുവിലേപ്പറമ്പിൽ

ചില കരിയർ ഗൈഡൻസ് പാഠങ്ങൾ 18
സുനിൽ ഡി. കുരുവിള

അമ്മയ്ക്കൊരുമ്മ (കവിത) 19
ബിജു ഇ. പി.

ഏവൻഗേലിയോൻ ദീപം 20
ഫാ. ബിനോജ് കുറിയാക്കോസ്, തുണ്ടിയിൽ

ഫലം തേടി 22
റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ

വിശ്വാസ ജീവിതത്തിൽ... 24
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

കാൽപ്പാടുകൾ – എബി 25

26 മലർവാടിക്കൂട്ടം - ബാലദീപം ക്വിസ്

35 വിശുദ്ധ സഭ
റ്റി. എം. തോമസ് കൊച്ചുപുരയ്ക്കൽ

38 മയക്കത്തിലെ മായക്കാഴ്ചകൾ...
ഡോ. ബാബു സെബാസ്റ്റ്യൻ

39 ക്രിസ്തീയ ഗീതം - കവിത
ഏലിക്കുട്ടി തോമസ്, കുന്നേൽപറമ്പിൽ

40 ലോകസമാധാനം
റ്റി. സി. തോമസ് തോപ്പിൽ

41 സ്വർഗ്ഗീയ സംവരണം - നർമ്മഭാവന
ജോസഫ് തോമസ്, തുണ്ടിയിൽ

42 രോഗവും പ്രാർത്ഥനയും ആരോഗ്യവും
ഡോ. ഐബി ജോസ്, കിഴക്കേടത്ത്

44 മാട്രിമോണിയൽ

46 മല്പാനോടു ചോദിക്കാം


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


**Visit www.knanayadeepam.in**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**ദൈവത്തിന്റെ അത്ഭുതകരമായ മാർഗ്ഗങ്ങൾ വിവേചിച്ചറിയുവാനുള്ള അന്വേഷണമായിരിക്കണം യഥാർത്ഥ ക്രിസ്തീയ ജീവിതം. സൃഷ്ടിയുടെ ആരംഭം മുതലുള്ള ദൈവീക നടത്തിപ്പും പ്രത്യേകിച്ച് നമ്മുടെ പിതാവായ അബ്രഹാമിൽ കൂടി ഒരു പ്രത്യേക ജനതയെ തിരഞ്ഞെടുക്കുകയും യിസ്രായേൽ എന്ന പേര് നൽകി അവരെ പോഷിപ്പിക്കുകയും അബ്രഹാമിന് വാഗ്ദത്തം ചെയ്ത കനാൻ ദേശം അതായത് ഇന്നത്തെ ഇസ്രായേൽ എന്ന രാജ്യം അവർക്ക് ശാശ്വതമായി നൽകുകയും അവർക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്ത ദൈവത്തിന്റെ പ്രവർത്തനങ്ങൾ വിവേചിച്ചറിയണം.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ചരിത്രത്തിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ അത്ഭുതകരമായ മാർഗ്ഗങ്ങൾ വിവേചിച്ചറിയുവാനുള്ള അന്വേഷണമായിരിക്കണം യഥാർത്ഥ ക്രിസ്തീയ ജീവിതം. സൃഷ്ടിയുടെ ആരംഭം മുതലുള്ള ദൈവീക നടത്തിപ്പും പ്രത്യേകിച്ച് നമ്മുടെ പിതാവായ അബ്രഹാമിൽ കൂടി ഒരു പ്രത്യേക ജനതയെ തിരഞ്ഞെടുക്കുകയും യിസ്രായേൽ എന്ന പേര് നൽകി അവരെ പോഷിപ്പിക്കുകയും അബ്രഹാമിന് വാഗ്ദത്തം ചെയ്ത കനാൻ ദേശം അതായത് ഇന്നത്തെ ഇസ്രായേൽ എന്ന രാജ്യം അവർക്ക് ശാശ്വതമായി നൽകുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത ദൈവത്തിന്റെ പ്രവർത്തനങ്ങൾ വിവേചിച്ചറിയണം. അടിമ നുകത്തിൽനിന്നും നമ്മേ രക്ഷിപ്പാൻ വന്ന ദൈവപുത്രനെ അവർ നിരസിക്കുകയും ക്രൂശിൽ തറച്ചു കൊല്ലുകയും ചെയ്തതിന്റെ ഫലമായി ഒരു സെന്റു ഭൂമി പോലും അവിടെ ഇല്ലാതെ ലോകത്തിന്റെ നാനാഭാഗത്തേക്കും എ.ഡി. 70 ൽ അവർ ചിതറിപാർത്തുപോയ സ്ഥലങ്ങളിൽ എല്ലാം അനേകം കഷ്ടങ്ങൾ സഹിച്ചു. എന്നാലും അവർ വംശശുദ്ധി കാത്തു പരിപാലിച്ചു 2000 സംവത്സര ക്കാലത്തേക്ക് ഇസ്രായേൽ രാഷ്ട്രം മൃതപ്രായമായിരുന്നു. എന്നാൽ 1948 മെയ് 14ന് ഭൂമിയുടെ നാനാമുഖത്തേക്കും ചിതറി പോയവർ ഭൂമിയുടെ മദ്ധ്യേ വസിക്കും എന്ന യെഹസ്കേൽ പ്രവചനം നിവർത്തിയാകുവാൻ യഹൂദന്റെ യഥാസ്ഥാനം അന്നു ചരിത്ര യാഥാർത്ഥ്യമായി തീർന്നു. അത് യഹോവയാൽ സംഭവിച്ചു. യഹൂദ പാരമ്പര്യ പ്രകാരം ഒരു യഹൂദന്റെ ജീവിതത്തിൽ വളർച്ചയുടെ ഘട്ടങ്ങൾ ഉണ്ട്.

**1) ജനനവും ശൈശവവും:** ശൈശവകാലം നിർണ്ണായകമായ ഘട്ടമായിരുന്നു. 1948 മെയ് 14–21 വരെ നിർണ്ണായക ദിവസങ്ങളായിരുന്നു. ഇസ്രായേൽ പിറന്നുവന്ന മണിക്കൂറുകൾക്കുള്ളിൽ സിറിയയും ഇറാക്കും ജോർദ്ദാനും തുടങ്ങിയ അറബി രാജ്യങ്ങൾ അക്രമണം അഴിച്ചുവിട്ടു. ആരും സഹായത്തിന് എത്തിയില്ല. എന്നാൽ അത്ഭുതകരമായി അവർ അതിജീവിച്ചു.

2). **യൗവനം**: 13–ാം വയസ്സു മുതൽ പരാശ്രയമില്ലാതെ ജീവിക്കാൻ തുടങ്ങുന്നു. 1961 ൽ ഐക്മാൻ സംഭവത്തിലൂടെ അവർ ലോകത്തിന്റെ മതിപ്പ് കരസ്ഥമാക്കി ഹിറ്റ്ലറുടെ സഹായി ആയിരുന്ന ഐക്മാനെ ഇസ്രായേലിൽ കൊണ്ടുവന്ന് വിസ്തരിച്ച് വധശിക്ഷ നൽകി. ഇതോടെ ലോക രാഷ്ട്രങ്ങളിൽ മതിപ്പും വർദ്ധിച്ചു.

3) **യുദ്ധത്തിന്റെ ഘട്ടമാണ്:** 20–ാം വയസ്സിൽ യഹൂദൻ സൈനീക സേവനത്തിന് അർഹനാകും. സഖ്യാ. 1:3. 1967–ൽ ഇസ്രായേൽ 20–ാം വയസ്സിൽ പ്രവേശിച്ചു. 1967–ൽ നടന്ന 6 ദിവസത്തെ യുദ്ധം. ചുറ്റുപാടുമുള്ള 10 അറബി രാഷ്ട്രങ്ങളെ പരാജയപ്പെടുത്തി പഴയ യെരുശലേം കൈവശമാക്കി. 1968 മുതൽ 7 വരെ ഈജിപ്തുമായി യുദ്ധം നടത്തി. 1973 സിറിയയും ഈജിപ്തും കൂടി ഇസ്രായേലിനെ അക്രമിച്ചു. ഈ യുദ്ധത്തോടെ 1948–ൽ ഉണ്ടായിരുന്നതിനേക്കാൾ 6 ഇരട്ടി സ്ഥലം കൈവശപ്പെടുത്തി. 1998 വരെ അവർ സ്വസ്ഥതയിലേക്ക് പ്രവേശിച്ചുകൊണ്ട് വളരുവാൻ ആരംഭിച്ചു. കേരളത്തിനേക്കാൾ ചെറിയ രാജ്യമാണെങ്കിലും ലോകരാഷ്ട്രങ്ങൾ എല്ലാം ആശ്ചര്യത്തോടെ നോക്കി കാണുവാൻ തക്കവണ്ണം എല്ലാനിലകളിലും യഹൂദൻ വളർന്നു. ഇപ്പോൾ 2021 ൽ The Jewish Chronicle എന്ന പത്രത്തിൽ മെയ്മാസം മുതൽ മൂന്നാമത്തെ ആലയത്തിനായി ഒരുങ്ങുന്നു എന്ന ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇപ്പോൾ കലാപം നടക്കുന്ന സ്ഥലത്തിനോടടുത്താണ് മോറിയമല സ്ഥിതി ചെയ്യുന്നത്. അവിടെ ഉള്ള മുസ്ലീംപള്ളി തകർത്ത ശേഷം മൂന്നാമത്തെ ആലയം പണിയുവാൻ വെമ്പൽ കൊള്ളുന്ന ഒരു വിഭാഗവും ഇസ്രയേലിൽ ഉണ്ട്. ''The Temple mount faithful'' എന്ന സംഘടന. ഗാസാ ശൂന്യമാകുമെന്നുള്ള ബൈബിൾ പ്രവചനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. കാലാവസ്ഥയുടെ മാറ്റങ്ങൾ അവിടവിടെ ഭൂകമ്പം, അസന്മാർഗികത, നോഹയുടെ കാലത്തു സംഭവിച്ചതുപോലെ ഇന്നും നടമാടുന്നു. ഇതെല്ലാം വിവേചിച്ചറിയുവാനുള്ള അന്വേഷണം ഉണ്ടാകണം. നമ്മുടെ ധാർമ്മിക മാനദണ്ഡങ്ങൾക്ക് അപ്പുറമായി പ്രവർത്തിക്കുന്ന ദൈവിക ശക്തിയുടെ വലുപ്പവും ഭയാനകതയും പലപ്പോഴും നിഗൂഢമായിരിക്കും.

(ആവ.5:33) നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും നിങ്ങൾ കൈവശമാക്കുന്ന ദേശത്തു ദീർഘായുസ്സോടിരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കൽപിച്ചിട്ടുള്ള എല്ലാ വഴിയിലും നടന്നു കൊൾവീൻ. യിസ്രായേൽ ജനതക്ക് ഭൗതീക ശ്രേയസ്സ് ലഭിക്കുന്നതിന് അവർ യഹോവയുടെ ന്യായപ്രമാണം അനുസരിക്കണം. ന്യായ പ്രമാണം ലംഘിക്കുകയെന്നാൽ ഭൗതിക അധഃപതനമായിരിക്കും. എന്നാൽ സങ്കീർത്തനക്കാരൻ പറയുകയാണ് ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് എനിക്ക് അഹങ്കാരികളോട് അസൂയ തോന്നി. അവർ നിത്യം സ്വസ്ഥത അനുഭവിച്ചു സമ്പത്തു വർദ്ധിപ്പിക്കുന്നു. (സങ്കീ. 73:3–12) സങ്കീർത്തനക്കാരൻ ധ്യാനത്തിൽ മുഴുകി. ദേവാലയത്തിൽ ചെന്നു. അപ്പോഴാണ് ദുഷ്ടന്മാരുടെ സൗഖ്യം നിത്യമല്ലെന്നും അവരെ വഴുവഴുപ്പിൽ നിർത്തി, ശൂന്യമാക്കിയിരിക്കുന്നു എന്ന് മനസ്സിലായി. എന്നാൽ നീ എന്നെ വലംകൈക്കു പിടിച്ചിരിക്കുന്നു. നിന്റെ

*(ശേഷം പേജ് 9–ൽ)*

## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ അനുഗ്രഹീതരെ,

പരി. സഭ ശ്ലീഹാ നോമ്പിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നുവല്ലോ. കർത്താവിന്റെ അപ്പോസ്തോലന്മാരെ അനുസ്മരിക്കുകയും അവരുടെ ജീവിതമാതൃക പിൻതുടരുവാനും ഈ പരിശുദ്ധ നോമ്പ് നമ്മൾ ഓരോരുത്തരെയും പ്രചോദിപ്പിക്കുന്നു. ഇന്നത്തെ ഭൗതിക ലോകത്തിന്റെ കുത്തൊഴുക്കിൽ നോമ്പ് ആചരിക്കുന്നതിൽ ചിലർക്കെങ്കിലും തീക്ഷ്ണത കുറഞ്ഞുപോയിട്ടുണ്ടോ എന്നു സംശയിക്കണം. ഒരു മനുഷ്യന് ഭൗതിക ജീവിതംപോലെ തന്നെ ആത്മീയ ജീവിതമുണ്ട്. മനുഷ്യർക്ക് ശാരീരികമായ (ഭൗതികമായ) വിശപ്പും ദാഹവുമുള്ളതുപോലെ തന്നെ ഓരോ മനുഷ്യാത്മാവിനും ആത്മീയ വിശപ്പും ദാഹവുമുണ്ട്. അതുകൊണ്ടാണ് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നത് "മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടു മാത്രമല്ല; പിന്നെയോ ദൈവവദനത്തിൽ നിന്നും പുറപ്പെടുന്ന എല്ലാ വചനം കൊണ്ടും അത്രെ എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്തായി 4:4).

കർത്താവിന്റെ അപ്പോസ്തോലന്മാരും വി.സഭാപിതാക്കന്മാരും അനേകം അനേകം പുണ്യാത്മാക്കളും ആത്മീയവിശപ്പും, ദാഹവും ശമിപ്പിക്കുവാനാണ് കൂടുതൽ പരിശ്രമിച്ചത്. അതിനാൽ തന്നെ നോമ്പുകൾക്കും, ഉപവാസത്തിനും പ്രാർത്ഥനകൾക്കും അവർ അമിതപ്രാധാന്യം നൽകി. കൊറോണാ വൈറസ് ഭീകരത താണ്ഡവമാടുന്ന ഈ സമയങ്ങളിൽ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നവർ എപ്പോഴും നമ്മെ ഓർമ്മപ്പെടുത്തുന്ന കാര്യമാണ് പോഷകമൂല്യമുള്ള ആഹാരം കഴിക്കണമെന്നും അപ്രകാരം പ്രതിരോധശക്തി കൂട്ടിയാൽ മാത്രമെ ഈ വൈറസിനെ നമുക്ക് തോല്പിക്കാൻ സാധിക്കു എന്നൊക്കെ. ഇതിലൂടെ കൊറോണാ വൈറസിനെ എങ്ങനെ പ്രതിരോധിക്കാം എന്ന് നമ്മൾ മനസ്സിലാക്കുന്നു. അപ്രകാരം തന്നെയാണ് സാത്താനെന്ന ഭീകര വൈറസിനെ നേരിടണമെങ്കിൽ തീർച്ചയായും നോമ്പും, ഉപവാസവും, പ്രാർത്ഥനയുമാകുന്ന പോഷകമൂല്യമുള്ള ആത്മീയ ആഹാരം നാം പാനം ചെയ്തേ മതിയാവൂ. അപ്പോസ്തോലന്മാരെ അനുസ്മരിച്ചുകൊണ്ടുള്ള ഈ നോമ്പുകാലം ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ സേവിക്കുന്നവരായിത്തീരുവാനുള്ള ആഹ്വാനവും നമുക്ക് നൽകുന്നു. ആത്മാവിൽ ജ്വലിക്കുന്നവരാകണമെങ്കിൽ ലോകമോഹങ്ങൾക്ക് പ്രാധാന്യം നൽകാതെ ജീവിതത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകി നിരന്തരമായ പ്രാർത്ഥനാ ജീവിതം നയിക്കുന്ന തീക്ഷ്ണതയുള്ളവരായി നാം മാറണം. ഈ അടുത്ത കാലത്ത് സന്യാസജീവിതം ഉപേക്ഷിച്ച റൂത്ത് ബറോസ് എന്ന വ്യക്തി താൻ സന്യാസജീവിതം ഉപേക്ഷിച്ചു പോകാൻ കാരണം തനിക്ക് പ്രാർത്ഥനാ ജീവിതത്തിലുണ്ടായ കുറവു നിമിത്തമാണെന്നു സാക്ഷിക്കുകയുണ്ടായി. തീക്ഷ്ണതയോടെയുള്ള ഒരു പ്രാർത്ഥനാ ജീവിതം തനിക്കുണ്ടായിരുന്നെങ്കിൽ ഒരിക്കലും സന്യാസ ജീവിതം ഉപേക്ഷിക്കേണ്ടി വരുകയില്ലായിരുന്നു എന്ന് പിന്നീട് അവർ വേദനയോടെ പങ്കുവെച്ചു.

സാത്താനും അവന്റെ അന്ധകാരലോകവും സജീവമാണെന്ന യഥാർത്ഥ്യം മനസ്സിലാക്കി നമ്മുടെ യുദ്ധം ജഡമാംസരക്തത്തിൽപ്പെട്ട ആരോടുമല്ല എന്നും സാത്താനോടും അവന്റെ സാമ്രാജ്യത്തോടും ആകുന്നുവെന്നും പൂർണ്ണമായി മനസ്സിലാക്കി നോമ്പും ഉപവാസത്താലുമല്ലാതെ അന്ധകാര ശക്തികൾ ഒഴിഞ്ഞുപോവുകയില്ല എന്ന അറിവോടെ തീക്ഷ്ണതയോടെ പ്രാർത്ഥനാപൂർണ്ണമായ ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കണം. കർത്താവിന്റെ അപ്പോസ്തോലന്മാരുടെ ഓർമ്മ പുതുക്കുന്ന ഈ സമയങ്ങളിൽ അവർക്ക് എന്താണ് നമ്മോട് പറയാനുള്ളതെന്ന് നാം പ്രത്യേകം ശ്രദ്ധിക്കണം. അവർ ക്രിസ്തുവിനുവേണ്ടി പ്രവർത്തിച്ചു യേശുവിനായി ജീവിച്ചു. ഒടുവിൽ ധീരതയോടെ മരിച്ച് നിത്യമഹത്വത്തിൽ പ്രവേശിച്ചു.

കർത്താവിന്റെ ശിഷ്യന്മാർക്കും ആദിമ ക്രൈസ്തവ സമൂഹത്തിനും പീഡനങ്ങളുടേയും കഷ്ടപ്പാടുകളുടെയും മദ്ധ്യത്തിൽ ഉറച്ചു നിൽക്കുവാൻ ശക്തി നൽകിയത് ക്രിസ്തുവിനോടൊന്നിച്ചുള്ള അനശ്വര ജീവിതത്തിൽ അവർക്കുണ്ടായിരുന്ന പ്രത്യാശയിൽ നിന്നാണ്. പൗലോസ് ശ്ലീഹാ ഇപ്രകാരം എഴുതി "നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു" (റോമർ 8:18).

ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ വിശുദ്ധന്മാരെല്ലാം ഒരേ ഒരു ലക്ഷ്യത്തിനുവേണ്ടി പരിശ്രമിച്ചു സ്വർഗ്ഗരാജ്യം സ്വന്തമാക്കുന്നതിനായി, അതുകൊണ്ടുതന്നെ വിലകുറഞ്ഞ ലൗകിക സുഖങ്ങളെല്ലാം അവർ ഉപേക്ഷിച്ചിരുന്നു. ലോകം മുഴുവൻ ധാരാളം കോപ്പികൾ വിറ്റഴിക്കപ്പെട്ട 'വാസുലാ റിഡൻ' എന്ന ഭക്തയായ സ്ത്രീ എഴുതിയ 'ദൈവത്തിലുള്ള യഥാർത്ഥ ജീവിതം' എന്ന പുസ്തകത്തിൽ വിശുദ്ധർ അഭ്യസിച്ചിരുന്നതും സ്വർഗ്ഗം മനുഷ്യരിൽ നിന്ന് ആഗ്രഹിക്കുന്നതുമായ ഏതാനും കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവ എപ്പോഴും ദൈവത്തെക്കുറിച്ച് ധ്യാനിക്കുക, സ്വർഗ്ഗത്തെ സ്വപ്നം കാണുക, ദൈവത്തെ സ്നേഹിക്കുക എന്നീ കാര്യങ്ങളാണ്.

ഈ കാലഘട്ടങ്ങളിൽ ഇവ നമുക്കും അഭ്യസിക്കാം. എപ്പോഴും ദൈവത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം, ഭൂമിയിലെ ജീവിതത്തിനുശേഷവും ഒരു മനോഹരമായ ജീവിതമുണ്ടെന്നുള്ളത് നമുക്ക് സ്വപ്നം കാണാം. ഈ ഭൂമിയിലുള്ള മറ്റെല്ലാത്തതിനേക്കാളും ദൈവത്തിന് പ്രാധാന്യം നല്കി ഉത്തമ ക്രൈസ്തവരായി നമുക്ക് ജീവിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ് (സമുദായ മെത്രാപ്പോലീത്താ)**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

കോവിഡ് എന്ന മഹാമാരി, പ്രത്യേകിച്ച് ഇന്ത്യയിൽ വിട്ടൊഴിയാതെ, ജനിതക മാറ്റത്തോടെ പൂർവ്വാധികം ശക്തി പ്രാപിച്ച് അതിന്റെ സംഹാരതാണ്ഡവം നടത്തിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ എല്ലാവരും അതീവ ജാഗരൂകരായിരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സമുദായത്തിലും ഈ പകർച്ചവ്യാധിയുടെ ആഘാതം നടമാടുന്നു. നമ്മുടെ അൽമേനികളും, വൈദികരും, എന്തിനേറെ സമുദായമെത്രാപ്പോലീത്തായും, ഈ മഹാമാരിയിൽ ഉൾപ്പെട്ടു കഴിഞ്ഞു. വൈദികശ്രേഷ്ഠരും, മെത്രാച്ചൻമാരും അവരുടെ കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട ശുശ്രൂഷകളിൽ രോഗികളുമായും, മരണപ്പെട്ടവരുടെ സംസ്ക്കാര ചടങ്ങുകളിലും സംബന്ധിക്കുമ്പോൾ ഈ മഹാമാരിയിൽ പെട്ടുപോവുക എന്നത് ഒഴിച്ചുകൂടാൻ പറ്റാത്ത അസാധാരണമായ ഒരു സാഹചര്യം തന്നെ ആണ്.

ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി മെയ് 12-ാം തീയതി ബുധനാഴ്ച കോവിഡ് ടെസ്റ്റ് ചെയ്തപ്പോൾ പോസിറ്റീവായിരുന്നു. ദൈവകൃപയാൽ തിരുമേനി കോവിഡ് വാക്സിനേഷൻ സ്വീകരിച്ചിരുന്നതിനാൽ ശാരീരിക അസ്വസ്ഥതകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ സെമിനാരിയിൽ തന്നെ താമസിക്കുകയായിരുന്നു. എന്നാൽ ക്നാനായ കമ്മിറ്റിയുടെ കൂട്ടായ ആലോചനപ്രകാരം, തിരുമേനിയ്ക്ക് സൗകര്യപ്രദമായ ആരോഗ്യ പരിപാലനം ലഭിക്കുന്നതിനും, ഭക്ഷണക്രമീകരണത്തിനും, അഥവാ ഒരു മെഡിക്കൽ എമർജൻസി ഉണ്ടായാൽ അത് ഉടൻ തന്നെ കൈകാര്യം ചെയ്യുന്നതിനും മറ്റുമായി തിരുവല്ല ബിലിവേഴ്സ് ഹോസ്പിറ്റലിലെ പ്രത്യേക മുറിയിൽ സൗകര്യാർത്ഥം മെയ് 16-ാം തീയതി ഞായറാഴ്ച മുതൽ താമസിക്കുകയായിരുന്നു. 22-05-2021 കോവിഡ് ടെസ്റ്റ് ചെയ്തപ്പോൾ നെഗറ്റീവ് ആയതിനെത്തുടർന്ന് ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ആയി അപ്രേം സെമിനായിൽ സുഖമായി തിരിച്ചെത്തി. ദൈവത്തിന്റെ കൃപയാൽ യാതൊരു ആരോഗ്യ പ്രശ്നവും തിരുമേനിയ്ക്ക് ഉണ്ടായില്ല. കാരുണ്യവാനായ ദൈവത്തിന്റെ കരുതലിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. തിരുമേനിയ്ക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാ സമുദായ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. തിരുമേനി തിരികെ അപ്രേം സെമിനാരിയിൽ എത്തുന്നതിനു മുമ്പായി ക്നാനായ കമ്മിറ്റിയുടെ നേതൃത്വത്തിൽ അപ്രേം സെമിനാരിയുടെ ഫ്യൂമിഗേറ്റ് ചെയ്തു രോഗവിമുക്തമാക്കുകയും ചെയ്തു. ഈ മഹാമാരിക്ക് വാക്സിൻ അല്ലാതെ ഇതുവരെയും മറ്റൊരു ശക്തമായ രോഗപ്രതിരോധം ഇല്ല എന്ന സാഹചര്യത്തിൽ, സമുദായ അംഗങ്ങൾ എല്ലാവരും തന്നെ തങ്ങളുടെ മുറ അനുസരിച്ച് വാക്സിൻ എടുക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വാക്സിൻ ഒരു രോഗപ്രതിരോധം എന്നതിലുപരി രോഗം വന്നാൽ അതിന്റെ കാഠിന്യം കുറച്ചു മരണത്തിൽ നിന്നും രക്ഷിക്കാൻ ഉതകും എന്ന് ശാസ്ത്രം പറയുന്നു. സമുദായ മെത്രാപ്പോലീത്തയുടെ രോഗത്തിന്റെ തീവ്രത കുറയാൻ വാക്സിൻ സഹായിച്ചിട്ടുണ്ടാവും.




നമ്മുടെ ക്നാനായ സമുദായത്തിലെ യൗവ്വനക്കാരുടെ ഇടയിൽ അടുത്ത കാലത്ത് നടന്നതും നടക്കുന്നതും ആയ കാര്യങ്ങളെ വളരെ ഗൗരവത്തോടെ നാം കാണേണ്ടതാണ്. അപൂർവ്വമായി ക്നാനായ സമുദായത്തിൽ നിന്നും യുവതീയുവാക്കൾ സമുദായ ഇതരരുമായി പ്രണയിച്ചു സമുദായത്തിന് പുറത്തു വിവാഹം നടത്തി സമുദായത്തിൽ നിന്നു പുറത്തു പോകാറുണ്ട് എന്നുവരികിലും ഈ അടുത്ത കാലത്ത് അത് വളരെ വർദ്ധിച്ചുവരുന്നതായി കാണുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ സമുദായത്തിൽ ആൺകുട്ടികൾക്ക് നമ്മുടെ പെൺകുട്ടികളെ ലഭിക്കുവാൻ പ്രയാസം ഇല്ലായിരുന്നു. പെൺകുട്ടികളും ആൺകുട്ടികളും മാതാപിതാക്കൻമാരെ അനുസരിച്ചു അവരോടൊപ്പം നിന്ന് ജീവിത പങ്കാളികളെ കണ്ടെത്തി സമുദായ ചട്ടക്കൂട്ടിൽ തന്നെ നിന്നിരുന്നു. ഇപ്പോൾ ആ സ്ഥിതി മാറിയിരിക്കുകയാണ് എന്ന് മാത്രമല്ല, വിവാഹത്തലേന്നും, അതിനു മുമ്പും, വിവാഹശേഷവും ഒളിച്ചോട്ടങ്ങൾ വൈഷമ്യമേറിയ ഒരു വൈതരണി ആയി മാറിയിരിക്കുന്നു. ഗോത്ര പാരമ്പര്യം പിന്തുടർന്ന് ഇത്രയും കാലം വംശശുദ്ധി കാത്തു സൂക്ഷിച്ച നമുക്ക് ഇനി ഒരു നിലനില്പ് ഉണ്ടാവണം എങ്കിൽ നാം ഒന്നിച്ചു നിന്ന് ഈ പ്രവണത ചെറുത്തെങ്കിൽ മാത്രമെ നടക്കൂ. അതിന് ഒരു സമൂലമാറ്റം ഉണ്ടാവണം. ആ മാറ്റം ഉണ്ടാകണമെങ്കിൽ നമ്മുടെ സമുദായത്തിന്റെ പാരമ്പര്യവും പൈതൃകവും വംശശുദ്ധിയും നിലനിർത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി വരും തലമുറയെ പറഞ്ഞു മനസ്സിലാക്കുവാൻ മാതാപിതാക്കളും ആത്മീയ നേതൃത്വവും മുൻകൈയെടുക്കണം. ക്നാനായ കമ്മിറ്റി ഞങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ആവുന്ന വിധം ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

കോവിഡ് മഹാമാരി വിട്ടുമാറാതെ തുടരുന്നതുകൊണ്ടും ലോക്ക്ഡൗൺ ആയിരുന്നതിനാലും മെയ് മാസത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കാതെപോയ കൊടുങ്ങല്ലൂർ ചരിത്രസ്മാരക നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ശ്രമിക്കുകയാണ്.

നമ്മുടെ സമുദായത്തിന്റെ മൂലക്കല്ലും, നിലനിൽപ്പിന്റെ അടിസ്ഥാനവുമാണ് ക്നാനായ സമുദായ ഭരണഘടന. ആ ഭരണഘടന നമ്മുടെ പ്രാണനേക്കാൾ വലുതായി സംരക്ഷിക്കേണ്ടത് ദൈവനിശ്ചിതമായ നമ്മുടെ എല്ലാവരുടെയും കടമയാണ്. ചോരകൊടുത്തും നീരുകൊടുത്തും അതിനെ നമ്മൾ കാത്തു സൂക്ഷിക്കണം. എത്രത്തോളം ഈ ഭരണഘടന സംരക്ഷിക്കുന്നതിനുവേണ്ടി ക്നാനായ സമുദായ അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് സമുദായത്തിലെ അംഗങ്ങൾ വിലയിരുത്തണം. അതിനുവേണ്ടി ഒരു ചെറിയ തിരനോട്ടം.

പഴയനിയമത്തിൽ മോശയ്ക്ക്, സീനായ് മലയിൽ പ്രത്യക്ഷപ്പെട്ട ദൈവം 10 കല്പനകൾ നൽകി. അത് ഇസ്രായേൽ ജനത്തിന്റെ ആത്മീകവും ലൗകികവുമായ കാര്യങ്ങൾക്ക് വേണ്ടിയായിരുന്നു. ദൈവത്തിന്റെ ആ കല്പനകൾ അലംഘനീയമായ നിയമമായി ഇന്നും നമ്മളിൽ നിലനിൽക്കുന്നു.

കാലക്രമേണ നമ്മുടെ പൂർവ്വപിതാക്കന്മാർ സഭയുടെ നിലനിൽപ്പിനുവേണ്ടി കാനോൻ നിയമങ്ങൾ ഉണ്ടാക്കി. അത് പൊതുവായി ഇന്നും നിലനിൽക്കുന്നു.

കാലാനുസൃതമായി ഓരോ സഭകളും, സമുദായങ്ങളും അവരുടെ അസ്ഥിത്വം നിലനിർത്തുന്നതിനായി ഭരണഘടന ഉണ്ടാക്കി അതിന് കീഴ്പ്പെട്ടു പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇന്ന് നമ്മുടെ സമുദായത്തിൽ ഭരണഘടനയെ തൃണവത്കരിച്ചു കുറച്ച് ആളുകൾ പ്രവർത്തിക്കുന്നത് കാണുമ്പോൾ വലിയ മനോവിഷമം ഉണ്ടാകുന്നുണ്ട്. തന്നെയുമല്ല സമുദായത്തിന്റെ മുൻ നേതൃത്വനിരയിൽ നിന്നിരുന്ന ആൾക്കാർ കോടതികളിൽ തങ്ങളുടെ വിവാഹ വിജയത്തിനായി സമുദായം ഒരു പബ്ലിക് ട്രസ്റ്റ് ആണ് എന്ന സത്യവാങ്മൂലം സമർപ്പിച്ചിരിക്കുന്നതും സമുദായത്തിന്റെ കടയ്ക്കൽ വെച്ചിരിക്കുന്ന കോടാലിതന്നെയാണ്.

ക്നാനായ സമുദായം ഒരു പബ്ലിക് ട്രസ്റ്റ് ആണെന്ന് നമ്മൾ സ്വയം സമ്മതിച്ച് കോടതിയിൽ എഴുതിക്കൊടുത്താൽ എതെങ്കിലും കാരണവശാൽ കോടതി അത് അംഗീകരിച്ച് ഓർഡർ പുറപ്പെടുവിക്കുന്നതോടുകൂടി ഏത് അക്രൈസ്തവർക്കും ക്നാനായ സമുദായത്തിലേയ്ക്ക് പ്രവേശനം നൽകേണ്ടി വരും. അതോടുകൂടി നമ്മുടെ സ്വവർഗ്ഗ തനിമ എന്നെന്നേക്കുമായി ഇല്ലാതായി പോകും.

നമ്മുടെ സമുദായത്തിന്റെ 1882 മുതലുള്ള ചരിത്രങ്ങൾ പരിശോധിച്ചാൽ, നമ്മുടെ പിതാക്കന്മാർ സമുദായം നിലനിൽക്കുന്നതിനുവേണ്ടിയും ഭരണഘടന സംരക്ഷിക്കുന്നതിനുവേണ്ടിയും എന്തെല്ലാം ത്യാഗങ്ങൾ സഹിച്ചു എന്നുള്ളതും ഇപ്പോഴത്തെപ്പോലെ തന്നെ കാലാകാലങ്ങളിൽ നമ്മുടെ സമുദായത്തിന്റെ ഉൾഭരണത്തിൽ ഇടപെടലുകൾ ഉണ്ടായിരുന്നു എന്നും മനസ്സിലാക്കാം.

ആ പ്രതിസന്ധികളെയെല്ലാം സധൈര്യം നേരിട്ട് അതിജീവിച്ച പിതാക്കന്മാരാണ് ഈ സമുദായത്തെ ഇത്രത്തോളം നിലനിർത്തിയത് എന്ന് നാം മനസ്സിലാക്കണം.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഒരു ഭാഗമായിരുന്ന ക്നാനായ സമുദായം വംശീയമായി ശോഷിച്ചു ഇല്ലായ്മ വന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ, ക്രിസ്ത്വാബ്ദം 1882 ധനു 10-ാം തീയതി നീലംപേരൂർ പള്ളിയിൽ മാലിത്ര എലിയാസ് കത്തനാരും, കോട്ടയം വലിയപള്ളിയിൽ ഇടവഴിയ്ക്കൽ ഗീവർഗീസ് കത്തനാരും, വെളിയനാട് പള്ളിയിൽ കണ്ണോത്ത് ഏബ്രഹാം കത്തനാരും മുൻകൈയ്യെടുത്ത് അന്നത്തെ യാക്കോബായ സഭാമെത്രാനായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ സമ്മതത്തോടെ 1882 മകര മാസം 8-ാം തീയതി വെളിയനാട് മോർ സ്തേഫാനോസ് പള്ളിയിൽ കൂടിയ ആദ്യ ക്നാനായ കമ്മിറ്റിയിൽ സമുദായത്തിന് ഒരു നടപടിക്രമത്തിനു (ഭരണഘടന) രൂപം കൊടുത്തു.

ഈ കമ്മിറ്റിയുടെ അംഗങ്ങളായി സമുദായത്തിലെ എല്ലാ പള്ളികളിൽ നിന്നും എല്ലാ വൈദികരും കമ്മിറ്റിയുടെ അംഗങ്ങൾ ആയിരിക്കുമെന്നും, ഓരോ ഇടവകയിൽ നിന്ന് രണ്ട് ആളുകളിൽ കുറയാതെയും നാല് ആളുകളിൽ കൂടാതെയും ഉള്ള ആളുകൾ അംഗങ്ങൾ ആയിരിക്കും എന്നും തീരുമാനിച്ചു.

ഈ കമ്മിറ്റിയുടെ സെക്രട്ടറിയായി ഇടവഴിക്കൽ മാത്യു ഫിലിപ്പോസിനെയും, മുതൽ പിടിക്കാരനായി കുമരങ്കരി പുത്തൻപുരക്കൽ ഉതുപ്പാൻ തോമസിനെയും നിയമിച്ചു.

കൂടാതെ രക്ഷാധികാരിയായി മോർ ദീവന്നാസിയോസ് യൗസേഫ് (പുലിക്കോട്ടിൽ തിരുമേനി) മെത്രാപ്പോലീത്തായേയും, പ്രസിഡന്റായി മോർ അത്താനാസ്യോസ് പൗലോസ് മെത്രാപ്പോലീത്തയേയും തെരഞ്ഞെടുത്തു.

പ്രസ്തുത യോഗത്തിൽ കമ്മിറ്റിയുടെ നടത്തിപ്പിലേക്കായി 22 വകുപ്പുകൾ അടങ്ങുന്ന ഒരു നിയമാവലി ചർച്ച ചെയ്തു പാസ്സാക്കി. ഇതാണ് ആദ്യത്തെ ഭരണഘടന.

ക്നാനായ കമ്മിറ്റിയുടെ രണ്ടാമത് യോഗം 1882 മേടമാസം 26-ാം തീയതി നീലംപേരൂർ പള്ളിയിൽവച്ചുകൂടി. പ്രസ്തുത യോഗത്തിൽ അന്ത്യോഖ്യായിൽ നിന്നും മലങ്കര സന്ദർശിക്കുന്നതിന് എഴുന്നള്ളിയിരുന്ന മോർ അത്താനാസിയോസ് മെത്രാപ്പോലീത്താ യോഗങ്ങളുടെ താൽപര്യപ്രകാരം അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ ക്നാനായ കമ്മിറ്റിയുടെ പ്രസിഡന്റ് അത്താനാസ്യോസ് പൗലോസ് മെത്രാപ്പോലീത്തായും, നിരണം ഇടവകയുടെ മോർ ഗ്രീഗോറിയോസ് (പരുമല തിരുമേനി) സംബന്ധിച്ചു എന്നുള്ളത് ചരിത്ര സംഭവമാണ്.

മൂന്നാമത്തെ യോഗം 1883-ാമാണ്ട് കന്നി മാസം 8-ാം തീയതി കല്ലിശ്ശേരി പള്ളിയിൽവച്ച് കൂടി. നാലാമത് യോഗം റാന്നി വലിയപള്ളിയിൽ വച്ചാണ് നടന്നത്. അഞ്ചാമത്തെ യോഗം 1883 മേടമാസം 20-ാം തീയതി ബുധനാഴ്ച കോട്ടയം വലിയപള്ളിയിൽ കൂടി.

ഓരോ കമ്മിറ്റിയിലും ഭരണഘടനയിൽ പുതിയ കാര്യങ്ങളും തസ്തികകളും നിയമങ്ങളും ചേർത്തുകൊണ്ടിരുന്നു. അങ്ങനെ 1901 മേടം ഇരുപത്തിയാറാം തീയതി നീലംപേരൂർ പള്ളിയിൽവച്ചു കൂടിയ മീറ്റിംഗിൽ ഇടവഴിക്കൽ ഗീവറുഗീസ് കശ്ശീശായെ വികാരി ജനറലായി നിയമിച്ചു.

1905 കുംഭം 2-ാം തീയതി മാന്നാർ പള്ളിയിൽ കൂടിയ യോഗത്തിൽ ക്നാനായ യുവജനസമാജം (യുവജനസംഘം) രൂപം കൊണ്ടു. അവർക്കും കമ്മിറ്റിയിൽ അംഗത്വം കൊടുത്തു. പിന്നീടു പള്ളികളിൽ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുത്ത് വിടുകയും ചെയ്തുകൊണ്ടിരുന്നു.

19-ാം നൂറ്റാണ്ടിലും അതിനു മുമ്പും സുറിയാനി ക്നാനായക്കാർ സംഘടിതമായി ഒരു സമുദായം ആയിരുന്നില്ല. ജാതീയമായ പ്രത്യേകതകളുടെയും വിവാഹ കാര്യങ്ങൾ മൂലമുണ്ടാകുന്ന കുടുംബ ബന്ധങ്ങളുടെയും അടിസ്ഥാനത്തിലുള്ള വൈകാരികമായ ഒരു ബന്ധം മാത്രമേ ക്നാനാ

യക്കാർ തമ്മിൽ ഉണ്ടായിരുന്നുള്ളൂ. ജാതീയമായ ഐക്യത്തിനുപരി കുടുംബപരമായ ഐക്യത്തിലും സഹവർത്തിത്വത്തിലും തങ്ങൾക്ക് തനിച്ചായി പ്രത്യേകമായ ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഏറ്റവും വലിയ പ്രേരകശക്തിയായിരുന്നു. അന്നു ദേവാലയങ്ങൾ സ്ഥാപിക്കുന്നതിന് വ്യക്തികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

ജാതീയമായ പ്രത്യേകതകളുടെ പേരിൽ ക്നാനായ പള്ളികൾ ഒരു പ്രത്യേക വിഭാഗമായി അറിയപ്പെട്ടിരുന്നു എങ്കിലും സുറിയാനി ക്നാനായക്കാർ വിശ്വാസപരമായും ഭരണപരമായും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള മലങ്കര സിറിയൻ യാക്കോബായ സഭയിൽപ്പെട്ടവരായിരുന്നു. ആ കാലഘട്ടത്തിൽ തങ്ങൾക്ക് തനിച്ചായി പള്ളികളില്ലായിരുന്ന സ്ഥലങ്ങളിൽ യാക്കോബായ സഭ വക പള്ളികളിൽ ഇടവക ചേർന്ന് നടന്നിരുന്നു. ആയതുപോലെ സിറിയൻ ഓർത്തഡോക്സ് സഭാംഗങ്ങളിൽ പലരും അവർക്ക് പള്ളികൾ ഇല്ലായിരുന്ന സ്ഥലങ്ങളിൽ ക്നാനായ പള്ളികളിലും കൂടി നടന്നിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. 19-ാം നൂറ്റാണ്ടിലും അതിന് മുമ്പുള്ള കാലയളവിലും സുറിയാനി ക്നാനായക്കാരുടെ ആദ്ധ്യാത്മിക മേലന്വേഷണവും യാക്കോബായ മെത്രാപ്പോലീത്തൻമാർ ആയിരുന്നു. 19-ാം നൂറ്റാണ്ടിനു മുമ്പ് സുറിയാനി ക്നാനായക്കാരുടെതായി മൂന്നു ദേവാലയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു നാം ഓർക്കണം.

1882 മുതൽ ക്നാനായ കമ്മിറ്റിയുടെ ഭരണചുമതല ഒരു അൽമായ സെക്രട്ടറിയിലും അൽമായ ട്രസ്റ്റിയിലും പരിപൂർണ്ണമായി നിക്ഷിപ്തമായിരുന്നു. കമ്മിറ്റി നിലവിലിരുന്ന കാലം മുഴുവൻ ഏതെങ്കിലും വൈദികൻ കമ്മിറ്റിയുടെ ഭൗതികമായ ഭരണ ചുമതലകളിൽ കൈ കടത്തിയിരുന്നില്ല. ഇപ്രകാരമുള്ള ഭരണകാര്യങ്ങളിൽ നിന്നും ആ കാലയളവിൽ വൈദികർ ഭൗതിക ഭരണകാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുകയും, പ്രധാനമായും ആത്മീയകാര്യങ്ങളിൽ വ്യാപൃതരായിരുന്നു എന്നും മനസ്സിലാക്കാം.

1910 മെയ് 8-ാം തീയതിയിലെ ക്നാനായ കമ്മിറ്റിയുടെ ഐക്യകണ്ഠേനയുള്ള തീരുമാനം അനുസരിച്ച് ഇടവഴിക്കൽ ഗീവർഗീസ് കശ്ശീശായെ 1910 ഓഗസ്റ്റ് 31 ന് പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് വടകര പള്ളിയിൽ മോർ സേവേറിയോസ് എന്ന പേരിൽ ക്നാനായ ഭദ്രാസനത്തിലെ പ്രഥമ മെത്രാപ്പോലീത്തായായി സ്ഥാനാഭിഷേകം ചെയ്യുകയുണ്ടായി. അങ്ങനെ 1910 ൽ ക്നാനായക്കാർക്ക് പ്രത്യേകമായ ഒരു ഭദ്രാസനം നിലവിൽ വരികയും ചെയ്തു.

1911 ജനുവരി 24-ാം തീയതി ചൊവ്വാഴ്ച കല്ലിശ്ശേരി പള്ളിയിൽ കൂടിയ യോഗം ചില സുപ്രധാന തീരുമാനങ്ങൾ എടുത്തു ക്നാനായ കമ്മിറ്റിയുടെ ഘടന മാറ്റി. "മലങ്കര യാക്കോബായ സുറിയാനി ക്നാനായ അസ്സോസിയേഷൻ' എന്നൊരു പൊതുയോഗവും അതിന്റെ നിർവ്വാഹക സംഘം ആയി "മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മിറ്റി എന്ന ഒരു കമ്മിറ്റിയും" ഉണ്ടായിരിക്കുന്നതാണ് എന്ന് നിശ്ചയിച്ചു.

1926 ഏപ്രിൽ 20-ാം തീയതി കൂടിയ അസ്സോസിയേഷനിൽ സഹായമെത്രാനായി ഒറ്റത്തൈയ്ക്കൽ അച്ചനെ വാഴിക്കുവാൻ തീരുമാനം എടുത്തു.

1926- ൽ സഹായ മെത്രാനായി സ്ഥാനമേറ്റ മോർ ദിയസ്ക്കോറോസ് തിരുമേനി 1927 ൽ ഇടവഴിക്കൽ മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മരണ ശേഷമാണ് ഭദ്രാസന മെത്രാപ്പോലീത്തായായി സ്ഥാനം ഏറ്റെടുത്തത്. 1939 ഒക്ടോബർ 29-ാം തീയതി ഞായറാഴ്ച ദിയസ്ക്കോറോസ് തിരുമേനി സഭാ പരിവർത്തനം ചെയ്തതിനു ശേഷം, 1939 മുതൽ അഡ്മിനിസ്ട്രേറ്ററായി ക്നാനായ സമുദായത്തെ നയിച്ചത് ബ. താമരപ്പള്ളിൽ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പയായിരുന്നു.

എട്ടു വർഷത്തിനുശേഷം 1947 ഒക്ടേബർ 26-ാംതീയതി അദ്ദേഹം നിര്യാതനായി. ഈ കാലയളവിൽ ഭരണഘടനയ്ക്ക് ഒരു അമന്റ്മെന്റ് കൊണ്ടുവന്നു.

1944 ഡിസംബർ 8-ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷനിൽ ബഹുമാനപ്പെട്ട സൈമൺ ശെമ്മാശൻ എഴുതിയുണ്ടാക്കിയ ഭരണ ഘടന അമെന്റ്മെന്റ് ചർച്ചക്കുവേണ്ടി അംഗീകരിച്ചു. പ്രസ്തുത ഭരണഘടനയുടെ അമെന്റ്മെന്റ് ഏതാനും ഭേദഗതികളോടു കൂടി മാത്രമേ അഡ്മിനിസ്ട്രേറ്റർ അംഗീകരിച്ചുള്ളു. അഡ്മിനിസ്ട്രേറ്ററുടെ ഭേദഗതിയിൽ പ്രധാനപ്പെട്ടത്, മെത്രാപ്പോലീത്താ ഒരു കാലത്തും സമുദായത്തിന്റെ കൂട്ട് ട്രസ്റ്റി ആവാൻ പാടില്ല എന്നുള്ളതായിരുന്നു. 1945 ഡിസംബർ 26-ാം തീയതി കൂടിയ അസ്സോസിയേഷൻ സമുദായ ഭരണഘടനയിൽ അസോസ്സിയേഷൻ നിയമങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭാഗങ്ങൾ ഭേദഗതി ചെയ്തു മറ്റ് നടപടിക്രമങ്ങളെല്ലാം കൂടി ക്രോഡീകരിച്ചു ഒരു പുസ്തകമായി അച്ചടിച്ചു അസ്സോസിയേഷൻ അംഗങ്ങൾക്കു അയച്ചുകൊടുക്കണമെന്നും അതിനുമുമ്പായി അംഗീകരിക്കപ്പെട്ട അമെന്റ്മെന്റ് ഭരണഘടന സംബന്ധമായ സർക്കുലർ കല്പന അയക്കരുത് എന്നും അഡ്മിനിസ്ട്രേറ്ററോട് നിർദ്ദേശിക്കുകയുണ്ടായി. സമുദായ ഭരണഘടനയുടെ അമെന്റ് മെന്റ് ഭേദഗതിയോട് കൂടി വീണ്ടും അവതരിപ്പിക്കുന്നതിനു വേണ്ടി പി. സി. ആൻഡ്രൂസ് കൺവീനറായി 16 പേരടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിക്ക് വിട്ടുകൊടുത്തു. ആ അസ്സോസിയേഷനിൽ വച്ചാണ് മെത്രാപ്പോലീത്താ സ്ഥാനാർത്ഥികളായി ബഹുമാനപ്പെട്ട വയലാ ഏബ്രഹാം കശ്ശീശാ. ബഹു. കെ. എം. സൈമൺ ശെമ്മാശൻ എന്നിവരെ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുത്തത്.

പിന്നീട് കൂടിയ അസ്സോസിയേഷനിൽ ഭരണഘടന അമെന്റ്മെന്റ് ചർച്ചക്കെടുത്തു പാസ്സാക്കുകയും ചെയ്തു. സമുദായത്തിൽ ഭരണഘടനയുടെ ഈ അമെന്റ്മെന്റ് നടപ്പിൽ വന്നത് 1947 ഓഗസ്റ്റ് രണ്ടാം തീയതിയാണ്.

8 അദ്ധ്യായങ്ങളും 180 വകുപ്പുകളും ഉള്ള ഒന്നായിരുന്നു പ്രസ്തുത ഭരണഘടന. 1882 ലെ ക്നാനായ കമ്മിറ്റിയുടെ പ്രഥമ മീറ്റിങ്ങ് മുതൽ കാലാകാലങ്ങളിൽ നടപ്പിൽ വരുത്തിയിരുന്ന വിവിധ ഭരണഘടനാഭേദഗതികൾ ക്രോഡീകരിച്ച് ഉണ്ടാക്കിയിട്ടുള്ള ഒന്നായിരുന്നു പ്രസ്തുത ഭരണഘടന.

1947 ഓഗസ്റ്റ് രണ്ടാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷൻ പാസ്സാക്കിയ ഭരണഘടന അമെന്റ്മെന്റ് സമുദായമൊട്ടുക്ക് നടപ്പിൽ വരുത്തുന്നതിന് വലിയ പ്രതിസന്ധികൾ ഉണ്ടായിരുന്നു എന്ന് അന്നത്തെ ക്നാനായ സമുദായ മിനിറ്റിൽ നിന്നും മനസ്സിലാക്കാം. ഭരണഘടന പാസ്സായി രണ്ടു മാസം കഴിഞ്ഞപ്പോൾ അഡ്മിനിസ്ട്രേറ്ററായ ബഹുമാനപ്പെട്ട താമരപ്പള്ളിൽ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ നിര്യാതനായി.

അതിനുശേഷം 1947 നവംബർമാസം പതിനാലാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷൻ ദിവ്യശ്രീ പുരയ്ക്കൽ പി.ജെ. തോമസ് കശ്ശീശായെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുത്തു. കൂടാതെ സമുദായ സെക്രട്ടറിയായി ദി.ശ്രീ. വയലാ ഏബ്രഹാം കശ്ശീശായെ നിയമിക്കുകയും ചെയ്തു.

1947 ഓഗസ്റ്റ് 2-ാം തീയതിയിലെ അസ്സോസിയേഷൻ

പാസ്സാക്കിയ ഭരണഘടന സമുദായമൊട്ടുക്ക് നടപ്പിൽ വരുത്തുന്നതിന് പല വിഷമസന്ധികളും ഉണ്ടായതായി പിന്നീടുള്ള അസ്സോസിയേഷൻ മിനിറ്റ്സുകൾ വ്യക്തമാക്കുന്നുണ്ട്. ഭരണഘടന നടപ്പിലാക്കുന്നത് നിരോധിച്ചു അന്ത്യോഖ്യാ പ്രതിനിധി യുലിയോസ് ബാവാ പള്ളികൾക്ക് അയച്ച കല്പനയെ പ്രതിഷേധിച്ചു 1948 ഒക്ടോബർ 12-ാം തീയതിയിലെ അസ്സോസിയേഷൻ, അന്ത്യോഖ്യാ പ്രതിനിധി യൂലിയോസ് മെത്രാപ്പോലീത്ത ക്നാനായ സമുദായത്തിന്റെ കീഴ്നടപ്പിനു വിപരീതമായും അനധികൃതമായും സമുദായത്തിലെ ഉൾഭരണത്തിലേക്ക് പ്രവേശിച്ചു പള്ളികൾക്ക് നേരിട്ട് കല്പനകൾ അയക്കുന്നതിന് എതിരെ മേലിൽ ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഇടപെടരുതെന്ന് അസ്സോസിയേഷൻ ഒരു പ്രമേയത്തിലൂടെ അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്തു.

കൂടാതെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ 1949 ലെ 24 നമ്പർ കല്പനയും സമുദായ ഭരണഘടന നടപ്പിൽ വരുത്തുന്നതിന് വിഘാതങ്ങൾ സൃഷ്ടിക്കുകയുണ്ടായി. സമുദായത്തിലെ പ്രതിസന്ധി പരിശുദ്ധ പാത്രിയർക്കീസ് ബാവായെ അറിയിക്കുകയും സമുദായ അസ്സോസിയേഷൻ പാസാക്കിയ ഭരണഘടനയുടെ ഇംഗ്ലീഷ് പകർപ്പ് പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തു. കാര്യങ്ങൾ പരിശുദ്ധ ബാവായെ ധരിപ്പിക്കുന്നതിനു വേണ്ടി കെ.സി. മർക്കോസ് കശ്ശീശാ. കുരുവിള തോമസ്, കെ.ടി. തോമസ്, എം.കെ. കുറിയാക്കോസ് എന്നിവരെ ഡലിഗേറ്റ് ആയി അയക്കുവാൻ അസ്സോസിയേഷൻ തീരുമാനിച്ചു.

1950 നവംബർ 14-ാം തീയതിയിലെ അസ്സോസിയേഷൻ മലങ്കര സുറിയാനി ക്നാനായ ഇടവകയുടെ മെത്രാപ്പോലീത്തമാരായി ബഹുമാനപ്പെട്ട വയലാ ഏബ്രഹാം കശ്ശീശയേയും ബഹുമാനപ്പെട്ട കെ.എം. സൈമൺ ശെമ്മാശനേയും വാഴിച്ചു തരണമെന്ന് പാത്രീയർക്കീസ് ബാവായോട് അപേക്ഷിക്കുകയും കൂടാതെ സമുദായ ഭരണഘടനയെ സംബന്ധിച്ച് സിംഹാസനത്തിലേക്ക് നിവേദനം അയച്ചിട്ട് നാലു മാസങ്ങൾ കഴിഞ്ഞിട്ടും സിംഹാസനത്തിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിലുള്ള ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തു. 1951 മാർച്ച് 1-ാം തീയതി ബഹുമാനപ്പെട്ട സൈമൺ ശെമ്മാശൻ തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചു.

ഇതിനിടയിൽ ബഹുമാനപ്പെട്ട പി.ജെ. തോമസ് കശ്ശീശാ അഡ്മിനിസ്ട്രേറ്റർ സ്ഥാനത്ത് തുടർന്നു പോകുന്നതിനുള്ള ബുദ്ധിമുട്ടുകൾ കൊണ്ടാണ് രാജിവെച്ചത്.

1951 ൽ ഏബ്രഹാം മോർ ക്ലീമീസ് സമുദായ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു.

1951 ഡിസംബർ 12-ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷൻ ഭരണഘടന ഭേദഗതി ചെയ്തു പുതിയ ഭരണഘടന അംഗീകരിച്ചു.

പിന്നീട് 1982 ജൂലൈ 30ന് കൂടിയ അസ്സോസിയേഷൻ വീണ്ടും ഭരണഘടന ഭേദഗതി ചെയ്തു നടപ്പിലാക്കി, കോടതി ഇടപെടൽ മൂലം 1982 ലെ ഭേദഗതികൾ റദ്ദു ചെയ്യുകയും നമ്മൾ വീണ്ടും 1951 ലെ ഭരണഘടനയിലേക്ക് എത്തിച്ചേർന്നു.

വീണ്ടും 2003-ൽ നിയമാനുസൃതം നമ്മുടെ ഭരണഘടന ഭേദഗതി ചെയ്തു അന്നത്തെ അഡ്മിനിസ്ട്രേറ്റർ പ്രൊഫ.എ.പി. ജോസഫ് കശീശ്ശ നടപ്പിൽ വരുത്തി.

പിന്നീട് 2013-ൽ ഭേദഗതി ചെയ്തു ചടങ്ങുകളിൽ ജനാധിപത്യ മര്യാദലംഘനം നടന്നു എന്ന പരാതിയുടെ പേരിൽ അത് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. നിലവിൽ 2003 ൽ ഭേദഗതി ചെയ്ത ഭരണഘടനയാണ് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത്. നമ്മുടെ പിതാക്കന്മാർ 139 വർഷമായി കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിച്ചു കൊണ്ടുവന്ന ഭരണഘടന നിലനിർത്തുവാൻ ഓരോ ക്നാനായക്കാരനും ബാധ്യത ഉണ്ട്.

ഇന്ത്യയുടെ പരമോന്നത കോടതിയായ സുപ്രീംകോടതി 1995 ലേയും 2017 ലേയും വിധിയിലൂടെ ക്നാനായ സമുദായ ഭരണഘടന അംഗീകരിച്ച് നമുക്ക് തന്നിട്ടുണ്ട്. അതിൽ നമുക്ക് അഭിമാനിക്കാം.

ഈ കാര്യങ്ങൾ ഇപ്പോൾ സമുദായത്തിൽ ലഭ്യമായ രേഖകളിൽകൂടി ലഭിച്ചതാണ് ആരേയും കുറ്റപ്പെടുത്തുന്നതിനു വേണ്ടിയല്ല സമൂദായ ജനത്തിന്റെ അറിവിലേക്ക് മാത്രം.

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

ആലോചനകൾ എന്നെ നടത്തും. സങ്കീ. 73. 23 മുതൽ ദൈവത്തിൽ മാത്രമുള്ള സുരക്ഷിത ബോധം. ഇതു സമ്പാദിച്ചെടുക്കുകയാകുന്നു ക്രിസ്തീയ ജീവിതത്തിന്റെ വിജയരഹസ്യം.

നമ്മുടെ സഭയുടെ ഉൽക്കർഷത്തിനായും അദ്ധ്യാത്മിക ചൈതന്യ സാക്ഷാൽക്കരണത്തിനായുമുള്ള അഭിവാഞ്ഛ ജനങ്ങളിൽ വർദ്ധിച്ചുവരണം. സഭയിൽ അനേകം ഉദ്ധാരണ പദ്ധതികൾ നടക്കേണ്ടതായിട്ടുണ്ട് അതിൽ യുവജനങ്ങൾക്ക് കാര്യമായ പങ്ക് വഹിപ്പാനുണ്ട്. നഷ്ടപ്പെട്ടുപോയ പലതും നമുക്ക് വീണ്ടെടുക്കുവാനുണ്ട്. അലസതകൊണ്ടും, ദൈവവിളിയുടെ ബോദ്ധ്യക്കുറവുകൊണ്ടും മത്സരങ്ങൾ കൊണ്ടും സംഭവിച്ചിട്ടുള്ള ന്യൂനതകളെ പരിഹരിക്കുവാൻ സാധിക്കണം. ഉൽക്കർഷത്തിലേക്കും ശ്രേയസ്സിലേക്കും കുതിച്ചുപായുന്ന മറ്റു പല സംഘടനകളിൽ നിന്നും നമുക്ക് പലതും പകർത്തുവാൻ ഉണ്ട്. നമ്മുടെ പ്രവർത്തനങ്ങൾക്കു വേണ്ടിയ എല്ലാ ചുറ്റുപാടും നമുക്കുണ്ട്. ജീവിക്കുവാനും പ്രവർത്തിക്കുവാനും ഉള്ള അവകാശവും സ്വാതന്ത്ര്യവും നമുക്കുണ്ട്. അത് ഒരു നേതൃത്വത്തിനും അടിയറ വെക്കാതെ സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങണം. അതിനാൽ രാജകീയ പുരോഹിത വർഗ്ഗവും സ്വന്ത ജനവുമായി തിരഞ്ഞെടുത്തിരിക്കുന്ന അൽമായർക്ക് അവരുടെ ദൗത്യത്തെ സംബന്ധിച്ച് വ്യക്തമായ ഉൾക്കാഴ്ച ഉണ്ടായിരിക്കണം. ചരിത്രത്തിലൂടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ദൈവത്തിന്റെ ഹിതത്തിനനുസരണമായി കാലഘട്ടത്തിന്റെ ശബ്ദം ശ്രവിക്കുവാനും അതിന്റെ പൂർത്തീകരണത്തിന് അദ്ധ്വാനിക്കാനും നാം തയ്യാറാകേണ്ടതുണ്ട്. നാം ജീവിക്കുന്ന സഭയിലും സമുദായത്തിലും സമൂഹത്തിലും ആവശ്യമായ പരിവർത്തനങ്ങൾ വരുത്തുവാൻ മതിയായ ഒരു തിരുത്തൽ ശക്തിയായി നമ്മുടെ എല്ലാ ഭക്ത സംഘടനകളും രൂപം കൊള്ളേണ്ടിയിരിക്കുന്നു. നമ്മുടെ സഭയുടെ പരിപാവനമായ വിശ്വാസത്തിന്റെ ട്രസ്റ്റികളാകുകയും അതിനെ പ്രചരിപ്പിക്കുന്നത് ജീവിതത്തിന്റെ പ്രധാന കർത്തവ്യമാക്കുകയും ചെയ്യുകയെന്നുള്ളതാണ് സഭാംഗങ്ങളെ സംബന്ധിച്ചുള്ള ഒരു ചുമതല. അത് നിർവ്വഹിച്ചുകൊണ്ട് വേഗം വരുന്ന യേശുവിനെ എതിരേൽപ്പാൻ നമുക്ക് ഒരുങ്ങാം.

എന്ന്

**സ്വന്തം റോയി അച്ചൻ**

# സമാധാനം സംസാരിക്കുകയും ഹൃദയത്തിൽ കെണിയൊരുക്കുകയും ചെയ്യുന്ന മാന്യന്മാർ

സിജോ ജോസ് വിലങ്ങൻപാറ

കർത്താവിൽ പ്രിയ വിശ്വാസികളുടെ സമൂഹമേ, സൗഹാർദ്ദമായും സമാധാനമായും സംസാരിക്കുകയും പെരുമാറുകയും ഉള്ളുകൊണ്ട് കൂട്ടുകാരനോടും സഹോദരനോടും എതിരായി കെണികൾ ഒരുക്കുകയും ചെയ്യുന്നവരെ ജറെമിയ പ്രവാചകന്റെ പുസ്തകം 9:8 ൽ പറയുന്നതുപോലെ നാം ഇന്നത്തെ സമൂഹത്തിൽ ധാരാളമായി കാണുകയും അത്ഭുതപ്പെടുകയും അവരുടെ പതിഞ്ഞുള്ള ആക്രമണത്തിൽ പലപ്പോഴും പരിതപിക്കുകയും ചെയ്തിട്ടുണ്ടല്ലോ! നമ്മൾ മാന്യരെന്നും പരിശുദ്ധരെന്നും വിലയിരുത്തുവാനും ഉന്നതരും ബഹുമാന്യരും ആയ എല്ലാ തലത്തിലും പെട്ടവർ ഈ ഗണത്തിൽ ഉണ്ടല്ലോ! ചിലപ്പോൾ അത് നമുക്ക് നമ്മുടെ ജോലി മേഖലയിൽ ആവാം അനുഭവപ്പെടുക, ചിലപ്പോൾ രാഷ്ട്രീയ-സാമൂഹിക-സാമുദായിക-വാണിജ്യ പൊതുരംഗങ്ങളിലാവാം അനുഭവപ്പെടുന്നത്. എന്തുതന്നെയായാലും ഇന്ന് ഇത് സർവ്വസാധാരണമായിരിക്കുന്നു. നമ്മളോട് സന്തോഷമായി പെരുമാറുന്ന ഇവരെ നമുക്ക് അവരുടെ കാര്യം സാധിച്ചശേഷം മാത്രമേ പലപ്പോഴും തിരിച്ചറിയാൻ പറ്റൂ. ആട്ടിൻതോലിട്ട ചെന്നായ്ക്കൾ എന്ന് നമുക്ക് തോന്നാം. ഇവർ മൂലം അപരൻ ഏൽക്കുന്ന മുറിവുകൾ പരാജയങ്ങൾ കണക്കെടുക്കാൻ പറ്റാത്തതാണ്. Image building നു വേണ്ടി ഇവർ പലപ്പോഴും ആടിനെ പട്ടിയാക്കും പട്ടിയെ പേപ്പട്ടിയാക്കും. നൂതന മാധ്യമങ്ങൾ ഉപയോഗിക്കുന്നതും എതിർ ശബ്ദങ്ങളെ ഇവർ ഉണ്ടാക്കിയ വിവിധ ശൃംഖലകൾ/സൈബർ, ഗുണ്ടായിസം, വിവിധ സംവിധാനങ്ങൾ വഴി ഒന്നും ഇല്ലാതാകുന്നതും നമ്മൾ കാണുന്നു. എന്തുതന്നെയായാലും തുടർന്നുള്ള ജെറെമിയ പ്രവാചകന്റെ പുസ്തകം 9:9 ൽ തന്നെ ഇങ്ങനെ പെരുമാറുന്നവരോട് യഹോവയുടെ പ്രതികാരം ഉണ്ടാവുമെന്ന് പറയുന്നു. ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ വഴി ഒരു പക്ഷേ ഇങ്ങനെയുള്ളവർക്കു ഒരു തിരുത്തൽ ചിന്ത ഉണ്ടാവട്ടെ എന്ന് കരുതി ആയിരിക്കുമല്ലോ ദൈവം പല സംഭവങ്ങളും അനുവദിച്ചിരിക്കുന്നത്.

മറ്റു വ്യക്തികളെക്കുറിച്ച് കുറ്റം പറയാം. ഹരിതവിപ്ലവം എന്നല്ലാതെ കാര്യമായ ഒന്നും നമുക്ക് ചെയ്യാൻ സാധിക്കുകയില്ല. പക്ഷേ നമുക്ക് സ്വയം ഒന്നു നമ്മെത്തന്നെ വിലയിരുത്താം. അറിഞ്ഞോ അറിയാതെയോ നമ്മളിൽ നമ്മുടെയുള്ളിൽ ആട്ടിൻതോലിട്ട ചെന്നായ സ്വാർത്ഥതയുടെ രൂപത്തിൽ ഇമേജിന്റെ വിവിധ സ്വഭാവങ്ങളുടെ രൂപത്തിൽ വസിക്കുന്നുണ്ടോയെന്നു സ്വയം നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഒന്നു പരിശോധിക്കാം. കാപട്യ സ്വഭാവങ്ങൾ ദൈവം വെറുക്കുന്നതായി വി. വേദപുസ്തകത്തിൽ ഉടനീളം പ്രവാചക ശബ്ദങ്ങളിലൂടേയും യേശുമ്ശിഹായുടേയും അപ്പോസ്തോലന്മാരുടേയും വചനങ്ങളായും നമുക്ക് ദർശിക്കുവാൻ സാധിക്കും. നമ്മളിലുള്ള ചെറുതും വലുതുമായ അങ്ങനെയുള്ള സ്വഭാവങ്ങളെ പ്രതി നമുക്ക് അനുതപിക്കാം. ഇങ്ങനെയുള്ള വ്യക്തികൾക്കുവേണ്ടി പ്രാർത്ഥിക്കാം. ഇങ്ങനെയുള്ളവർപ്രതി ലോകത്തിനാകമാനം ഉണ്ടാവുന്ന പീഡകളെപ്രതി ദൈവത്തോടു പൊതുവായി മാപ്പിരക്കാം. വി. മത്തായി 23:13 ൽ പറയുന്നതുപോലെ നമ്മൾ മൂലം ആരുടെയും സ്വർഗ്ഗരാജ്യ പ്രവേശനം തടയപ്പെടാൻ ഇടയാവാതിരിക്കട്ടെ! ഒരു പക്ഷെ ദൈവം ഇല്ല അല്ലെങ്കിൽ ദൈവം ഒന്നും അറിയുന്നില്ല എന്ന മൂഢ ചിന്തയാലാവാം നമ്മൾ ഈ കാപട്യങ്ങളൊക്കെ ചെയ്യുന്നത്. ദൈവമേ, നിർമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ എന്ന് അനുതപിച്ച് നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളേയും നിർമ്മലമാക്കാം. ദൈവം എല്ലാവരിലും പരിശുദ്ധാത്മാവിനെ നിറയ്ക്കട്ടെ. ദൈവതിരുനാമം മാത്രം മഹത്വപ്പെടുമാറാകട്ടെ. ●

## ഒരുമയുടെ തീരങ്ങൾ

കെ.എം. മാനുവൽ, കളപ്പുരയ്ക്കൽ

സ്നേഹമ, തീശ്വര, സ്നേഹം! തിരയുന്നു;
സ്നേഹത്തിലൊന്നാവാൻ......മാനവനെ!
സ്നേഹിപ്പാനാദാമിനേകി, ഹവ്വായെയും;
സാത്താനിച്ഛിപ്പതോ........, വേർതിരിവും!

സമ്പൂർണ്ണ സ്നേഹിതൻ, എന്നും ലാളിപ്പവൻ;
സൃഷ്ടിയെ, ശുദ്ധിയിൽ ഓമനിപ്പോൻ!
"സാഹസമായ്....., തന്റെ സ്നേഹത്തിൽ നിന്നേകൻ";
സാഗരമാം പാപച്ചേറ്റിലായാൽ.......!

സീമന്ത പുത്രനാം, കായേനനുജനെ;
സൂക്ഷിച്ചു, രണ്ടാളൊരുമയോടെ?
സത്കർമ്മ, ശുദ്ധ ബലികളാൽ നിത്യവും;
സ്തോത്ര, സ്തുതികൾ തൻ സന്നിധിയിൽ?

സ്വർഗ്ഗരാജ്യം! സൃഷ്ട ലോകർക്കു നേടുവാൻ;
സ്നേഹ- സാമ്രാട്ടീശോ, മന്നിലെത്തി!
സത്യം, വഴി, നിത്യജീവനും കാട്ടിയാ-
സ്വർഗ്ഗരാജ്യം! മന്നിൽ, പങ്കുവച്ചു.

സത്യസഭ! ഭൂവിൽ സുസ്ഥിരമാക്കയും;
സത്-വാർത്തയിൽ, ഏകതീരം തീർത്തും!
സത്യം, സുവിശേഷ, വിശ്വാസി! നീയെങ്കിൽ;
സാധ്യമായ് തീരും നിനക്കു സർവ്വം.

●



## ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ക്നാനായ സമുദായത്തിന്റെ ഒരു കൈത്താങ്ങ്

മന്ത്രിയായതിനുശേഷം ആദ്യമായി ചിങ്ങവനം മോർ അപ്രേം സെമിനാരി സന്ദർശിച്ച ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എൻ. വാസവൻ വശം സമുദായത്തിന്റെ കൈയ്ത്താങ്ങായി 5 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി കൈമാറുന്നു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്റ്റിംഗ് ട്രസ്റ്റി ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, ഫാർമസി കോളേജ് മാനേജർ ഫാ. ജയിൻ തോമസ്, സെക്രട്ടറി പ്രൊഫ. പ്രസാദ് കോയിക്കൽ, വൈദിക ട്രസ്റ്റി ഫാ. മോനായി ഫിലിപ്പ്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, കോളേജ് ഗവേണിംഗ് ബോർഡ് അംഗം ബാബു തേക്കാട്ടിൽ, രെഞ്ചു കോഴിമറ്റം എന്നിവർ സമീപം. ബഹുമാനപ്പെട്ട മന്ത്രി ക്നാനായ സമുദായത്തിന്റെ വകയായി അപ്രേം സെമിനാരിയിൽ നടക്കുന്ന കിറ്റ് വിതരണം ഉൾപ്പെടെയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്കുള്ള ഗവൺമെന്റിന്റെ നന്ദിയും അറിയിച്ചാണ് മടങ്ങിയത്.

## ഭക്ഷ്യവസ്തു വിതരണം



ചിങ്ങവനം മോർ അപ്രേം സെമിനാരിയിലെ ക്ലിമിസ് സെന്ററിൽ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ ചുമതലയിൽ നടത്തുന്ന ഭക്ഷ്യവസ്തു വിതരണം സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിനു കിറ്റ് കൈമാറി ഉദ്ഘാടനം ചെയ്യുന്നു.

ആക്റ്റിംഗ് ട്രസ്റ്റി ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, വൈദിക ട്രസ്റ്റി ഫാ. മോനായി ഫിലിപ്പ്, വികാരി ജനറാൾ ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, സെമിനാരി മാനേജർ ഫാ. ഷിബിൻ മണിമലേത്ത്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, സാബു കണ്ണാട്ടിപ്പുഴ, അസ്സോസിയേഷൻ അംഗങ്ങളായ സിബി തോണ്ടുകുഴി, അനു കുര്യൻ പാടകശ്ശേരിൽ എന്നിവർ സമീപം.

# റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളിയുടെ
## 2021 – 2023 വർഷത്തേയ്ക്കുള്ള ഭരണസമിതി അംഗങ്ങൾ



ഇരിക്കുന്നവർ : ആൻഡ്രൂസ് എം. കെ. (ബിച്ചു) ഐക്കാട്ടുമണ്ണിൽ, ഷിബി ജോസഫ് പുരയ്ക്കൽ, ജോസ് വി. കെ. ഇടശ്ശേരിൽ വെള്ളാവൂർ (ട്രസ്റ്റി), ഫാ. രാജൻ എബ്രഹാം കുളമടയിൽ (വികാരി), പ്രസാദ് സ്റ്റീഫൻ കാവുങ്കൽ (സെക്രട്ടറി), കുര്യൻ ജേക്കബ് (തമ്പി) കുറ്റിയിൽ.

നിൽക്കുന്നവർ: തോമസ് കോടത്തുപറമ്പിൽ, അച്ചൻകുഞ്ഞ് വി.കെ. വേലുകിഴക്കേതിൽ, കുര്യാക്കോസ് ഇടിക്കുള (സണ്ണി) കുളമടയിൽ, എബ്രഹാം പി. ഷാജി (ടിങ്കു) പുല്ലംപള്ളിയിൽ, ജെവിൻ കെ. വിൽസൺ കാവുങ്കൽ, ബിബിൻ കുരുവിള കല്ലംപറമ്പിൽ, മോൻസി എബ്രഹാം പുളിമൂട്ടിൽ, എബ്രഹാം തോമസ് (രാജേഷ്) പഴയപുരയിൽ, ബെൻസി ജോർജ് പരവതോടത്തിൽ.





റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളിയുടെ വകയായി അഞ്ചുലക്ഷം രൂപ വിലയുള്ള പോർട്ടബിൾ എക്സ്റേ മെഷീൻ റാന്നി മേനാന്തോട്ടം സി. എസ്.എൽ.റ്റി.സി. ക്ക് സംഭാവന നൽകി. അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ., എക്സ്റേ മെഷീൻ ഹോസ്പിറ്റലിനു വേണ്ടി ഏറ്റുവാങ്ങുന്നു.

# വിവാഹിതരായി



കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ പാറയ്ക്കാമണ്ണിൽ മാത്യു പുന്നൂസിന്റെയും ലാലി പുന്നൂസിന്റെയും മകൻ **സിജോ പുന്നൂസും** മഴുക്കീർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ തേർവേലിൽ Late റ്റി.എ. തോമസുകുട്ടിയുടെയും അന്നമ്മ തോമസിന്റെയും മകൾ **റ്റിസി തോമസും** തമ്മിലുള്ള വിവാഹം 2021 ഏപ്രിൽ 15-ാം തീയതി അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

Advt -S

# വിവാഹിതരായി



വെച്ചൂച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ തോപ്പിൽ Reju Kurian ന്റെയും Sheena Kurian ന്റെയും മകൻ **Rainby Kurian** ഉം ഓതറ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ പള്ളിയമ്പിൽ Saju Jacob ന്റെയും Suja Jacob ന്റെയും മകൾ **Namiya Saju** ഉം തമ്മിലുള്ള വിവാഹം 26-04-2021-ൽ ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ വെരി. റവ. റോയി മാത്യൂസ് മുളമൂട്ടിൽ കോർ-എപ്പിസ്ക്കോപ്പായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -O

## ആശംസകൾ



ക്നാനായ അതിഭദ്രാസനത്തിന്റെ ഭദ്രാസന സെക്രട്ടറിയായി നിയമിതനായ

**റവ. ഫാ. ഏലിയാസ് സ്കറിയ**

ഇളവൻകുളം

## CONGRATULATIONS



Advt -O

## Dr. Linta Susan Kuriakose

JSS University –ൽ നിന്നും Doctor of Pharmacy (Post baccalaureate) ഉന്നത വിജയം കരസ്ഥമാക്കിയ Dr. Linta Susan Kuriakose. വാകത്താനം സെന്റ് സൈമൺസ് പള്ളി ഇടവകയിൽ ആനിയ്ക്കൽ റ്റിജോ തോമസിന്റെ ഭാര്യയും, ഇരവിപേരൂർ സെന്റ് മേരീസ് പള്ളി തെങ്ങേലിമണ്ണിൽ പരേതനായ റ്റി. സി. കുറിയാക്കോസിന്റെയും ശോഭന കുര്യാക്കോസിന്റെയും മകളുമാണ്.

## സപ്തതിയുടെ നിറവിൽ



**മറിയാമ്മ ഏബ്രഹാം**

പാലത്തിങ്കൽ (ചെറുതറയിൽ)

ചെറുകുളഞ്ഞി, റാന്നി

*ആശംസകൾ*

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -S

## 11 –ാം ചരമവാർഷികം

28- 06-2021 (4016 –ാം ചരമദിനം)



**ജോമോൻ ജേക്കബ്**

കുന്നുംപുറത്ത്, ചിങ്ങവനം

*ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

## ലക്ഷ്യ നിർണ്ണയത്തിന് കുട്ടികളെ എങ്ങനെ സഹായിക്കാം?

ഈ പ്രപഞ്ചത്തിലുള്ള എന്തിനെയും സ്വായത്തമാക്കാനുള്ള അവകാശം കുട്ടികൾക്കുണ്ട്. അവ എത്തിപ്പിടിക്കുവാൻ അവരെ സഹായിക്കുകയെന്ന വലിയ ഉത്തരവാദിത്വം മാതാപിതാക്കളിൽ നിക്ഷിപ്തമായിരിക്കുന്നു. അവരുടെ കഴിവുകളനുസരിച്ച് അവരെ നയിക്കുന്നതാണ് ഫലപ്രദമായ പേരന്റിംഗിന്റെ പ്രത്യേകത. നമ്മുടെ ഇഷ്ടമനുസരിച്ചല്ല കുട്ടികളുടെ നിർണ്ണയം നിർവ്വഹിക്കേണ്ടത്. അവരുടെ പ്രാപ്തി അനുസരിച്ച് അവരെ നയിക്കണം.

ബാല്യകാലത്ത് കുട്ടികളുടെ ഉപബോധമനസ്സിന്റെ ക്യാൻവാസിൽ മാതാപിതാക്കൾ വരച്ചിടുന്ന Blue print - കളാണ് പിൽക്കാലത്ത് അവർ എന്തായിത്തീരണമെന്ന് തീരുമാനിക്കുന്നത്. കുഞ്ഞുങ്ങളുടെ ഉയർച്ചയെക്കുറിച്ച് പദ്ധതി തയ്യാറാക്കുന്ന മാതാപിതാക്കൾ ആദ്യം ചെയ്യേണ്ടത് അവരുടെ ശൈശവ ദശയിൽ തന്നെ അവരുടെ ഉപബോധ മനസ്സിൽ അതിനെക്കുറിച്ചുള്ള ആശയങ്ങൾ വരച്ചിടണം.

**1. വൻ കാര്യങ്ങളെ സ്വപ്നം കാണുക**

ഇന്ത്യയുടെ പ്രസിഡന്റായിരുന്ന ഡോ.എ.പി. ജെ. അബ്ദുൾ കലാം പറയുന്നു: "Dream great things". വലിയ കാര്യങ്ങൾ സ്വപ്നം കാണുക. ഉയരുവാനും വളരുവാനും സ്വപ്നങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. മാതാപിതാക്കൾ കുട്ടികളെക്കുറിച്ച് സ്വപ്നം കാണുന്നവരായാൽ മാത്രമെ കുട്ടികളെ സ്വപ്നം കാണുന്നവരാക്കുവാൻ കഴിയു. ഉന്നതപ്രതീക്ഷകളും വലിയ ആഗ്രഹങ്ങളും കുട്ടികളിലുണ്ടാക്കുവാനുള്ള സാഹചര്യങ്ങൾ വീട്ടിൽ സൃഷ്ടിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. തന്റെ സ്വപ്നങ്ങൾ പൂവണിയുന്നതായി കുട്ടികൾ ഭാവനയിൽ കാണുവാൻ മാതാപിതാക്കളുടെ സംഭാഷണങ്ങളും പ്രവർത്തനങ്ങളും സഹായിക്കണം. സ്വപ്നങ്ങൾ മനസ്സിൽ കൊണ്ടു നടക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

മക്കൾ എന്തെങ്കിലും ആയിത്തീർന്നാൽ മതിയെന്ന മനോഭാവത്തോടെ കുട്ടികളുടെ പ്രതീക്ഷകളെ തല്ലിക്കെടുത്തുന്നവരാകരുത്. അവരെ വളരാൻ അനുവദിക്കാത്ത മാതാപിതാക്കൾ യഥാർത്ഥത്തിൽ അവരുടെ വളർച്ചയുടെ ശത്രുക്കൾ തന്നെയാണ്. ഈ പ്രപഞ്ചത്തിലെ അനന്തസാധ്യതകൾ കൈപ്പിടിയിലൊതുക്കുവാനുള്ള അവകാശവും കഴിവും കുട്ടികൾക്കുണ്ട്. പക്ഷെ മാതാപിതാക്കളുടെ വിവിധ 'No' കൾ അവരെ ബന്ധനസ്ഥരാക്കുന്നു. അവരുടെ സ്വപ്നങ്ങൾക്കുമീതെ കരിനിഴൽ വീഴ്ത്തുന്ന താക്കീതുകളും മുന്നറിയിപ്പുകളും കുട്ടികളുടെ സ്വപ്നം കാണുവാനുള്ള കഴിവുപോലും നഷ്ടമാക്കുകയാണ്.

**2. ദൃശ്യവൽക്കരണം (Visualisation)**

കുട്ടികളുടെ ആഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ കഴിവുകളെ കൂട്ടിച്ചേർത്ത് ചിട്ടപ്പെടുത്തി ഭാവിയിൽ അവർ ആരാകുമെന്നുള്ള ഒരു ബോധ്യം അവരുടെയുള്ളിൽ സൃഷ്ടിച്ചെടുക്കണം. അവരെ സഹായിക്കണം. അവരുടെ സ്വപ്നങ്ങളെക്കുറിച്ച് ചെറിയ പ്രായത്തിൽ തന്നെ വ്യക്തമായ രൂപവും ധാരണയും അവരുടെയുള്ളിൽ സൃഷ്ടിച്ചെടുക്കണം.

'അച്ചോ ഒന്നുകൂടി വിശദമാക്കാമോ?' ടോമി ചോദിച്ചു.

"അതായത് ഒരു കുഞ്ഞ് ഡോക്ടർ ആകണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ കുഞ്ഞിനെ വെള്ളക്കോട്ടും സ്റ്റെതസ്ക്കോപ്പും കഴുത്തിൽ തൂക്കി രോഗികളുടെയിടയിലൂടെ സഞ്ചരിക്കുന്നതായി ഭാവനയിൽ കാണാൻ പഠിപ്പിക്കണം. ഒരു ടീച്ചർ ആകാൻ ആഗ്രഹിക്കുന്ന കുട്ടിയെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ഒരു ടീച്ചർ ആയി താൻ മാറുന്നതായി ചിന്തിപ്പിക്കണം".



"അച്ചോ, ഒരു വൈദികനാകാൻ ആഗ്രഹിക്കുകയാണെങ്കിൽ എന്താണ് ഭാവനയിൽ കാണുന്നത്" ടോണിയുടെ വകയാണ് കമന്റ്. എല്ലാവർക്കും ചിരിക്കാൻ വകയായി. അച്ചനും ചിരിച്ചുകൊണ്ടാണ് മറുപടി പറഞ്ഞത്.

''അത് ടോണിയുടെ കാര്യത്തിലാണെങ്കിൽ തീറ്റയും ഉറക്കവുമായി നടക്കുന്ന ആളായിട്ട് ഭാവനയിൽ കണ്ടാൽ മതി. എന്നാൽ ശരിക്കും ഒരു കുഞ്ഞ് വൈദികനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കാപ്പധരിച്ച് വി. കുർബ്ബാന ചൊല്ലുന്നതും പ്രസംഗിക്കുന്നതും ഭവനസന്ദർശനം നടത്തുന്നതും ഭാവനയിൽ കാണാൻ പഠിപ്പിക്കണം".

"നിങ്ങളുടെ ലക്ഷ്യം വ്യക്തവും ദൃഢവുമാണെങ്കിൽ നിങ്ങളുടെ ആഗഹം സാധിക്കുവാൻ പ്രകൃതിയും ചറ്റുപാടുകളും ഒപ്പമുണ്ടാകും" (പൗലോ കൊയ്ലോ).

"എന്റെ ചെറിയ പ്രായത്തിൽ എന്റെ അമ്മ എന്നോട് എപ്പോഴും പറയുമായിരുന്നു നീയൊരു വൈദികനായിക്കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാലങ്ങൾക്കുശേഷം അത് യാഥാർത്ഥ്യമായി. എന്റെ അമ്മ എന്റെ മനസ്സിൽ പകർന്നുതന്ന ആശയമാണത്". അച്ചൻ പറഞ്ഞു.

നിങ്ങൾ ആരായിത്തീരണം എന്തായിത്തീരണം എന്നതിനെക്കുറിച്ച് പൂർണ്ണവും വ്യക്തവുമായ ഒരു ദൃശ്യം മനസ്സിലുണ്ടെങ്കിൽ കുറെക്കാലം കഴിയുമ്പോൾ നിങ്ങൾ അതായിത്തീരുമെന്നത് മനഃശാസ്ത്രതത്വമാണ്. ആയതിനാൽ ആഗ്രഹങ്ങളെ ദൃശ്യവൽക്കരിക്കുക.

സ്വപ്നം കണ്ടും ദൃശ്യവൽക്കരിച്ചും നിങ്ങളുടെ മക്കളുടെ ആഗ്രഹങ്ങളെ സഫലമാക്കണം. ബാല്യകാലത്ത് കുട്ടികളുടെ മനസ്സിൽ അരുതുകളുടെയും അസാധ്യതകളുടെയും ചങ്ങലകൾ ഇടരുത്. അങ്ങനെയായാൽ വലിയ കഴിവുകളുള്ളവർ കഴിവുകെട്ടവരുടെയിൽ വളർന്ന് കഴിവില്ലാത്തവരാകും. കോഴിക്കുഞ്ഞുങ്ങളോടൊപ്പം പരുന്തുംകുഞ്ഞ് വളർന്നാൽ അത് വലിയതായാലും ഉയരങ്ങളിൽ പറക്കാൻ ശ്രമിക്കാതെ കോഴിയെപ്പോലെ ചികഞ്ഞ് തിന്നാനായിരിക്കും ആഗ്രഹിക്കുക.

ആയതിനാൽ നിങ്ങളുടെ മക്കളുടെ നല്ല വഴികാട്ടികളാകുവാൻ നിങ്ങൾ ശ്രമിക്കണം. ലക്ഷ്യനിർണ്ണയത്തിന് സഹായിക്കുന്ന മാതാപിതാക്കൾ ഉയരങ്ങളിലേയ്ക്ക് അവരുടെ മക്കളെ കൈപിടിച്ചു നടത്തും.

**3. ഉന്നത ലക്ഷ്യങ്ങൾ**

കുഞ്ഞുങ്ങളുടെ മനസ്സിൽ ഉന്നത ലക്ഷ്യങ്ങളെ നൽകുന്നത് ഫലപ്രദമായ പേരന്റിംഗിന്റെ സവിശേഷതയാണ്. എന്നാൽ പല മാതാപിതാക്കളും ഇങ്ങനെയുള്ളവരാകണമെന്നില്ല. അവർക്ക് മക്കൾ പട്ടിണിയില്ലാതെ കഴിഞ്ഞുകൂടിയാൽ മതി. എത്രയോ ഉന്നതങ്ങളിൽ എത്തിച്ചേരേണ്ട കുഞ്ഞുങ്ങളുടെ സ്വപ്നങ്ങളെ തല്ലിക്കെടുത്തി അവരെ എവിടെയെങ്കിലും എത്തിച്ച് തങ്ങളുടെ ഉത്തരവാദിത്വം പൂർത്തീകരിക്കുന്ന മാതാപിതാക്കൾ നമുക്കു ചുറ്റുമുണ്ട്. ഒരു കാലത്ത് നേഴ്സിംഗ് എല്ലാവരുടെയും സ്വപ്നമായിരുന്നു. നേഴ്സായി കഴിഞ്ഞാൽ വിദേശത്തെത്താമെന്ന മോഹത്താൽ ഉന്നതങ്ങളിൽ എത്തേണ്ട എത്രയോ കുട്ടികൾ നേഴ്സിംഗുകൊണ്ട് ഒതുങ്ങിപ്പോയി.

"ശരിയാണച്ചോ. സച്ചിൻ തെണ്ടുൽക്കർ നമ്മുടെയിടയിലാണ് ജനിച്ചിരുന്നതെങ്കിൽ നമ്മൾ അദ്ദേഹത്തെ നേഴ്സിംഗിനു വിട്ടേനെ".

ടോണിയുടെ പടക്കം ശരിക്കും പൊട്ടി. ഒരു കൂട്ടച്ചിരിയായിരുന്നു മറുപടി.

ടോണി പറഞ്ഞത് ശരിയാണ്. ഉന്നത ലക്ഷ്യങ്ങൾ കൈവശമില്ലാത്തവർ ഇങ്ങനെയൊക്കെ ചെയ്തിട്ടുണ്ട്. ഏകദേശം 70 വയസ്സുള്ള ഒരു ആന്റി പറഞ്ഞു.

"അച്ചോ, ഞാൻ S.S.L.C. പാസ്സായപ്പോൾ ഞാനും എന്റെ കൂട്ടുകാരിയും നേഴ്സിംഗിന് പോകാൻ ആപ്ലിക്കേഷൻ ഫോം വാങ്ങി. എന്റെ മൂത്ത ആങ്ങള സമ്മതിച്ചില്ല. അദ്ദേഹം പറയുന്നത് കേരളത്തിനു വെളിയിൽ പോയി പഠിച്ചാൽ പിഴച്ചു പോകുമെന്ന്.ഞാൻ ഒത്തിരി കരഞ്ഞു. എന്റെ കൂട്ടുകാരി അവൾ ഇപ്പോൾ അമേരിക്കയിൽ ആണ്. നേഴ്സിംഗ് ജോലി കഴിഞ്ഞ് വിശ്രമജീവിതം നയിക്കുന്നു".

ആ സഹോദരിയുടെ സങ്കടം ഒന്നോർത്തു നോക്കിക്കെ. അവരുടെ സഹോദരനെപ്പോലെ വികലമായ കാഴ്ചപ്പാടുകൾ ഉള്ള അനേകർ നമുക്കു ചുറ്റുമുണ്ട്. സഹോദരനോട് മല്ലിടുവാൻ പ്രാപ്തിയില്ലാത്ത ആ സഹോദരി ഒരു വീട്ടമ്മയായി തന്റെ സ്വകാര്യദുഃഖം ഉള്ളിലൊതുക്കി കഴിയുന്നു.

നല്ല മാതാപിതാക്കൾ മക്കളെക്കുറിച്ച് നല്ല സ്വപ്നങ്ങൾ കാണുന്നു. അവരുടെ ഉന്നത ലക്ഷ്യങ്ങളിലേയ്ക്ക് കുഞ്ഞുങ്ങളുടെ കൈപിടിച്ച് നടത്തും. മക്കൾ അതിനെക്കാൾ ഉന്നതങ്ങളിലേയ്ക്ക് പടികൾ ചവിട്ടിക്കയറും. മക്കളുടെ അഭിരുചിയും (Taste) കഴിവും (Talent) മനസ്സിലാക്കി മക്കളുടെ ഉള്ളിൽ ഉന്നത ലക്ഷ്യങ്ങളെ വരച്ചിടും. അവരുടെ മനസ്സിൽ സംശയങ്ങളുണ്ടായാലും "Yes,Yes can" എന്നു പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കണം. എന്നാൽ അവരുടെ കഴിവുകൾക്ക് അതീതമായി ബന്ധപ്പെടുത്തരുത്. അവരുടെ പരിധികളും പരിമിതികളും തിരിച്ചറിഞ്ഞുവേണം ലക്ഷ്യങ്ങൾ നിർണ്ണയിക്കുവാൻ. മാതാപിതാക്കളുടെ ഇഷ്ടമനുസരിച്ചല്ല; കുട്ടികളുടെ ഇഷ്ടമനുസരിച്ച് വേണം ലക്ഷ്യം നിർണ്ണയിക്കുവാൻ.

'സ്ഫടികം' സിനിമയിലെ ആടുതോമായുടെ പിതാവ് ചാക്കോ മാഷിനെ പരിചയമുണ്ടല്ലോ. അങ്ങനെ ആകരുത്. അമിത പ്രതീക്ഷ പാടില്ല.

നാം മക്കളുടെ മുമ്പിൽ തുറന്നു കാട്ടുന്ന വഴികൾ ഉന്നത ലക്ഷ്യങ്ങളിലേയ്ക്കുള്ള മാർഗ്ഗങ്ങൾ ആയിരിക്കണം.

"ചില മാതാപിതാക്കൾ പറയും ഞങ്ങളുടെ കൊച്ചിന് വലിയ കഴിവുകൾ ഒന്നുമില്ല. എങ്ങനെയെങ്കിലും ഒരു ജോലി കിട്ടി ജീവിച്ചുപോയാൽ മതി. സർക്കാർ ജോലി കിട്ടിയാൽ ഏറെ സന്തോഷം. ഗൾഫിലോ, അമേരിക്കയിലോ പോയാൽ അവന്റെ ഭാഗ്യം എന്നു പറയും.

ഇത്തരം തെറ്റായ ധാരണകൾ മക്കളുടെ ഉള്ളിൽ കൊടു

# സോളമൻ (ശലോമോൻ)

ജയിനമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

ഈശന് മുന്നോടിയായിക്കൊണ്ട്
ദാവീദിൻ പുത്രനാം സോളമനെ
കോവർ കഴുതമേലേറ്റിക്കൊണ്ട്
യിസ്രായേൽ രാജാവായി വാഴിച്ചല്ലോ
യേരുശലേം ദൈവാലയ യാത്രയ്ക്കായി
കോവർ കഴുതമേലേറിയ ഈശനെ
കയ്യിൽ കുരുത്തോല ഏന്തിക്കൊണ്ട്
ബാലകവൃന്ദം ഓശാന പാടി
യിസ്രായേൽ രാജാവാം സോളമനോ
താതന്റെ ആജ്ഞ ശിരസ്സിലേറ്റി
ശത്രുസംഹാരം നടത്തിക്കൊണ്ട്
രാജ്യഭരണം ഏറ്റെടുത്തു.
രാജാധിരാജനാം കർത്തനേശു
ജീവൻ ബലിയായി നൽകിക്കൊണ്ട്
താതന്റെ വലഭാഗേ ചേർന്നിരുന്നു
മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.
അരചന്റെ ശേഷം രണ്ടാം സ്ഥാനം
രാജമാതാവിൻ ആയിടുന്നു
സോളമൻ, തന്നുടെ മാതാവിനെ
വലഭാഗേ ചേർത്തു വണങ്ങിയല്ലോ
പരിശുദ്ധ അമ്മേടെ ഇരിപ്പിടമോ
ഈശന്റെ വലഭാഗേ ആയിടുന്നു
വലഭാഗേ ചേർന്നിരുന്നു കൊണ്ട്
മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ആയിരം യാഗം അർപ്പിച്ച മന്നന്റെ
മുമ്പാകെ ഈശൻ ഇറങ്ങി വന്നു
ലോകത്താർക്കും കൊടുത്തിടാതെ
ജ്ഞാനം കൊണ്ടു നിറച്ചുവല്ലോ
വാക്യം രചിച്ചും ഗീതം രചിച്ചും
ഈശനെ സ്നേഹിച്ച മന്നന്റെ ഹൃത്തിൽ
അധികാര മോഹം ഇരച്ചു കേറി
അഴിഞ്ഞാടി രാജ്യം ഭരിച്ചുവല്ലോ
അന്യദേശത്തവകാശം കിട്ടാൻ
വിജാതിയ സ്ത്രീകളെ വേളി കഴിച്ചു
പൂജാഗിരികൾ പണിതുകൊണ്ട്
അന്യദേവനെ പൂജിച്ചുവല്ലോ
യിസ്രായേൽ ഗോത്രം മുടിപ്പിക്കുമെന്ന
ഈശന്റെ കോപം ഏറ്റു വാങ്ങി
രാജഭൃത്യനോടേറ്റു മുട്ടി
രാജ്യം രണ്ടായി പിളർന്നുവല്ലോ
പത്തു ഗോത്രം ചേർത്തു പിടിച്ചു
ഭൃത്യൻ രാജ്യം ഭരിച്ചുവല്ലോ
ഒന്നാം പ്രമാണം തെറ്റിച്ചുകൊണ്ട്
യിസ്രായേൽ ഗോത്രം നശിച്ചുവല്ലോ
ഇന്നു നിലവിലുള്ള ഗോത്രം
യഹൂദാ ഗോത്രം ആയിടുന്നു
പത്തു ഗോത്രം എവിടെയാണെന്നത്
ലോകത്താർക്കും അറിവില്ല പോലും.

ക്കരുത്. വളരുവാനും ഉയരുവാനുമുള്ള തൃഷ്ണ അവരുടെ ഉള്ളിൽ ജനിപ്പിക്കണം. അല്ലെങ്കിൽ കിട്ടുന്ന ജോലി കൊണ്ട് അവർ തൃപ്തിപ്പെടുകയും അതിൽ ചടഞ്ഞുകൂടുകയും ചെയ്യും. എന്റെയൊരു വ്യക്തിപരമായ അനുഭവം പറയാം.

"ഞാനൊരു ഇടവകയിൽ ഭവനസന്ദർശനം നടത്തിയ കാലം. വളരെ നാളുകൾക്ക് മുമ്പാണ്. S.S.L.C യ്ക്കും Pre - Degree യ്ക്കും High distincition കിട്ടിയ ഒരു പെൺകുട്ടി, Medical Entrance ന് ആവശ്യത്തിനുള്ള റാങ്ക് ലഭിച്ചില്ല. B.Sc Nursing ന് പോകാൻ തീരുമാനിച്ചിരിക്കയാണ്. Entrance repeat ചെയ്യുവാൻ ഞാൻ ഉപദേശിച്ചപ്പോൾ അവളുടെ അമ്മ പറഞ്ഞു ഒരു വർഷത്തെ കോച്ചിംഗ് കഴിഞ്ഞ് അഡ്മിഷൻ ലഭിക്കാതെ പോയാൽ ഒരു വർഷം പോകില്ലേ. ഞാൻ അവരെ ധൈര്യപ്പെടുത്തി. എന്റെ നിർബന്ധത്തിന് Entrance പരീക്ഷ repeat ചെയ്തു. ദൈവകൃപയാൽ 500 ൽ താഴെ Rank ലഭിച്ചു. ഇന്നവൾ M.B.B.S ഉം M.D. യും കഴിഞ്ഞ് ഗവൺമെന്റ് സർവ്വീസിൽ ഡോക്ടർ സേവനം ചെയ്തുകൊണ്ടിരിക്കുന്നു.

ഇതുപോലെ പ്രോത്സാഹനം ആവശ്യമായ എത്രയോ പേർ നമുക്കുചുറ്റും ഉണ്ട്. അതിനാൽ ഉന്നത ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും അതിലേയ്ക്ക് മക്കളെ നയിക്കുകയും ചെയ്യുക എന്നത് നല്ല മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

സമയം ഏറെ കഴിഞ്ഞിരിക്കുന്നു. ഉച്ചയൂണിന് സമയമായി. ശെമ്മാശനെ നമ്മുടെ കുട്ടികൾ ഒരു കരയ്ക്കെത്തിച്ചുകാണും. ഏതായാലും ഉച്ചകഴിഞ്ഞ് കുട്ടികൾക്ക് കളിക്കാനായി അവരെ ഫ്രീ ആയിട്ട് വിടാം. ഈ മതിൽക്കെട്ടിന് വെളിയിൽ പോകുമെന്ന് ഭയപ്പെടേണ്ടതില്ല. ഊണ് കഴിഞ്ഞുള്ള സെക്ഷനിൽ Dr. Ashish ഉം ജോയിൻ ചെയ്യുന്നുണ്ട്. അപ്പോൾ എല്ലാവരും മെസ് ഹാളിലേയ്ക്ക് പോകുകയല്ലെ. Lunch ready.

"അങ്ങനെ സന്തോഷമുള്ള കാര്യങ്ങൾ പറയണം അച്ചോ". ടോണിയുടെ കമന്റ് 'ഭക്ഷണം ടോണിയുടെ വീക്ക്നസ് ആണെന്ന് ആർക്കാ അറിഞ്ഞു കൂടാത്തത്.

ജോജോയുടെ കമന്റ് എല്ലാവരെയും ചിരിപ്പിച്ചു.

(തുടരും)

# ചില കരിയർ ഗൈഡൻസ് പാഠങ്ങൾ



സുനിൽ ഡി. കുരുവിള

In a world deluged by irrelevant information, clarity is power"

**പാഠം ഒന്ന്**

ഇന്ന് ഗൾഫിൽ നിന്ന് ഒരു പേരന്റ് വിളിച്ചു മകൻ വെറ്റിനറി ആണ് പഠിക്കാൻ ആഗ്രഹിക്കുന്നത്. കിട്ടിയില്ലെങ്കിൽ Zoology എടുത്ത് പഠിച്ചാൽ നല്ലതാണോ? What about repeating entrance? Genetics ആണോ Biotechnology ആണോ സ്പെഷൈലൈസേഷനാണോ നല്ലതു. അതോ മൈക്രോ ബയോളജി ആണോ?

ആദ്യം തന്നെ നമ്മുടെ ലക്ഷ്യം ഒരു ഡിഗ്രി ആണോ? അതു കഴിഞ്ഞു തുടർപഠനം വേണോ? ഏതെങ്കിലും പ്രത്യേക ലക്ഷ്യം മുന്നിൽ കണ്ടാണോ പോകുന്നത്? എന്നുള്ള കാര്യങ്ങൾ തീരുമാനിക്കണം. ജോലിയാണ് ലക്ഷ്യമെങ്കിൽ ഏറ്റവും മൂല്യമുള്ള കോളേജുകളിൽ പഠിക്കണം. കാരണം എവിടെയൊക്കെയാണ് മികച്ച സ്ഥാപനങ്ങൾ ഒക്കെ ഉദ്യോഗാർത്ഥികളെ തേടി വരുന്നത്. അത്തരം കോളജുകൾ ഒക്കെ നല്ല ജോലി jobs kill പരിശീലനങ്ങളും ഒക്കെ നൽകിയേക്കാം.

ഇനി ഉന്നത പഠനമാണ് ലക്ഷ്യമെങ്കിൽ നല്ല കോളജ് തന്നെ ലക്ഷ്യമാക്കുക. എന്താണ് ഡിഗ്രിയുടെ Specialisation എന്നതൊന്നും ആരും നോക്കില്ല. Basic subject ആണ് പ്രധാനം. ഉദാഹരണത്തിന് B.Sc Zoology ആണോ ബോട്ടണിയാണോ എന്ന് മാത്രമേ നോക്കുകയുള്ളൂ. ഇനി എന്തെങ്കിലും പ്രത്യേക ലക്ഷ്യം ഉണ്ട് എന്ന് കരുതുക. For example. TISS അല്ലെങ്കിൽ IISc Bangalore ഉപരിപഠനം നടത്തണം, അല്ലെങ്കിൽ ഒരു Indian forest service ൽ ജോയിന്റ് ചെയ്യണം. Or you need to clear NET? ഇവിടെയെല്ലാം ഏറ്റവും നല്ല കോളജിൽ പഠിക്കാൻ ശ്രമിക്കുക. നമ്മുടെ തുടർലക്ഷ്യങ്ങൾ അനുസരിച്ച് നന്നായി കരിയർ പ്ലാൻ ചെയ്യുക. Campus ലെ എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തി മികച്ച വ്യക്തിത്വവും നേതൃഗുണവും പഠന മികവും ഒക്കെ നേടിയെടുക്കുക. മികച്ച ഒരു Campus നിങ്ങളെ മികച്ച കാഴ്ചപ്പാടിലേയ്ക്ക് നയിക്കും, സംശയമില്ല. പറഞ്ഞുവന്നത് 'ഞെട്ടിപ്പിക്കുന്ന' ചില 'Specialisation' ഒക്കെ കാണിച്ചു ചില നിലവാരം കുറഞ്ഞ Institution നിങ്ങളെ ആകർഷിക്കാൻ ശ്രമിക്കും. അതൊരു 'ട്രാപ്പ്' ആണ്. ഡിഗ്രിതലത്തിൽ specialisation നേക്കാൾ പ്രധാനം കോളേജിന്റെ നിലവാരമാണ്. വലിയ പരസ്യവും Google ഉം Building ഉം ഒന്നും നിലവാരമാണ് എന്ന് തെറ്റിദ്ധരിക്കരുത്.

മാത്രവുമല്ല ബേസിക് കോഴ്സുകളിൽ നിന്ന് ഏതു മേഖലയിലേയ്ക്കും നിങ്ങൾക്ക് പിന്നീട് ഉപരിപഠനത്തിന് പോകാനുള്ള അവസരവും ലഭിക്കും. എന്താണ് ഒരു നല്ല കോളേജ്, നല്ല കോഴ്സ്, എങ്ങനെ കരിയർ നന്നായി പ്ലാൻ ചെയ്യണം- ഈ കാര്യത്തിലൊക്കെ ഒരു മികച്ച കരിയർ ഗൈഡൻസ് സഹായിക്കും.

**പാഠം രണ്ട്**

ഇന്ന് എന്റെ Psychologist ആയ ഒരു സുഹൃത്ത് രാവിലെ വിളിച്ചു, 'പല കുട്ടികളും ഏവിയേഷൻ പഠിക്കണം എന്ന് പറയുന്നു..'' ഈ മേഖലയെക്കുറിച്ച് ഒന്ന് അറിഞ്ഞാൽ കൊള്ളാം. ഭാവിക്കു 'ചിറകു' തേടി Aviation രംഗത്തേക്ക് പോകാൻ ആഗ്രഹിക്കുന്നവരോട്... വലിയ ആകർഷകമായ Advertisment ഉം canvassing' ഒക്കെ ശക്തമായി ഉപയോഗിച്ച് കുട്ടികളെ ആകർഷിക്കുന്ന ഒരു മേഖലയാണ് Aviation. എന്നാൽ കുട്ടികൾ മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ:

എന്തെല്ലാമാണ് ഈ രംഗത്തെ തൊഴിൽ അവസരങ്ങൾ? എന്തെല്ലാം കഴിവുകളും നൈപുണ്യങ്ങളും ആണ് ഓരോ ജോലിക്കും ആവശ്യം? ഈ രംഗത്ത് ഒരു കരിയർ ഉണ്ടാക്കണമെങ്കിൽ എങ്ങനെ പ്ലാൻ ചെയ്യണം?

അമിതമായ തൊഴിൽ അവസരങ്ങൾ ഒന്നും നിലവിൽ ഇല്ല. കോവിഡ് ഈ രംഗത്തൊക്കെ വലിയ തകർച്ചയാണ് വരുത്തിയിരിക്കുന്നത്. എല്ലാം പഴയപോലെ നേരെയാകാൻ ഒന്നും രണ്ടും വർഷങ്ങൾ എടുത്തേക്കാം. കോവിഡിനു ശേഷം എന്ത് എങ്ങനെ എന്നൊന്നും ആർക്കും വ്യക്തമായ ഒരു രൂപവും ഇപ്പോൾ ഇല്ല.

* ആകർഷകമായ വ്യക്തിത്വം, ഇംഗ്ലീഷ് ഹിന്ദി ഭാഷകളിലെ പ്രാവീണ്യം (മറ്റുഭാഷകൾ അറിയാമെങ്കിൽ കൂടുതൽ അഭികാമ്യം)

*മികച്ച ആശയ വിനിമയപാടവം

*നല്ല manners, service attitude

* നല്ല ആരോഗ്യം

ഒക്കെ ഈ രംഗത്തേയ്ക്ക് വരുന്നവർക്ക് തൊഴിൽ ലഭിക്കണമെങ്കിൽ അനിവാര്യമാണ്. ഒരു ബിരുദമുള്ളത് നല്ലത്. ഈ രംഗത്തുള്ള പല കോഴ്സുകളും അംഗീകാരമോ നിലവാരമോ ഇല്ലാത്തതാണ്. പല Institution ഉം 'പുറംമോടി' മാത്രമേയുള്ളൂ. രാജ്യാന്തര നിലവാരമുള്ള training ഉം exposure ഉം ഒക്കെ ലഭിച്ചാലേ നല്ല ജോലിയ്ക്കൊക്കെ സാധ്യതയുള്ളൂ. പല കുട്ടികളും ഈ രംഗത്തൊക്കെ പഠിച്ചു നിരാശരായി കഴിയുന്നു. ഓരോ കുട്ടികളും അവരവരുടെ കഴിവും അഭിരുചിയും ഒക്കെ മനസ്സിലാക്കി മാത്രം കോഴ്സുകൾ– മേഖലകൾ തിരഞ്ഞെടുക്കുക. 'മിന്നുന്നതെല്ലാം പൊന്നല്ല' നല്ല Institution കളിൽ പഠിക്കുക എന്നുള്ളത് ഏറ്റവും important ആണ്. നന്നായി തിരക്കി അറിയുക. നൈപുണ്യങ്ങൾ ഉണ്ടെങ്കിൽ ഒരു ബിരുദം തന്നെ ഈ രംഗത്ത് ജോലി ലഭിക്കാൻ നല്ല യോഗ്യതയാണ്. സ്വപ്നങ്ങൾ വേണം....... അതിനു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങൾ കൂടി മനസ്സിലാക്കി മുമ്പോട്ടു പോവുക. പേടിക്കേണ്ട! ജാഗ്രത മതി. ആശംസ

കൾ.

**പാഠം മൂന്ന്**

"Questions you cannot answer are usually far better for you than answers you cannot question"

പ്രതിഭാശാലിയായിരുന്നു താര, എല്ലാവരും പറഞ്ഞു, "അവൾ ഒരു ഭാവി ഐ. എ. എസ്. ആണ്". അവളും അതു വിശ്വസിച്ചു. അങ്ങനെ സിവിൽ സർവ്വീസ് പരിശീലനവും പഠനവും കുട്ടിക്കാലത്തെ ആരംഭിച്ചു. രണ്ടാം ഊഴം ഫൈനൽ പരീക്ഷ പാസ്സായി. ഇന്റർവ്യൂവിൽ തിളങ്ങാനായില്ല. വീണ്ടും പരീക്ഷ എഴുതി. കിട്ടിയില്ല. ഹിസ്റ്ററിയിൽ ഉയർന്ന മാർക്കോടെ Post graduation ഉണ്ട്. 29 വയസ്സായി. രണ്ടാമതൊരു കരിയർ ഓപ്ഷൻ ആലോചിച്ചുമില്ല. കടുത്ത നിരാശ. ഒരു പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉണ്ട്. ജോലി എന്ന് ലഭിക്കും എന്നറിയില്ല. "ഒരു കാലത്ത് ഞാൻ വലിയ മിടുക്കിയായിരുന്നു... ഇന്ന് എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ടിരിക്കുന്നു...

"Whenever you plan for a tall career, it's prudent to plan a fall back option".

**പാഠം നാല്**

അവൻ വളരെ മിടുക്കൻ ആയതുകൊണ്ടാണ് Medical Entrance coaching ന് വിട്ടത്. പഠിക്കാൻ മിടുക്കുള്ളവർ എല്ലാം ഡോക്ടറാവണം എന്നില്ല. നല്ല ഡോക്ടർ ആകാൻ ആ രംഗത്ത് വിജയിക്കാൻ വേണ്ട നൈപുണ്യങ്ങൾ, അഭിരുചി ഒക്കെ നേടേണ്ടതുണ്ട്. പഠിക്കാൻ പോകുന്ന വ്യക്തിയുടെ താൽപര്യം വലിയ ഘടകമാണ്. പല കുട്ടികളും ഇതൊരു സേവനരംഗം ആണ് എന്ന് തിരിച്ചറിയാതെയാണ് ഈ രംഗത്തേക്ക് കടന്നു വരുന്നത്.

കണക്കിന് വലിയ മിടുക്കിയാണ് അവൾ, അതുകൊണ്ടാണ് Engineering നു വിട്ടത്. കണക്കിന് മിടുക്കുള്ള എല്ലാവരും Engineer ആകേണ്ട. വൃത്തികേടായിരിക്കും.!

അവൻ വലിയ ആർട്ടിസ്റ്റ് ആണ്... അങ്ങനെയാണ് Architecture തിരഞ്ഞെടുത്തത്. Architecture ഒക്കെ നല്ല കോളജിൽ പഠിക്കണം. കലയും സയൻസും ഒരുപോലെ കൂടിച്ചേരണം.

MBA യ്ക്ക് അഡ്മിഷൻ കിട്ടിയപ്പോൾ പിന്നെ വേറൊന്നും നോക്കിയില്ല. നിലവാരമില്ലാത്ത Institution MBA പഠിച്ചാൽ തൊഴിലില്ലായ്മയാകും ഫലം.

CA യ്ക്കു സ്കോപ്പ് ഉണ്ടെന്നു പറഞ്ഞാണ് അതിനു പോയത്. ഇപ്പോൾ അവൻ വലിയ ദുഃഖത്തിൽ ആണ്. CA പോലുള്ള കോഴ്സുകൾ പഠിക്കാൻ പോകും മുമ്പ് അതിന്റെ പഠന രീതി, ജയസാധ്യത, ആവശ്യമായ നൈപുണ്യങ്ങൾ Competency ഒക്കെ മനസ്സിലാക്കിയിട്ടു പോകുക.

കുട്ടികളുടെ പഠനമികവ് കരിയർ മേഖല തിരഞ്ഞെടുക്കുന്നതിന്റെ രീതി വലിയ factor തന്നെയാണ്.... സംശയമില്ല. എന്നാൽ അതോടൊപ്പം അവരുടെ മനോഭാവവും വ്യക്തിത്വവും നൈപുണ്യങ്ങളും ഒക്കെ തിരഞ്ഞെടുക്കുന്ന മേഖലയ്ക്ക് ചേർന്നതാണോ എന്ന് പരിശോധിക്കണം. മറ്റ് അർത്ഥവത്തായ മേഖലകൾ ഉണ്ടോ? ഈ രംഗം എന്തെല്ലാം തൊഴിൽ മേഖലയിലേയ്ക്ക് നയിക്കുന്നു? ഉദാ. സുവോളജി ബിരുദത്തിനു തിരഞ്ഞെടുത്താൽ ആ പഠനം ഏതെല്ലാം മേഖലയിലേയ്ക്കൊക്കെ വഴി തുറക്കാം?

തൊഴിൽ രംഗത്തെ വെല്ലുവിളികൾ എന്തെല്ലാം ആയിരിക്കും? എന്തെല്ലാം നൈപുണ്യങ്ങൾ ആണ് ഓരോ തൊഴിൽ രംഗത്തും അനിവാര്യമാകുന്നത്? ഒക്കെ ഗൗരവമായി പരിശോധിക്കാം.

ഇവിടെയാണ് കരിയർ ഗൈഡൻസ് സാമൂഹിക പുരോഗമനത്തിൽ, രാജ്യനിർമ്മാണത്തിൽ വലിയ പങ്കുവഹിക്കുന്നത്. വിദ്യാർത്ഥികൾക്ക്, യുവതയ്ക്ക്സമൂഹത്തിനു നൽകാൻ കഴിയുന്ന ഏറ്റവും അർത്ഥവത്തായ പ്രവർത്തനമാണ് നല്ലതും ഉന്നതവുമായ കരിയർ ഗൈഡൻസ്.

"Good guidance enhances confidence clarity and vision; I mean good guidance!".

*(ലേഖകൻ ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും പ്രമുഖ കൗൺസിലറും പരിശീലകനുമാണ്)*

●

# അമ്മയ്ക്കൊരുമ്മ

**ബിജു ഇ. പി.**

മക്കളെ മാറോട് അണയ്ക്കുന്ന
മാതാവിൻ വാത്സല്യത്തിന്
മാറ്റുരയ്ക്കാൻ ആവില്ല
മറ്റൊന്നിനും ഇക്ഷിതിയിൽ
സഹനത്തിൽ സാന്ദ്രമായി, ത്യാഗ-
സ്വരൂപിണിയായ് എന്നും എന്റെ അമ്മ
നിർമ്മല സ്നേഹത്തിൽ നിരുപാധികം
നിലനിന്നു പോന്നു തൻ സദനത്തിനായി..
കാലത്തു പോയ താതനെ ആധിയാൽ
കാത്തിരിക്കും ഉമ്മറപടിമേൽ
കലപില കൂട്ടും മക്കൾക്ക്
കാതലായിട്ടെന്തെങ്കിലും നൽകിടാൻ
വേർതിരിവില്ലാതെ വിളമ്പിടുമ്പോഴും
മക്കളെ പെറ്റോരു വറ്റിയ വയറു
മുറുക്കിയുടുത്ത് താതന്റെ
ബാക്കി വറ്റിനായ് കാത്തിരിക്കും അമ്മ.
പരിഭവം തെല്ലുമശേഷമില്ലാതെ
പാത്രങ്ങൾ കഴുകി മിനുക്കിടുമ്പോൾ
ഉള്ളിൽ വിങ്ങും ഇനിയും നാളെ എന്തെ
ന്നുള്ളൊരു അന്തം വിട്ട ചോദ്യവുമായി.
പുലരിയിൽ മുറ്റമടിച്ച് തുടങ്ങുന്ന വേല
യാമത്തിൽ തീരുമ്പോൾ കൂലിയുമില്ല.
കൂടെ കാലിക്കുള്ള കാടിയുമേകണം, പിന്നെ
കാലത്തേയ്ക്കുള്ളത് കാലമാക്കിടേണം.
മറ്റൊരു വേളയിൽ മുത്തശ്ശിയായി തൻ
പേരക്കിടാങ്ങളെ മാറോട് അണച്ചു തായ-
തൻ മക്കൾക്ക് തുണയേകി സാന്ത്വനമായി
മാനസം നിറയെ മറ്റൊന്നുമില്ലാതെ
ചാരത്ത് അണഞ്ഞിടും ഞാൻ
എന്റമ്മ തൻ രോഗശയ്യയിൽ
വിറയാർന്ന വിരലുകൾ എൻ മൂർദ്ധാവിൽ
തലോടുമ്പോൾ നിറയും നയനങ്ങൾ കണ്ടു.. ഞാൻ
യാത്ര ചൊല്ലും മുമ്പേ ഒരു നാൾ അമ്മ തൻ
കൂടെപിറപ്പും, കൂട്ടരെയെല്ലാം കൂടെയിരുന്ന്
കുശലം ചൊല്ലി, കെട്ടിപ്പുണർന്നുരുമ്മയും ഏകി
യാത്രയായി എന്നെന്നെയ്ക്കും എന്റെയമ്മ.

●



# ഏവൻഗേലിയോൻ ദീപം

ഫാ. ബിനോജ് കുറിയാക്കോസ്, തുണ്ടിയിൽ
(വികാരി. സെന്റ്മേരീസ് ക്നാനായപള്ളി വെള്ളൂത്തുരുത്തി

## പെന്തിക്കോസ്തിക്ക് ശേഷം നാലാം ഞായർ (മത്താ. 14:14-23, 20-06-2021)

യേശു തമ്പുരാൻ അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരത്തിലധികം പുരുഷാരത്തെ തൃപ്തിപ്പെടുത്തുന്ന അത്ഭുത സംഭവം. നാല് സുവിശേഷങ്ങളിലും രേഖപ്പെടുത്തിരിയിരിക്കുന്നു ഈ അത്ഭുതം. തന്റെ പ്രസംഗം കേൾക്കുവാൻ വന്നവർക്ക് വിശപ്പടക്കുവാൻ അവരെ പറഞ്ഞയക്കണം എന്ന് ശിഷ്യന്മാരുടെ ആവശ്യത്തിന് യേശു പറയുന്ന മറുപടി "നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ"

ആത്മീക ഭക്ഷണം മാത്രമല്ല, ഭൗതിക ഭക്ഷണംകൂടി യേശു വാഴ്ത്തി അനുഗ്രഹിച്ചു ശിഷ്യന്മാരിലൂടെ നൽകുകയാണ്. ആകെയുണ്ടായിരുന്ന അല്പത്തെ ദൈവസന്നിധിയിൽ സമർപ്പിച്ച് ശിഷ്യന്മാർ അതിശയ സംഭവത്തിന് സാക്ഷികൾ ആവുകയും അതെ ശിഷ്യന്മാർ തന്നെ ജനത്തിന് ഭക്ഷിപ്പാൻ കൊടുക്കുകയുമാണ്.

വിശക്കുന്ന ജനത്തിന് ആഹാരം നൽകുന്ന വിവിധ സംഭവങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അവിടെയൊക്കെയും അല്പത്തെ അധികമാക്കുന്ന സംഭവങ്ങൾ ആണ് നാം കാണുന്നതത്.

"നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന് യേശു പറഞ്ഞതുകേട്ട് ശിഷ്യന്മാർ അവരുടെ നിസ്സഹായത വെളിപ്പെടുത്തുന്നു. ഇതല്ലാതെ ഞങ്ങളുടെ കയ്യിൽ ഒന്നുമില്ല. പക്ഷേ ദൈവസന്നിധിയിൽ ഉള്ള സമർപ്പണ ജീവിതം സമൃദ്ധിയിലേക്ക് നമ്മെ നയിക്കുമെന്ന് ഈ വേദഭാഗം ഓർമ്മപ്പെടുത്തുന്നു. ഇന്നത്തെ സാഹചര്യത്തിൽ യേശു നമ്മോടു ആവശ്യപ്പെടുകയാണ്. "നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ". നമ്മുടെ ചുറ്റുപാടും വിശപ്പും ദാഹവും ഉള്ള അനേകരുണ്ട്. പക്ഷേ പലപ്പോഴും നാം അവരെ തിരിച്ചറിയുന്നില്ല. അവരുടെ വിശപ്പും ദാഹവും ഒരു പക്ഷേ അല്പം മനസ്സമാധാനത്തിനു വേണ്ടി ആയിരിക്കാം, പ്രശ്നങ്ങളുടെ പരിഹാരത്തിന് ആയിരിക്കാം. സാമ്പത്തിക നഷ്ടം വീണ്ടെടുക്കുന്നതിന് ആയിരിക്കാം, വേദനപ്പെടുത്തുന്ന രോഗങ്ങളുടെ സൗഖ്യത്തിന് ആയിരിക്കാം. ഇങ്ങനെയുള്ളവരുടെയൊക്കെ വിശപ്പടക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. ശിഷ്യന്മാരെപ്പോലെ നാമും ചിന്തിച്ചേക്കാം 'ഞാൻ കുറവുള്ളവൻ അല്ലയോ' എന്ന് പക്ഷേ നമുക്ക് ദൈവം നൽകിയിരിക്കുന്ന നന്മകളെ നാം തിരിച്ചറിയുമ്പോൾ നമ്മുടെ സംസാരത്തിലൂടെ, ദാനകർമ്മത്തിലൂടെ, ദൈവസന്നിധിയിലേക്ക് മറ്റുള്ളവരെ ആകർഷിക്കുന്ന ആത്മീക പ്രവർത്തനങ്ങളിലൂടെ അവരുടെ വിശപ്പടക്കുവാൻ നമുക്ക് സാധിക്കും. സാംക്രമിക രോഗത്തിന്റെ ഭീതിയിൽ അനേകർ ഇന്ന് ആരോഗ്യപരമായും സാമ്പത്തികമായും പരിചരണപരമായും ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് ഒരു താങ്ങായി നാം പ്രവർത്തിക്കുമ്പോൾ യേശു നമ്മോട് ആവശ്യപ്പെടുന്നു "നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന കല്പന നാം നിറവേറ്റുകയാണ് ചെയ്യുന്നത്.

മത്തായി 25:40ൽ പറയുന്നു" എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് സത്യമായും നിങ്ങളോടു പറയുന്നു" ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. വിളിക്കപ്പെട്ട വിളി സ്വീകരിച്ച് അനേകർക്ക് നന്മ ചെയ്യുമ്പോൾ നമ്മെ ചേർത്തു പിടിച്ച് ദൈവം സമൃദ്ധിയായി അനുഗ്രഹിക്കും.

കാനാവിലെ കല്യാണ വിരുന്നിൽ പരിശുദ്ധ അമ്മ നമ്മോട് പറയുന്നുണ്ട് "അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ" എന്ന്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ കർത്താവ് നമ്മുടെ ഹൃദയ വിചാരങ്ങളെ അറിഞ്ഞ് നമ്മിൽ പ്രവർത്തിക്കുന്നു. നാമെത്ര പാപികൾ ആണെങ്കിലും, എത്ര കുറവുള്ളവർ ആണെങ്കിലും നമ്മുടെ നല്ല പ്രവർത്തനങ്ങൾക്കായി നമ്മെ സമൃദ്ധമാക്കാൻ ദൈവം തയ്യാറായി നിൽക്കുകയാണ്. നമുക്കുള്ള അല്പത്തെ ദൈവസന്നിധിയിൽ സമർപ്പിക്കാം. ആ സമർപ്പണം മൂലം അനേകർക്ക് തങ്ങളുടെ വിശപ്പടക്കുവാൻ നമ്മിലൂടെ സാധിക്കട്ടെ.

## പെന്തിക്കോസ്തിക്ക് ശേഷം അഞ്ചാം ഞായർ (ലൂക്കോ. 9:10-17) 27-06-2021

വചനപ്രഘോഷണവും അപ്പത്തിന്റെ വർദ്ധനവും ശാരീരിക പരിപോഷണവും ഇവിടെയും നാം കാണുന്നു. ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രസംഗത്തിൽ ജനം ശ്രദ്ധിച്ചിരുന്നപ്പോൾ അവർ വിശപ്പും ദാഹവും മറന്നു. ഓരോ ക്രിസ്ത്യാനിയുടെയും ഈലോക ജീവിതത്തിന്റെ ലക്ഷ്യം എന്നത് ദൈവരാജ്യ സംസ്ഥാപനം ആണ്. യോഹ. 6:33 ൽ പറയുന്നു." മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവാൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടും. ഈലോകജീവിതത്തിൽ പലതും നേടിയെടുക്കുവാനായി മനുഷ്യൻ പരിശ്രമിക്കുന്നു. പലപ്പോഴും തങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്ഥാനമാനങ്ങളിലും സമ്പത്തിലും സുഖസൗകര്യത്തിലും മതിമറന്ന് ദൈവത്തെ കൂടാതെ ചടങ്ങുകളൊക്കെ ആഘോഷമാക്കുന്നു. ആഘോഷങ്ങൾക്കുവേണ്ടി പണം ധൂർത്തടിക്കുന്നു. സ്വന്തം സഹോദരൻ കുറവുള്ളവനാണെങ്കിൽ അവൻ തന്റെ സഹോദരനാണെന്ന് മറ്റുള്ളവരോട് പറയുവാൻ മടിക്കുന്നു. വളർത്തി വലുതാക്കിയ മാതാപിതാക്കളുടെ രോഗ അവസ്ഥയിൽ അവരെ പരിചരിക്കുവാൻ ശ്രമിക്കാതെ പേര് ലഭിക്കുവാൻ ദാന ധർമ്മികൾ ആകുന്നു.

ദൈവരാജ്യ പ്രവേശനത്തിനുള്ള ഒരു മനുഷ്യന്റെ യോഗ്യത എന്നത് ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവൻ ആയിരിക്കണം എന്നതാണ്. മാനസാന്തരത്തിന്റെ പ്രസംഗവുമായി കടന്നുവന്ന യോഹന്നാൻ സ്നാപ

കൻ ദൈവരാജ്യ സംസ്ഥാപനം അതിനായി നമ്മെ ഒരുക്കുവാൻ കടന്നുവരുന്ന രക്ഷകനെ അനുതാപത്തോടെ സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നു. മത്തായി 4:17. "അന്നു മുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാണ് മാനസാന്തരപ്പെടുവിൻ എന്ന് പ്രസംഗിച്ചു തുടങ്ങി. അവിടുത്തെ രാജ്യം വരേണമേ എന്ന് കർത്താവ് പഠിപ്പിച്ച പ്രാർത്ഥന ദിവസേന പലവട്ടം നാം പ്രാർത്ഥിക്കുന്നവരാണ്. ഈ രാജ്യത്തെ വരവേൽക്കുവാൻ ഒരുക്കത്തോടെ ആയിരുന്നുകൊണ്ട് ദൈവരാജ്യം വരുവാനായി പ്രാർത്ഥിക്കേണ്ടവരാണ് നാം.

ദൈവരാജ്യം എന്നത് യേശുക്രിസ്തുവിന്റെ ആഗമനത്തോടുകൂടി പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നതും (ലൂക്കോ.7:18-23), എന്നാൽ തന്റെ പുനരാഗമനത്തോടെ സമ്പൂർണ്ണതയിൽ എത്തുവാനിരിക്കുന്നതും (1 കൊരി.15:24-28) ആകുന്നു. ദൈവരാജ്യത്തെ സ്വീകരിക്കുവാൻ എങ്ങനെ നാം ഒരുങ്ങണം എന്ന് യേശു പഠിപ്പിച്ചിരിക്കുന്നു. യോഹ.14:6" യേശു തോമസിനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." വഴിയും സത്യവും ജീവനും ആയ യേശു തമ്പുരാൻ പിതാവിന്റെ അടുക്കലേക്ക് ഉള്ള വഴി നമുക്ക് കാണിച്ചുതന്നു. തന്റെ കാൽപാദങ്ങൾ പിന്തുടരുക, സത്യത്തിനും നീതിക്കും വേണ്ടി പോരാടുക. ജീവിതകാലം മുഴുവൻ സ്വർഗ്ഗരാജ്യ പ്രവേശനത്തിനായി വാഞ്ചിക്കുക.

ഒരു പക്ഷേ യേശുവിനെയും യോഹന്നാൻ സ്നാപകനെപ്പോലെയും ശിഷ്യന്മാരെപ്പോലെയും പ്രവാചകന്മാരെപ്പോലെയും ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുവാൻ നമുക്ക് അറിയില്ലായിരിക്കാം. എന്നാൽ നമ്മുടെ പ്രവർത്തനങ്ങൾ ക്രിസ്തുയേശുവിന്റെ വഴിയിലൂടെ ആകുമ്പോൾ അത് സ്വർഗ്ഗരാജ്യ അനുഭവത്തിന് കാരണമായിത്തീരും.

നാല് സുവിശേഷങ്ങൾ ദൈവരാജ്യത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു. നമ്മുടെ വരും തലമുറ ദൈവരാജ്യത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത് നാല് സുവിശേഷങ്ങൾ പോലെ തന്നെ അഞ്ചാം സുവിശേഷമായ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലൂടെയാണ്. ദൈവരാജ്യ ചിന്ത നമ്മുടെ വിശപ്പിനെ അടക്കുന്നു ദാഹത്തെ ശമിപ്പിക്കുന്നു. പക്ഷേ നാം ദൈവരാജ്യം അന്വേഷിക്കുമ്പോൾ നമുക്ക് ആവശ്യമുള്ളതിലും അധികമായി ദൈവം നമ്മെ പോഷിപ്പിക്കുന്നു. ദൈവരാജ്യ പ്രവേശനത്തിനായി ഒരുക്കമുള്ളവരായി നമുക്ക് ജീവിക്കാം.

## പെന്തിക്കോസ്തിക്ക് ശേഷം ആറാം ഞായർ (മത്താ. 15:32-39) 04-07-2021

7 അപ്പവും ചെറുമീനുകളും കൊണ്ട് നാലായിരത്തിലധികം പേരുടെ വിശപ്പ് മാറ്റിയ അത്ഭുത സംഭവം.

ഈ അത്ഭുതം അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് തൃപ്തിപ്പെടുത്തിയ സംഭവം തന്നെയാണോ എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ മത്തായി 16:9-10 ൽ 5000 പേർക്ക് അഞ്ച് അപ്പം കൊടുത്തിട്ട് എത്ര കുട്ട എടുത്തു എന്നും 4000 പേർക്ക് 7 അപ്പം കൊടുത്തിട്ട് എത്ര വട്ടി എടുത്തു എന്നും ഓർക്കുന്നില്ലയോ? എന്ന് യേശു ചോദിക്കുന്നുണ്ട്. അത് കൂടാതെ ഈ രണ്ട് സംഭവത്തിലും വിവരിക്കുന്ന പശ്ചാത്തലവും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ ഇത് രണ്ടും രണ്ടു വ്യത്യസ്ത സംഭവങ്ങൾ ആണെന്ന് ഉറപ്പിക്കാം.

യേശു തമ്പുരാന്റെ മുന്നോടികൾ ആയിരുന്ന മോശ, ഏലിയാവ്, ഏലീശ തുടങ്ങിയവർ പഴയ നിയമകാലത്ത് ജനത്തെ പോഷിപ്പിച്ചതുപോലെ പുതിയ നിയമ മശിഹാ ജനത്തെ പോഷിപ്പിക്കുന്നു.

ഇവിടെ യേശുവിന്റെ മനസ്സലിഞ്ഞ ശിഷ്യന്മാരോട് പറയുകയാണ് മൂന്ന് നാളായി ഇവർ എന്നോടുകൂടി ഇരിക്കുന്നു. അവർ തളർന്നുപോകാതിരിക്കണം. ആകെയുണ്ടായിരുന്ന 7 അപ്പവും കുറെ ചെറുമീനുകളും യേശുവിന്റെ പക്കൽ എത്തിച്ചപ്പോൾ അത് എടുത്ത് വാഴ്ത്തി നുറുക്കി നാലായിരത്തിലധികം പുരുഷന്മാരുടെയും അനേകം സ്ത്രീകളുടെയും കുട്ടികളുടെയും വിശപ്പടക്കുകയാണ്.

മൂന്ന് ദിവസത്തെ ഉപവാസം എന്ന ആത്മീയ ഭക്ഷണം നൽകിയ യേശു അവരുടെ ശരീരത്തിന്റെ ക്ഷീണം മാറ്റുകയാണ്. ഇവിടെ കാണുന്ന പ്രത്യേകത യേശു അവരോട് മനസ്സലിഞ്ഞു എന്നതാണ്. ദൈവ സന്നിധിയിൽ ആയിരിക്കുന്നവരോട് മനസ്സലിയുന്ന ദൈവം ആണ് നമുക്കുള്ളത്. അതുകൊണ്ടാണ് കുമ്പസാരം എന്ന കൂദാശ ഒരു വിശ്വാസിക്ക് എത്രയും അനുഗ്രഹകരമായിത്തീരുന്നത്. ഏതൊരു അനുതാപിയെയും സ്വീകരിക്കുവാനും പാപികളെ നേർവഴിയിൽ നടത്തുവാനും ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ വിശപ്പടക്കുവാൻ, നമ്മുടെ നല്ല ആഗ്രഹങ്ങൾ സഫലീകരിക്കാൻ, നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുവാൻ ദൈവം നമ്മോടു കൂടെയുണ്ട്. നാം ദൈവത്തോട് ചേർന്നിരിക്കുകയും വേണം.

താങ്കളുടെ കൈയ്യിൽ ഉണ്ടായിരുന്നവയെ ദൈവത്തിന് സമർപ്പിച്ചപ്പോൾ അത് എടുത്ത് വാഴ്ത്തി മുറിച്ചുകൊടുത്തു എന്ന് ഇവിടെ പറയുന്നു. അന്ത്യ അത്താഴത്തിലെ വാക്കുകൾപോലെ വാഴ്ത്തി വർദ്ധിപ്പിച്ച് മുറിച്ച് കൊടുക്കുന്ന വിശുദ്ധ ബലിയിൽ സംബന്ധിച്ച് യേശുവിന്റെ തിരുശരീര രക്തങ്ങളിൽ നാം പങ്കാളികൾ ആകുമ്പോൾ യേശുക്രിസ്തുവിനെ രുചിച്ച് അറിയുമ്പോൾ നമ്മുടെ ആത്മീയ വിശപ്പും ശാരീരിക ക്ഷീണവും അകറ്റി ദൈവം നമ്മെ ബലപ്പെടുത്തുന്നു. ക്രിസ്തു ശിഷ്യരെപ്പോലെ ദൈവത്തിലുള്ള പരിപൂർണ്ണ സമർപ്പണം നമുക്കും അനേകർക്കും സമാധാനവും സന്തോഷവും ലഭിക്കുവാൻ ഇടയാകണം.

## പെന്തിക്കോസ്തിക്ക് ശേഷം ഏഴാം ഞായർ (മർക്കോ. 3:20-30) 11-07-2021

യേശുവിന്റെ ചുറ്റും കൂടുന്ന ആൾക്കൂട്ടത്തെ കണ്ടു തന്റെ ചാർച്ചക്കാർ യേശുവിന് ബുദ്ധിഭ്രമം ഉണ്ടെന്നും ശാസ്ത്രിമാർ അവന് ബേൽസബൂബ് (ഭൂതം) ഉണ്ടെന്നും ആരോപിക്കുന്നു. അതിനാൽ യേശു പറയുന്ന മറുപടിയാണ് ഈ വേദഭാഗം. പിശാച് ബാധിതൻ എന്ന നിലയിൽ ഉപയോഗിച്ചിരുന്ന വാക്കാണ് ബേൽസബൂബ് എന്നത്. യേശു ചെയ്യുന്ന അത്ഭുതങ്ങളും പഠിപ്പിക്കലും ശാസ്ത്രിമാർക്കും പരീശന്മാർക്കും ചർച്ചക്കാർക്കു പോലും ഉൾക്കൊള്ളുവാൻ സാധിച്ചിരുന്നില്ല. ശാസ്ത്രി പരീശന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ നിലനിൽപ്പിനു തന്നെ യേശുവിന്റെ വാക്കും പ്രവർത്തിയും ഭീഷണിയായിരുന്നു. അതുകൊണ്ട് ഭൂതബാധിതരെ യേശു സൗഖ്യമാക്കുന്നത് ഭൂതങ്ങളുടെ തലവനും ആയുള്ള ഒരു രഹസ്യ ധാരണയുടെ അടിസ്ഥാനത്തിനത്തിലാണ് എന്ന് അവർ ആരോപിക്കുന്നു. കാരണം അവർക്ക് ഭൂതങ്ങളെ പുറത്താക്കാൻ സാധിച്ചിരുന്നില്ല. തങ്ങൾക്ക് ചെയ്യുവാൻ പറ്റാത്തത് യേശു ചെയ്യുന്നതിൽ അവർ നീരസപ്പെടുന്നു.

യേശു മറുപടി പറയുന്നു. അന്തച്ഛിദ്രം മൂലം സ്വന്തം രാജ്യം നശിപ്പിക്കുവാൻ വഴി തെളിക്കുന്ന ഭോഷനല്ല സാത്താൻ. സാത്താൻ എന്തിന് സാത്താനെ പുറത്താ

# ഫലം തേടി അത്തിവൃക്ഷത്തെ സമീപിച്ച കർത്താവ്

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

പിറ്റെന്നാൾ അവൻ ബഥാന്യ വിട്ടുപോകുമ്പോൾ അവന് (യേശുവിന്) വിശന്നു, അവൻ ഇലകളുള്ളോരു അത്തി വൃക്ഷം ദൂരത്തു നിന്നു കണ്ടു, അതിൽ വല്ലതും കിട്ടുമോ എന്നു വച്ചു ചെന്നു. അതിനരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല, അത് അത്തിപ്പഴത്തിന്റെ കാലമ ല്ലാഞ്ഞു. അവൻ അതിനോട് ഇനി നിങ്കൽ നിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു. അതു ശിഷ്യ ന്മാർ കേട്ടു. വി. മർക്കോസിന്റെ സുവിശേഷം 11-ാം അദ്ധ്യാ യത്തിലെ 12 മുതൽ 14 വരെയുള്ള വാക്യങ്ങൾ ചിലതി ലേയ്ക്കും, ചിലരിലേയ്ക്കും വിരൽ ചൂണ്ടുന്ന ഒരു വേദഭാഗ മായി വ്യാഖ്യാനിക്കപ്പെടുന്നു. ദൂരെനിന്നു നോക്കുമ്പോൾ തളിർത്തുനിൽക്കുന്ന അവസ്ഥ ഇന്നു പലയിടങ്ങളിലും പല രിലും കാണാൻ കഴിയുന്നു, യഥാർത്ഥത്തിൽ അതിനോടും അവരോടും സമീപിക്കുമ്പോൾ മാത്രമാകും ഫലം ഒന്നും തന്നെ കാണാത്ത അവസ്ഥ തിരിച്ചറിയാനാകൂ. ദൈവം ഇത് മുൻകൂട്ടി ശിഷ്യന്മാരെ സാക്ഷി നിർത്തി ബോധ്യപ്പെടുത്തു ന്നതായി ഈ വേദഭാഗത്ത് കാണാൻ കഴിയുന്നു. ഇന്ന് തല ഉയർത്തി നിൽക്കുന്ന പല ദേവാലയങ്ങളിലും ദൈവസാ ന്നിദ്ധ്യം എത്രമാത്രമുണ്ട് എന്നത് ചിന്തിക്കേണ്ടതുണ്ട്. മോടി യായി അലങ്കരിച്ച ദേവാലങ്ങൾ വിശ്വാസികളെ ആകർഷി ച്ച്, ധനാഗമന മാർഗ്ഗത്തിനുള്ള വഴി നേടുന്നതൊഴിച്ച്, യഥാർത്ഥ ദൈവാരാധനയോ, ദൈവം ഇച്ഛിക്കുന്ന പ്രവർത്തി കളോ, ഫലങ്ങളോ, അവിടെ നിന്നു പുറപ്പെടുന്നില്ല എന്നത് ഏറെ സങ്കടകരം. നാം എത്ര തന്നെ തളിർത്തു നിന്നാലും ഫലം പുറപ്പെടുവിപ്പാൻ നമ്മെക്കൊണ്ടാവുന്നില്ല എങ്കിൽ, ഫലം അന്വേഷിച്ചെത്തുന്ന ദൈവം നമ്മിൽ ഫലം കാണാതെ വരുമ്പോൾ ദുഃഖിക്കുകയും, ആ അത്തിയോട് പറഞ്ഞതുപോലെ നമ്മോടു പറയുവാനിടയാകുകയും ചെയ്യും. എല്ലാ ദിവസങ്ങളിലും ആരാധനയിൽ സംബന്ധി ച്ചതുകൊണ്ടോ, ദാനധർമ്മം ചെയ്തതുകൊണ്ടോ, സ്ഥാന മാനങ്ങൾ വഹിച്ചതുകൊണ്ടോ, പ്രത്യേകിച്ച് അർത്ഥം ഉണ്ടാ ക്കാണമെന്നില്ല, ആത്മാവിന്റെ ഫലം നമ്മിൽ നിന്നു പുറ



പ്പെടുവിക്കാൻ കഴിഞ്ഞാൽ ആ ഫലത്തെയാണ് ദൈവം അന്വേഷിക്കുന്നതും, ആഗ്രഹിക്കുന്നതും. സ്നേഹം, സന്തോ ഷം, സമാധാനം, ദീർഘക്ഷമ, പരോപകാരം, വിശ്വസ്ഥത, സൗമ്യത, ഇന്ദ്രിയജയം തുടങ്ങിയ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായി നാം മാറിയെങ്കിൽ മാത്രമാകും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണത. ഉള്ളിൽ പകയും, പുറമേ ചിരിയും, സമാധാനം സംസാരിക്കുകയും, സകല സമാധാനവും തകർക്കുന്ന പ്രവർത്തികളിലേർപ്പെടുകയും, സൗമ്യത നടിച്ചുകൊണ്ട്, പിന്നിൽ നിന്നു കുത്തുകയും, വിശ്വ സ്ഥർ എന്നു തോന്നിപ്പിക്കുന്ന തരത്തിൽ പെരുമാറുകയും, സകല ചതിയും, വഞ്ചനയും, അധർമ്മവും പ്രവർത്തിക്കു കയും ചെയ്യുമ്പോൾ, നാം കേവലം തളിർത്തു നിൽക്കുന്ന അത്തിവൃക്ഷങ്ങൾ മാത്രമാണെന്നും ദൈവം അന്വേഷി ക്കുന്ന ഫലം നമ്മിൽ അന്യമാണെന്നും ഉള്ള തിരിച്ചറിവ് നമ്മിൽ ഉണ്ടാകട്ടെ. നമ്മിൽ ഫലം തേടുന്നവൻ നമ്മെ ശപി ക്കാതെയും ഇരിക്കട്ടെ. ●

---

ക്കണം? സാത്താനെക്കാൾ ബലമേറിയ യേശു വന്നു കഴി ഞ്ഞിരിക്കുന്നതിനാൽ ഭൂതം ബന്ധിക്കപ്പെട്ടിരിക്കുന്നതാണ്. ഇങ്ങനെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ഒരു പക്ഷെ മനസ്സിലാക്കിയിട്ടും അതിനെതിരെ കുറ്റം ആരോപി ക്കുന്ന ശാസ്ത്രിമാരോട് യേശു പറയുന്നു. “പരിശുദ്ധാത്മാ വിനെ നേരെ ദൂഷണം പറയുന്നവനോ ഒരു നാളും ക്ഷമ കിട്ടാതെ നിത്യ ശിക്ഷായോഗ്യനാകും” എന്ന്. പരിശുദ്ധാ ത്മാവിന്റെ പ്രവർത്തനത്തെ ശാസ്ത്രിമാർ അവരുടെ സ്വാർത്ഥ താല്പര്യം ആയി ദുർവ്യാഖ്യാനം ചെയ്യുകയാണി വിടെ. ഇങ്ങനെയുള്ള അന്ധന്മാർക്ക് സ്വന്തം തെറ്റുകൾ കാണുവാനോ അനുതപിച്ച് പാപമോചനം ലഭിപ്പാൻ കഴി യുകയില്ല. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പരിശുദ്ധാ ത്മാവിനെ പ്രവർത്തനങ്ങളെ നാം തിരിച്ചറിയാതെ പോവു കയോ സംശയിക്കുകയോ ചെയ്യരുത്. നമ്മെ സത്യത്തിലും നീതിയിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ്, നാം വിചാരി ക്കുന്നതിലും അതീതമായി അത്ഭുതങ്ങൾ നമ്മുടെ ജീവിത ത്തിൽ സംഭവിക്കുന്ന പരിശുദ്ധാത്മാവ് നമ്മെ നേർവഴിയിൽ നടത്തണമെങ്കിൽ നാം നമ്മിലുള്ള പരിശുദ്ധാത്മാവിൽ പുതുക്കാൻ പ്രാപിക്കണം. സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി സത്യത്തെ മറച്ചു വെച്ച് കുപ്രചരണം നടത്തുവാനല്ല മറി ച്ചുവെച്ച് സത്യത്തെ ഉൾക്കൊണ്ടുകൊണ്ട് ദൈവഹിതം സ്വീകരിക്കുവാൻ നാം ഒരുക്കമുള്ളവരായിത്തീരണം. ●

# വിശ്വാസ ജീവിതത്തിൽ വി. പത്രോസിനുള്ള പ്രസക്തി

ഫാ. മോനായി കെ ഫിലിപ്പ് കർക്കടകംപള്ളിൽ

2021 ലെ ശ്ലീഹാനോമ്പ് കാലം സമാഗതമായിരിക്കുന്നു വല്ലോ. ജൂൺ 29 ന് വി.പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും, 30 ന് സകല പരിശുദ്ധന്മാരുടെയും സ്മരണയാണല്ലോ. ഈ സാഹചര്യത്തിൽ ശ്ലീഹന്മാരുടെ തലവനും, ആദ്യത്തെ പാത്രിയർക്കീസുമായ വി. പത്രോസിനെ, ക്രിസ്തുവിന്റെ ഉയിർപ്പിനു ശേഷം വി. യോഹ. 20, 21- അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വെളിച്ചത്തിൽ നമ്മുടെ വിശ്വാസ ജീവിതത്തിനുള്ള പ്രസക്തിയാണ് ഇവിടെ അന്വേഷിക്കുന്നത്.

**സുവിശേഷങ്ങളിലെ താരതമ്യം**

യോഹ. 20, 21 അദ്ധ്യായത്തിൽ (യോഹന്നാന്റെ സുവിശേഷത്തിൽ) പത്രോസിനെക്കുറിച്ചുള്ള മറ്റു വിവരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ ആദ്യത്തേതായ ഉയിർപ്പിന്റെ വിവരണത്തിൽ പത്രോസിനെ മറ്റു സുവിശേഷങ്ങളിൽ കണ്ടുമുട്ടുന്നുണ്ട്. എന്നാൽ പത്രോസിന്റെ പ്രാധാന്യം യോഹന്നാനിലെപ്പോലെ അവിടെ ഇല്ല. ശീമോൻ പത്രോസിനെ പ്രതിപാദിക്കുന്ന മറ്റു രണ്ടു വേദഭാഗങ്ങൾ യോഹന്നാനിൽ മാത്രമാണ് വിവരിക്കുന്നത്.

**വി. പത്രോസിന്റെ പ്രത്യേകതകൾ**

**1. ഉയിർപ്പിന് സാക്ഷിയായ പത്രോസ്**

യോഹന്നാൻ 20 ൽ യേശുവിന്റെ ഉയിർപ്പിന്റെ വിവരണമാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതിരാവിലെ മഗ്ദലനക്കാരത്തി മറിയ യേശുവിന്റെ കല്ലറവാതിക്കൽ എത്തി. കല്ലറ നീങ്ങിയിരിക്കുന്നത് കണ്ടപ്പോൾ ഓടിച്ചെന്ന് ശീമോൻ പത്രോസിനെ വിവരം അറിയിക്കുന്നു. അപ്പോൾ പത്രോസും, യേശുവിന് പ്രിയപ്പെട്ട ശിഷ്യനും കൂടി കല്ലറയിലേയ്ക്ക് ഓടുന്നു. മറ്റേ ശിഷ്യൻ ആദ്യം അവിടെ എത്തിയെങ്കിലും കല്ലറയ്ക്കകത്തേക്ക് ആദ്യം കയറുന്നത് പത്രോസാണ് (27:7-8). തങ്ങളുടെ ഗുരുവായ യേശു മറ്റ് ഗുരുക്കന്മാരിൽ നിന്ന് വ്യത്യസ്തതയുള്ളവനാണെന്നും, അവൻ മരണത്തെ തോല്പിച്ച് ജീവനിലേയ്ക്ക് കടന്നുവെന്നും അവൻ തിരിച്ചറിയുന്നു. 8-ാം വാക്യം പറയുന്നു. 'ഇത് ശിഷ്യരെ വിശ്വാസത്തിലേയ്ക്ക് നയിച്ചു എന്ന്' മരിച്ച് അടക്കപ്പെട്ടുവെങ്കിലും, യേശു മരണത്തെ തോല്പിച്ച് ഉയിർത്തെഴുന്നേറ്റു എന്നും അവൻ സത്യമായും ദൈവപുത്രനാണെന്നുമുള്ള വിശ്വാസത്തിലേയ്ക്ക് പത്രോസിനെ നയിക്കുന്നു.

ഇതിനെ തുടർന്ന് പത്രോസിനെക്കുറിച്ച് 10-ാം വാക്യത്തിൽ രേഖപ്പെടുത്തുന്നു 'ശിഷ്യന്മാർ വീട്ടിലേയ്ക്ക് മടങ്ങിപ്പോയി' ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ പത്രോസ് അല്പം സന്ദേഹത്തോടെയാണോ വീട്ടിലേയ്ക്ക് പോയതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം ക്രിസ്തുവിനെ താൻ തള്ളിപ്പറഞ്ഞവനാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശിഷ്യസമൂഹം യേശുവിനോടൊപ്പം മഹത്വത്തിലേയ്ക്ക് പ്രവേശിച്ചതിൽ തനിക്ക് എന്തു സ്ഥാനം എന്ന സന്ദേഹം. എന്നാൽ പിന്നീടുള്ള വേദഭാഗത്തിൽ യേശു പത്രോസിനെ ദൗത്യത്തിൽ യഥാസ്ഥാനപ്പെടുത്തുന്നുണ്ട്. ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന ശീമോൻ പത്രോസിന്റെ സാക്ഷ്യമാണ് അപ്പോ.പ്രവൃ. 2 ൽ മുഴങ്ങിനിൽക്കുന്നതും. അതാണ് സഭ പണിയപ്പെടുവാനും ഇടയായതും. ഉയിർപ്പിന് സാക്ഷിയായിത്തീർന്നതാണ് ക്രിസ്തുവിനായി ജീവിക്കുവാനും യേശു മരണത്തെ തോല്പിച്ചവനാണ് എന്ന വിശ്വാസം പ്രഘോഷിക്കുവാനും, ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നും, ക്രിസ്തുവിന് ഇന്നും പ്രസക്തിയുണ്ടെന്നും, ലോകത്തെ ബോധ്യപ്പെടുത്തുവാനും, ക്രിസ്തുവിനുവേണ്ടി മരിക്കുവാൻപോലും ഒരുക്കിയത്.

ഉയിർപ്പിന് സാക്ഷിയായ പത്രോസ് ഉൾപ്പെടെയുള്ള ശിഷ്യസമൂഹത്തിന്റെ സ്മരണ നിർവ്വഹിക്കുന്ന ഈ ശ്ലീഹാനോമ്പിൽ വിശ്വാസികളായ നാമും നാം ആയിരിക്കുന്ന സാഹചര്യത്തിൽ യേശുവിന്റെ സാക്ഷികളാകാനുള്ള ആഹ്വാനത്തിനനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ഉത്തമ സാക്ഷികളായി ജീവിക്കുവാനുള്ള വെല്ലുവിളി നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

**2. ക്രിസ്തുവിലേയ്ക്ക് നയിക്കപ്പെടുന്ന പത്രോസ്**

യോഹ.21:1-14 വരെ ഉയിർത്തെഴുന്നേറ്റ ക്രിസ്തു മൂന്നാമത് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതിന്റെ വിവരണമാണ്. സംഭവം അരങ്ങേറുന്നത് തിബര്യാസ് കടൽക്കരയിലാണ്. ഇതിന് നേതൃത്വം നല്കുന്നതാകട്ടെ പത്രോസും ദീദിമോസ് എന്ന തോമസും, നഥനയേലും, സെബദിമക്കളായ യാക്കോബും, യോഹന്നാനും കൂടിയിരിക്കുന്ന സമയത്ത് പത്രോസ് പറയുന്നു 'ഞാൻ മീൻ പിടിക്കുവാൻ പോകുന്നു' എന്നത്. പത്രോസിനൊപ്പം മറ്റുള്ളവരും തങ്ങളുടെ മുമ്പിലത്തെ തൊഴിലിലേയ്ക്ക് പോകുന്നു.

എന്നാൽ താൻ വിളിച്ച് ശിഷ്യത്വത്തിലേയ്ക്ക് അടുപ്പിച്ച തന്റെ ശിഷ്യർ തന്നെ ഉപേക്ഷിച്ച് പോകുമ്പോഴും അവരുടെ പിന്നാലെ ചെന്ന് വീണ്ടും അവരെ തന്നിലേയ്ക്ക് അടുപ്പിക്കുവാൻ ക്രിസ്തു അവർ ആയിരിക്കുന്ന ഇടത്തേയ്ക്ക് എത്തുന്നു. അവൻ ക്രിസ്തുവിൽ നിന്ന് അകലങ്ങളിൽ ആയിരിക്കുമ്പോഴും ക്രിസ്തു തന്നിലേയ്ക്ക് അവരെ ആകർഷിക്കുന്നു. തന്നെ ഉപേക്ഷിച്ചവരെ ഉപേക്ഷിക്കുവാൻ ക്രിസ്തു തയ്യാറാകുന്നില്ല എന്നതാണ് ക്രിസ്തുവിന്റെ ശ്രേഷ്ഠത. ആ ക്രിസ്തു അപ്പവും മീനും നല്കി അവരെ പോഷിപ്പിക്കുന്നു. അതിലൂടെ അവരെ തന്നിലേയ്ക്ക് ആകർഷിക്കുക മാത്രമല്ല അവരെ വിശ്വാസ ജീവിതത്തിൽ തീക്ഷണതയുള്ളവരാകുവാൻ ശക്തീകരിക്കുകയും ചെയ്യുന്നു.

ഇതിലൂടെ പത്രോസിന് അനുവർത്തിക്കുവാൻ വലി

യൊരു പാഠമാണ് ഗുരു നല്കുന്നത്. ക്രിസ്തുവിന്റെ സാന്നിദ്ധ്യം കൂടാതെയുള്ള മാനുഷിക പ്രവർത്തനങ്ങൾ നിഷ്ഫലമാകയാൽ, ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ശക്തീകരിക്കപ്പെടുവാൻ ഇടയാകണം എന്ന പാഠം. ക്രിസ്തുവിനെ ഉപേക്ഷിച്ച് ലൗകിക മോഹങ്ങളുടെ പിന്നാലെ പാഞ്ഞ് ക്രിസ്തുവിൽ നിന്ന് അകലങ്ങളിലേക്കുള്ള യാത്ര ആപത്താണ്. ക്രിസ്തുവിനെക്കൂടാതെയുള്ള പ്രവർത്തനം നിഷ്ഫലമാണ്. ക്രിസ്തുവിൽ നിന്നുള്ള ഊർജ്ജമാകണം നമ്മുടെ ശ്ലീഹാനോമ്പിൽ നാം *ക്രിസ്തുവിലേയ്ക്ക് നയി*ക്കപ്പെടുവാൻ ഇടയാകണം എന്ന് പഠിപ്പിക്കുന്നു. നമ്മുടെ ലോകമോഹങ്ങളും യഥാർത്ഥ താല്പര്യങ്ങളും, ജീവിതശൈലികളും നമ്മെ ക്രിസ്തുവിൽ നിന്ന് അകറ്റുന്നുവെങ്കിൽ, അതിൽ നിന്നുള്ള ഒരു മാറ്റം യഥാർത്ഥമാക്കേണ്ടതുണ്ട്. ക്രിസ്തുവിലേക്ക് നാം എത്തേണ്ടതായിട്ടുണ്ട്.

**3. ദൗത്യനിർവ്വഹണത്തിന്റെ അധികാരം ലഭിക്കുന്ന പത്രോസ്**

യോഹന്നാന്റെ സുവിശേഷത്തിലെ, യേശുവും പത്രോസുമായുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു കണ്ടുമുട്ടലാണ് യോഹ. 21:15-17 വരെയുള്ളത്. കണ്ടുമുട്ടലിൽ പത്രോസിനോട് ക്രിസ്തു മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നു. അതിന് പത്രോസ് പ്രതികരിക്കുന്നു. ക്രിസ്തുവിന്റെ ചോദ്യം ഇതാണ്. "യോഹന്നാന്റെ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ"? ഈ ചോദ്യം രണ്ടു പ്രാവശ്യം ആവർത്തിച്ചപ്പോൾ 'ഉവ്വ് കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ടെന്ന് നീ അറിയുന്നുവല്ലോ? എന്ന് മറുപടി പറഞ്ഞെങ്കിൽ മൂന്നാമത് ഈ ചോദ്യം ആവർത്തിച്ചപ്പോൾ ദുഃഖത്തോടെ പത്രോസ് 'കർത്താവെ നീ സകലവും അറിയുന്നുവല്ലോ. എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് മറുപടി പറയുന്നു. ഇത് പത്രോസിനോട് തന്റെ തെറ്റുകളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലും, അനുതാപത്തിനുള്ള ആഹ്വാനവുമാണ്. പത്രോസിന്റെ മറുപടിയാകട്ടെ പശ്ചാത്താപത്തിന്റെ കാറ്റ് അവനിൽ വീശി അവന്റെ വലിയ ഏറ്റുപറച്ചിലുമാണ്.

തുടർന്ന് കുഞ്ഞാടുകളെയും, ആടുകളെയും മേയ്ക്കുക എന്ന ദൗത്യം ഉയിർത്തെഴുന്നേറ്റ കർത്താവ് ശീമോൻ പത്രോസിനെ ഏല്പിക്കുന്നു. ഇത് തിബര്യാസ് കടൽക്കരെ വച്ചാണ് നടക്കുന്നത്. മത്തായി 4:19 പോലെയാണ് ഇത് അരങ്ങേറുന്നത്. അതും തിബര്യാസ് കടൽക്കരെവച്ചാണ്. 'എന്റെ പിന്നാലെ വരുവീൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' എന്ന യേശുവിന്റെ ആഹ്വാനം ശീമോൻ പത്രോസ് അന്ത്രയോസ് എന്നിവരോടാണ്. ഇത് അവരെ തന്റെ ശിക്ഷ്യരാക്കി തന്നോടുകൂടെ ആയിരിക്കുവാനുള്ള ഭരമേല്പിക്കലാണ് എങ്കിൽ, യോഹ. 21 ൽ വിശ്വാസ സമൂഹമാകുന്ന ആടുകളെ മേയിക്കുവാനും, പരിപാലിക്കുവാനും അവരെ നയിക്കുവാനുമുള്ള ശ്രേഷ്ഠമായ ദൗത്യ നിർവ്വഹണമായിരുന്നു പത്രോസിന്റെ പിന്നീടുള്ള ജീവിതത്തിന്റെ ആകെതുക. അതാണ് ക്രിസ്തുവിനെ പ്രസംഗിക്കുവാനും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയാകുവാനും പത്രോസിനെ പ്രേരിപ്പിച്ചത്.

ശ്ലീഹന്മാരുടെ ഓർമ്മ കൊണ്ടാടുമ്പോൾ പത്രോസിന് ലഭിച്ച ദൗത്യ നിർവ്വഹണം ഇന്നത്തെ കാലത്ത് നിർവ്വഹിക്കേണ്ടിയവരാണ് എന്നത് വിശ്വാസജീവിതത്തിൽ തീക്ഷ്ണതയോടെ പ്രവർത്തന സജ്ജരാകുവാൻ നമുക്ക് പ്രേരണയാകണം. നാം ആയിരിക്കുന്ന ഇടത്ത് ക്രിസ്തുവിനെ നമ്മിലൂടെ വെളിപ്പെടുത്തുവാൻ ശ്രമിക്കാം.

ശ്ലീഹാനോമ്പ് ആചരിക്കുമ്പോൾ, യേശുവിന്റെ ഉയിർപ്പിന് ശേഷം യോഹന്നാന്റെ സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്ന പത്രോസിനെപ്പോലെ ക്രിസ്തുവിന്റെ സാക്ഷിയായി, ക്രിസ്തുവിലേയ്ക്ക് അനുനിമിഷം നയിക്കപ്പെടുന്നവരായി, അകലങ്ങളിൽ നിന്ന് ക്രിസ്തുവുമായി അടുത്ത് ആയിരിക്കുവാൻ നമ്മുടെ വിശ്വാസ ജീവിതത്തിലൂടെ സാദ്ധ്യമായിത്തീരാൻ ശ്രമിക്കാം. അതായിരിക്കട്ടെ ഈ വർഷത്തെ നമ്മുടെ ശ്ലീഹാനോമ്പിനെ കൂടുതൽ പ്രസക്തിയുള്ളതും, അർത്ഥപൂർണ്ണവുമാക്കുന്നത്.

●

# ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി സ്വാഗതം ചെയ്തു

കേരള സംസ്ഥാന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ജനസംഖ്യാനുപാതികമായ തുല്യത പാലിക്കണമെന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയെ മലങ്കര സുറിയാനി ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി സ്വാഗതം ചെയ്തു ഇതു നടപ്പിലാക്കുവാൻ വേണ്ട നടപടികളുമായി ബഹു. കേരള സർക്കാർ മുമ്പോട്ടു പോകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

മാനേജിംഗ് കമ്മിറ്റിക്കു വേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# ആത്മാവിൽ ആരാധന

**ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി**

ആത്മ നാഥനാമെൻ യേശുവെ
ആത്മാർത്ഥമായി പാടി സ്തുതിക്കാം
ആത്മ വീണ തൻ തന്ത്രികൾ മീട്ടി
സ്തുതി ഗീതങ്ങൾ ആലപിക്കാം.

തപ്പുകൾകൊണ്ട്
കിന്നരം കൊണ്ട്
പത്ത് കമ്പിയുള്ള വാദിത്രം കൊണ്ട്
ആത്മാവിൽ ആനന്ദ നൃത്തം ചവുട്ടി
ആഘോഷത്താലാർത്തു പാടിടാം
മഹാ സംഗീതത്താൽ നന്ദിയേകിടാം
(ആത്മ നാഥനാമെൻ...........)

പൂക്കൾ വിതറി
ഹോശന്നാ പാടി
കുരുത്തോല വീശി വാഴ്ത്തിപ്പാടീടാം
ആത്മാവിൻ ലഹരിയിൽ ഉന്മത്തരായി
ആത്മ ശക്തിയാലെ ആരാധിച്ചീടാം
മഹാസ്തോത്രത്തിൻ യാഗം ചെയ്തീടാം
(ആത്മ നാഥനാമെൻ.........)



# നെപ്പോളിയൻ ബോണപ്പാർട്ട്

എബി

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്പിലെ ചില അമ്മമാർ കുഞ്ഞുങ്ങളെ ഭയപ്പെടുത്തി കരച്ചിൽ നിറുത്താൻ ഉപയോഗിച്ചിരുന്ന ഒരു പേരുണ്ട് 'നെപ്പോളിയൻ'. എല്ലാവർക്കും നെപ്പോളിയനെ അത്ര പേടിയായിരുന്നു.

ചരിത്രത്തിൽ ഇത്ര വൈവിധ്യവും വൈരുദ്ധ്യവുമുള്ള ഒരു വ്യക്തിത്വം വേറെ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. കഷ്ടിച്ച് അഞ്ചടിമാത്രം പൊക്കം. കൈമുതലായി കാര്യമായ വിദ്യാഭ്യാസമില്ല. ഫ്രഞ്ചുഭാഷ ശരിക്കും കൈകാര്യം ചെയ്യാൻ അറിയത്തുമില്ല. എന്നിട്ടും 'കുരുടനായ' ഈ മനുഷ്യൻ ഫ്രാൻസിന്റെ ചക്രവർത്തിവരെയായത് അവിശ്വസനീയമായ പോരാട്ടത്തിന്റെ കഥയാണ്. അതുകൊണ്ടാണ് 'ലിറ്റിൽ കോർപ്പറൽ' എന്നു വിശേഷിക്കപ്പെടുന്ന നെപ്പോളിയൻ ബോണപ്പാർട്ട് ഒരു ചരിത്ര പുരുഷൻ എന്നതിലുപരി ഒരു ഇതിഹാസ പുരുഷനായിത്തീർന്നത്.



ഇറ്റലിയുടെ അധീനതയിലായിരുന്ന കോഴ്സിക്കോ ദ്വീപിലായിരുന്നു നെപ്പോളിയന്റെ ജനനം. 1769 ഓഗസ്റ്റ് 15 ന് കാർലോ ബോണപ്പാർട്ടിന്റെയും ലെറ്റി സിയാറൊമോലിനോയുടെയും പതിനൊന്നു മക്കളിൽ നാലാമനായിരുന്നു നെപ്പോളിയൻ. പത്താം വയസ്സിൽ ഫ്രഞ്ച് മിലിട്ടറി സ്ക്കൂളിൽ പ്രവേശനം ലഭിച്ചെങ്കിലും പഠനം സുഖകരമായിരുന്നില്ല. സാധാരണയിൽ കവിഞ്ഞ ഉയരക്കുറവും ഫ്രഞ്ചുഭാഷ ശരിയായി സംസാരിക്കാൻ കഴിയാത്തതിലുള്ള മന:പ്രയാസവും കൂട്ടുകാർക്കിടയിൽ അവനെ പരിഹാസപാത്രമാക്കി. (പിന്നീട് ഫ്രഞ്ചുഭാഷ ഗൗരവത്തോടെ പഠിച്ച നെപ്പോളിയൻ ഫ്രഞ്ചു പണ്ഡിതന്മാരേക്കാൾ സമർത്ഥനായി മാറിയെന്നുള്ളത് ചരിത്രം).

പാരീസിലെ മിലിട്ടറി സ്കൂളിൽ ഏതാണ്ട് മൂന്നുവർഷം മാത്രമായിരുന്നു പഠനം. ഫ്രഞ്ചുകാരുടെ സൈനികതന്ത്രങ്ങൾ പഠിച്ച് അവരെ കോഴ്സിക്കയിൽ നിന്നും തുരത്തുക എന്നതായിരുന്നു നെപ്പോളിയന്റെ സ്വപ്നം.

മിലിട്ടറി സ്കൂളിലെ പഠനം കഴിഞ്ഞ് നെപ്പോളിയൻ 1784-ൽ ഫ്രഞ്ച് ആർമിയിൽ ചേർന്നു. 1793 ലെ യുദ്ധത്തിൽ ടൗളറിൽവച്ച് ഇംഗ്ലീഷുകാരെ തോല്പിക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചു. 24-ാ മത്തെ വയസ്സിൽ മിലിട്ടറി ജനറലായ അദ്ദേഹം ഈജിപ്റ്റിലേക്കും കെയ്റോയിലേക്കും ജെറുസലേമിലേക്കും പടനയിച്ച് വിജയം നേടി ഫ്രാൻസിൽ ഹീറോ ആയി. ഫ്രഞ്ചു വിപ്ലവത്തിലും നെപ്പോളിയന്റെ പങ്ക് നിർണ്ണായകമായിരുന്നു. 1804 വരെ അദ്ദേഹം ഫ്രാൻസിന്റെ ആദ്യത്തെ കൗൺസിൽ ആയി തുടർന്നു. പിന്നീട് ആ വർഷം തന്നെ ഫ്രാൻസിന്റെ ചക്രവർത്തിയായി അവരോധിക്കപ്പെട്ടു. 1805 – ൽ റഷ്യയേയും ഓസ്ട്രിയയേയും യുദ്ധത്തിൽ തോല്പ്പിച്ചു. പിന്നീട് പോളണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളെയും കീഴടക്കി. യൂറോപ്പിന്റെ ഭൂരിഭാഗവും നെപ്പോളിയന്റെ ഭരണത്തിൻ കീഴിലായി. അദ്ദേഹം എക്കാലത്തെയും നല്ല കമാണ്ടറന്മാരിൽ ഒരാളായി ഇന്നും കണക്കാക്കപ്പെടുന്നു.

ഒന്നാന്തരം ഒരു യോദ്ധാവായിരുന്നെങ്കിലും നെപ്പോളിയൻ കുടുംബത്തോട് അസാധാരണ സ്നേഹബന്ധം കാത്തു സൂക്ഷിച്ചിരുന്നു. അതിന് തെളിവാണ് അദ്ദേഹം ജോസഫൈന് എഴുതിയിട്ടുള്ള കത്തുകൾ. കർക്കശക്കാരനായ കമാണ്ടർ മാത്രമല്ല ദയാലുവും മനുഷ്യസ്നേഹിയുമായിരുന്നു നെപ്പോളിയൻ. ഒരിക്കൽ രാത്രിയിൽ പട്ടാളക്യാമ്പിൽ കാവൽ നിന്നിരുന്ന പടയാളി ഉറങ്ങിപ്പോയപ്പോൾ പരിശോധനയ്ക്കിടയിൽ അതു കാണാനിടയായ നെപ്പോളിയൻ അയാളുടെ തോക്കെടുത്ത് അയാൾക്കു പകരം കാവൽ നിന്നു, അതാണ് നെപ്പോളിയൻ. അങ്ങനെയാണ് നെപ്പോളിയൻ.

ഫ്രാൻസിൽ ആദ്യമായി പൊതു സ്കൂൾ സ്ഥാപിച്ചയാൾ. ഒരു ജനാധിഷ്ഠിത നിയമവ്യവസ്ഥ കൊണ്ടുവന്നയാൾ. നെപ്പോളിയൻ അങ്ങനെയൊക്കെയാണ് വ്യത്യസ്ഥനാകുന്നത്. “The First European” എന്നാണ് ചരിത്രകാരന്മാർ നെപ്പോളിയനെ വിശേഷിപ്പിക്കുന്നത്.

നെപ്പോളിയൻ രണ്ടു വിവാഹം കഴിച്ചിരുന്നു. ആദ്യ ഭാര്യ ജോസഫൈൻ ദുബ്ബ വാർണ്യെ. ജോസഫൈന് കുട്ടികൾ ഉണ്ടാകാത്തതിനാൽ 1810 ൽ മേരിലൂയിസിനെ കല്യാണം കഴിച്ചു. 1811 ൽ അതിൽ ഒരു ആൺകുട്ടി ജനിച്ചു. നിയമപ്രകാരം ജോസഫൈനെ ഡിവോഴ്സ് ചെയ്തെങ്കിലും നെപ്പോളിയന്റെ ഹൃദയത്തിൽ നിന്നും അവരെ പറിച്ചുമാറ്റിയിരുന്നില്ല. നെപ്പോളിയന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'ഞാൻ എക്കാലത്തും യഥാർത്ഥത്തിൽ സ്നേഹിച്ച സ്ത്രീ ജോസഫൈൻ മാത്രം'. യുദ്ധരംഗത്തു നിന്നുപോലും നെപ്പോളിയൻ ജോസഫൈന് കത്തുകൾ എഴുതുമായിരുന്നു. ആ കത്തുകൾ ലോകപ്രസിദ്ധമാണ്. 1814 ൽ ജോസഫൈൻ മരിച്ചു. അന്ന് നെപ്പോളിയൻ നാടുകടത്തപ്പെട്ടിരുന്നു.

1812-ൽ നെപ്പോളിയൻ മോസ്ക്കോയിൽ നിന്ന് പിന്മാറേണ്ടി വന്നു. ലെപ്സിഗിലെ യുദ്ധത്തിൽ അദ്ദേഹത്തിന് പരാജയം സംഭവിക്കയും എൽബൻ ദ്വീപിലേയ്ക്ക് നാടുകടത്തപ്പെടുകയും ചെയ്തു. 1815 ൽ സാമ്രാജ്യം പുനഃസ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. അതോടെ നാടുകടത്തപ്പെടുകയും 6 വർഷത്തിനു ശേഷം അവിടെവച്ച് കാൻസർ ബാധിച്ചു മരിക്കുകയും ചെയ്തു.

അങ്ങനെ യൂറോപ്പിനെ വിറപ്പിച്ച ധീരനായ നെപ്പോളിയൻ ചക്രവർത്തി 1821 മെയ് 5 ന് ഈ ലോകത്തോടു വിടപറഞ്ഞു. അദ്ദേഹത്തിന്റെ അവസാന വാക്കുകൾ ഇതായിരുന്നു. ഏറ്റവുമധികം സ്നേഹിച്ച പേരുകൾ ഫ്രാൻസ്, ജോസഫൈൻ.



# മലർവാടിക്കൂട്ടം

യുദ്ധം അവസാനിച്ചു. വിജയികൾ തടവുകാരായി പിടിച്ചവരിൽ ശത്രുപക്ഷത്ത് കാഹളമൂതിയ ഒരാളും ഉണ്ടായിരുന്നു. 'എന്നെ കൊല്ലരുതേ' അയാൾ ജേതാക്കളോട് അപേക്ഷിച്ചു. എന്നെ കൊല്ലുന്നതിന് വ്യക്തമായ ഒരു കാരണവും ഇല്ല. ഞാൻ യാതൊരു ആയുധവും എടുത്തിരുന്നില്ല. നിങ്ങളുടെ പട്ടാളക്കാരിൽ ആരെയും ഞാൻ കൊന്നില്ല. ആകെക്കൂടി ഞാൻ ചെയ്തത് കൊമ്പുവിളിക്കുക മാത്രമാണ്.

ആ ഒറ്റക്കാരണം കൊണ്ടുതന്നെ നിങ്ങൾ മറ്റാരേക്കാളും മുൻപ് കൊല്ലപ്പെടേണ്ടതാണ്. ശത്രുസൈന്യത്തിന്റെ മേധാവി പറഞ്ഞു. നിങ്ങളുടെ പടയാളികൾക്ക് ആദ്യമായി ആക്രമണ സൂചനയും ആവേശവും നൽകിയത് നിങ്ങളുടെ കൊമ്പുവിളിയാണ്. യുദ്ധത്തിൽ തളരുമ്പോൾ അവരെ നിങ്ങൾ വീണ്ടും വീണ്ടും കൊമ്പുവിളിയിലൂടെ ഉത്തേജിപ്പിക്കുകയും ഞങ്ങളുടെ ഭാഗത്തുള്ള കൂടുതൽ ഭടന്മാരെ കൊന്നൊടുക്കുവാൻ അതു പ്രേരിപ്പിക്കുകയും ചെയ്തു.

(കൊല്ലാൻ പ്രേരിക്കുന്നതാണ് കൊല്ലുന്നതിനേക്കാൾ വലിയ കുറ്റം)

സസ്നേഹം

കൊച്ചേട്ടൻ

## ശുഭചിന്തകൾ

**നാം കേൾക്കുന്നത് പകുതി വിശ്വസിക്കുന്നത് മിടുക്ക്. എന്നാൽ അതിൽ ഏത് പകുതി വിശ്വസിക്കണം എന്ന് തീരുമാനിക്കുന്നത് ബുദ്ധി. കേൾക്കുന്ന കാര്യങ്ങൾ അന്ധമായി വിശ്വസിക്കാതിരിക്കാം. അപ്പോൾ അത് അന്ധവിശ്വാസമായി മാറിയേക്കാം.**

# ബാലദീപം ക്വിസ്


**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. വിവാഹ കൂദാശ ഭൂമിയിൽ ആദ്യമായി സ്ഥാപിച്ചതാര്?
2. ആദ്യമായി വി. കുർബ്ബാന ആരംഭിച്ചതായി പറയപ്പെടുന്നതെവിടെ?
3. വി. കുർബ്ബാന മദ്ധ്യേ പട്ടക്കാരൻ എത്ര പ്രാവശ്യം ശൂബ്ക്കോനോ ചോദിക്കും?
4. വി. കുർബ്ബാനയിൽ വി. രഹസ്യങ്ങളുടെ എഴുന്നള്ളിപ്പ് എന്തിനെ സൂചിപ്പിക്കുന്നു?
5. കൂനൻ കുരിശ് സത്യം എന്ന്?
6. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ എന്ന്?
7. കൂടാരപെരുന്നാൾ എന്ന്?
8. തൂബ്ദേൻ എന്ന വാക്കിന്റെ അർത്ഥം?
9. ലുത്തിനിയ എന്ന വാക്കിന്റെ അർത്ഥം?
10. തൂയോബോ എന്ന വാക്കിന്റെ അർത്ഥം?

### മെയ് മാസത്തിലെ ഉത്തരങ്ങൾ (ബാലദീപം ക്വിസ്)

1. എ. ഡി. 325
2. വാങ്ങിപ്പോയ വിശ്വാസികളെ
3. വി. സ്തേഫാനോസ്
4. വി. തോമാശ്ലീഹാ
5. ഇഗ്നാത്തിയോസ്
6. ഞായറാഴ്ചയും മോറാനായ പെരുന്നാൾ ദിവസങ്ങളും
7. 5 നോമ്പുകൾ
   യൽദോനോമ്പ്, മൂന്നുനോമ്പ്,
   50 നോമ്പ്, ശ്ലീഹാനോമ്പ്
   ശൂനോയോനോമ്പ്
8. വി. മായൽത്തോ പെരുന്നാൾ (ഫെബ്രുവരി 2)
9. മാർച്ച് 25
10. ജനുവരി 6


PROJECT BY
WAKE
KNANAYA WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com


Ist Death Anniversary
16-06-2021
ABEY KURIAKOSE
Ettonnil House, Kallissery
by Sorrowing Family
Advt -O


11th Death Anniversary
(08 June 2021)
K. P. Mathew (പാപ്പച്ചൻ)
Kurukathadathil House
Sorrowing Family
P. K. Amminikutty
Benny, Seno, Susanna, Elizabeth, Jessica (California)
Jacob, Beena, Dilan, Sneha (Mysore)
Deepu, Leena, Sarah (Bangalore)
Advt -O

## 10 – ാം ചരമവാർഷികം

19 – 06 – 2021



**Aleyamma Mathunni**

**Mulamoottil**

**Kuttoor**

## 10 – ാം ചരമവാർഷികം

26 – 06 – 2021



**അഡ്വ. ജൂലി സുനിൽ**

**കല്ലുവെട്ടാംകുഴിയിൽ,**

**താഴത്തങ്ങാടി, കോട്ടയം**

Advt -R

## 5 – ാം ചരമവാർഷികം

27 – 06 – 2021



**ശോശാമ്മ തോമസ്**

**പഴയകളം നെയ്ശ്ശേരിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 11-ാം ചരമ വാർഷികം

03-07-2021




**വാവച്ചൻ**

**കറുകേലിൽ**

**തിരുവൻവണ്ടൂർ**

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസനെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിന്നായ്

Advt -O


It will be a long time when we see you again...
we will surly tell all about it when we meet you again...
In loving memory of our Daddy, P I Thomas (fondly called as Thomaskutty)
Padinjarayattathu House Kallisery, took on to heavenly journey on 10th June 2016,
with love and in prayer from Remani Thomas (w) & all Family members.
Advt -O

## 1 – ാം ചരമവാർഷികം

23 – 06 – 2021



കെ. എ. ഏബ്രഹാം
(തങ്കച്ചൻ)

## 13 – ാം ചരമവാർഷികം

09 – 06 – 2021



കെ. ഇ. ഏബ്രഹാം
(അവറാച്ചൻ)

**കൊച്ചുപുരയ്ക്കൽ, കുറിച്ചി**

**“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”**

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

30 – 06 – 2021



## മേരിക്കുട്ടി മത്തായി

**കൊക്കരവാലയിൽ, വാകത്താനം**

Advt -S

*സന്തപ്ത കുടുംബാംഗങ്ങൾ*

## *40th day of Sad Demise* 16 – 06 – 2021



## Smt. Money Joseph (74)

Rtd. Teacher belongs to Kulangara Family
Chingavanam
W/o M.O. Joseph
Rt. Head Master, Mulamoottil (H),
Vezhapra, Channanikadu
has passed away in heavenly abode on
8th May 2021.
May her soul Rest in Peace with lots of love and affections.

1. Joby Joseph (son) Pharmacy Manager - Jincy Baby (Canada)
2. Dr. Jomon Joseph (son) - Dr. Gorejina George (Newzealand)
3. Er. Jijo Joseph (son) Rtd. Lt. Commander Indian Navy - Ann Mathew (Eranakulam)

**" You will live for ever and ever in our hearts"**

*by Grieved family members*

## ആദരാഞ്ജലികൾ



Advt -O

# LEELAMMA THOMAS

**Kondakaserril, Mampuzhakkari**

Born: 13-03-1936 Died: 12-05-2021

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

സന്തപ്ത കുടുംബാംഗങ്ങൾ

## 2 -ാം ചരമ വാർഷികം

24-06-2021



Advt - O

# വൽസമ്മ സ്കറിയ

**കാക്കാംപറമ്പിൽ, വാകത്താനം**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്**
**വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

സന്തപ്ത കുടുംബാംഗങ്ങൾ



## 7 -ാം
## ചരമ വാർഷികം

16-06-2021

# കുര്യൻ മാത്യു

**(അനിയച്ചൻ)**

**വടവുപറമ്പിൽ, റാന്നി**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ"**

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt -O

3 – ാം ചരമ വാർഷികം
13 – 06 – 2021

34 – ാം ചരമ വാർഷികം
03 – 05 – 2021



Advt -O

**Kunjamma Chandy** **M. U. Chandy**

Meppurathu House
Cherukulanji P. O., Ranni

by Sorrowing Family

18 – ാം ചരമവാർഷികം
29 – 03 – 2021

6 – ാം ചരമവാർഷികം
22 – 05 – 2021



Advt -O

**അച്ചാമ്മ ലൂക്കോസ്** **ഇ. റ്റി. ലൂക്കോസ്**

ഇടവഴിക്കൽ, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ



## 5 – ാം ചരമ വാർഷികം

27 – 06 – 2021

# Mrs.Pennamma Zachariah

**W/o Subedar Zachariah M. C (Rtd)**

**Shan Nivas, Mundiyathara, Thengely**

*മക്കൾ :* Joshan, Roshan, Shan
*മരുമക്കൾ :* Shinta Joshan, Pretty Roshan, Soumya Shan
*കൊച്ചുമക്കൾ :* Aleena Joshan, Anneena Joshan, Alfeena Joshan
Jasmin Roshan, Jezlyn Roshan
Haniel Shan

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

By Sorrowing Family

Advt -O

## 40 – ാം ചരമദിനം

01 – 07 – 2021



# സാറാമ്മ സ്കറിയ

**വഴിയിൽ, വാകത്താനം, കോട്ടയം**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 40 – ാം ചരമദിനം

21 – 06 – 2021



# ചാച്ചിയമ്മ ജോയി

**മണലേചിറയിൽ, പാമ്പാടി**

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

FIRST DEATH ANNIVERSARY

11TH JULY 2021



# Chev. P Jacob Stephen

## Valanjathuruthil

( 2ND JULY 1922 - 11TH JULY 2020 )

"And those the Lord has rescued will return.
They will enter Zion with singing;
everlasting joy will crown their heads.
Gladness and joy will overtake them,
and sorrow and sighing will flee away"
Isaiah 35:10

A LION , WHO CONTINUES TO LIVE,
IN THE HEART OF THE BRAVE !!

# വിശുദ്ധ സഭ

**Er. റ്റി. എം. തോമസ് കൊച്ചുപുരയ്ക്കൽ,**
**തുണ്ടിയിൽ, കല്ലിശ്ശേരി**

സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു. (കൊലോസ്യർ 1:18). സഭ യേശുക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടതാണ്. (അപ്പോ. പ്രവൃ.20-28). സഭയ്ക്കാണ് ദൈവം പരിശുദ്ധാത്മാവിനെ നല്കിയത് (അപ്പോ.പ്രവൃ.2).

അന്ത്യോഖ്യയിൽ വച്ചു സ്ഥാപിതമായതുകൊണ്ട് സുറിയാനി സഭ എന്നു പേരുണ്ടായി. കർത്താവ് പത്രോസിനോടു പറഞ്ഞു നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു നൽകുന്നു. നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിയപ്പെട്ടിരിക്കും. വി.മത്തായി (16:18). അങ്ങനെ സഭയുടെ സ്ഥാപനത്തെക്കുറിച്ച് കർത്താവ് മുൻകൂട്ടി ശ്ലീഹന്മാരെ അറിയിച്ചു. തുടർന്നു ഉയർത്തെഴുന്നേല്പ്പിനുശേഷം ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവർക്കു സകല അധികാരവും കൊടുത്തു (യോഹ. 20:21–23).

പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. എന്നിട്ടു അവരുടെമേൽ ഊതി. അങ്ങനെ ആചാര്യത്വം അവർ സഭയ്ക്കു കൈമാറി. അങ്ങനെ അപ്പോസ്തോലന്മാരിൽ സ്ഥാപിക്കപ്പെട്ട് 2000 ത്തിനു മേൽ വർഷത്തെ അപ്പോസ്തോലിക പിൻതുടർച്ചയുള്ള ക്രിസ്തു നൽകിയ ആചാര്യത്വം തലമുറതലമുറയായി നിലനിർത്തപ്പെട്ടു പോരുന്നതാണ് സുറിയാനി സഭ. കർത്താവിൽ നിന്നും അപ്പോസ്തോലന്മാരിൽ നിന്നും ഉള്ള പിൻതുടർച്ചാബന്ധം കാണിച്ചുതരാൻ സാധിക്കാത്ത കൂട്ടത്തെ സഭ എന്നു വിളിക്കാൻ സാധിക്കില്ല. അതുകേവലം സംഘടനകൾ, സൊസൈറ്റികളാണ്.

ആദിമ സഭയുടെ ചരിത്രമാണു അപ്പോസ്തോലപ്രവൃത്തികൾ. അപ്പസ്തോലന്മാരിൽ നിന്നും പിൻതലമുറയ്ക്കുള്ള അധികാര കൈമാറ്റം ഇവ എല്ലാ ലേഖനങ്ങളിലും കാണാം.

തീമോത്തിയോസ്സിനോടു പറയുന്നു "എന്റെകൈവെപ്പിനാൽ നിന്നിലുള്ള ദൈവകൃപ ജ്വലിപ്പിക്കണം" എന്നു ഓർമ്മിപ്പിക്കുന്നു. തീമോത്തോസിനെ ബിഷപ്പായി അഭിഷേകം ചെയ്തത് പൗലോസ് ശ്ലീഹായുടെ അപ്പോസ്തോലിക കൈവെയ്പ്പുകൊണ്ടാണ്.

അപ്പസ്തോലിക പിൻതുടർച്ചയും പട്ടം കൊടുക്കലും ലേഖനങ്ങളിലൂടെയും അപ്പോ.പ്രവൃത്തിയിലൂടെയും വ്യക്തമായി കാണാം. വലിയവനായ പൗലോസിനുപോലും സ്നാനം നൽകുന്നതിനു പൗരോഹിത്യമുള്ള അനന്യാസിനെയാണു ദൈവം തിരഞ്ഞെടുത്തത്. യെരുശലേമിലെ ആദ്യത്തെ പട്ടം കൊടുക്കയെക്കുറിച്ച് അ.പ്ര. 6:5 ൽ വിവരിക്കുന്നുണ്ട്. ഇങ്ങനെ കൈവെപ്പിൽ കൂടിയാണ് പൗരോഹിത്യം തലമുറയായി കൈമാറ്റപ്പെടുന്നത്. അങ്ങനെ സഭയെ സ്ഥാപിക്കാൻ ശ്ലീഹന്മാർക്കാണു അധികാരം നൽകിയതെങ്കിൽ അവരുടെ കൈവെപ്പിനാൽ പിൻഗാമികളെ വാഴിച്ചെങ്കിൽ അവരുടെ പിൻതുടർച്ച ഇല്ലാത്ത ഒന്നിനെയും സഭ എന്നു പറയുവാൻ പറ്റില്ല. അപ്പസ്തോലന്മാരാൽ സ്ഥാപിതമായ സഭയ്ക്കാണ് കർത്താവു പരിശുദ്ധാത്മാവിനെ നൽകിയത്. അപ്പോ. പ്രവൃ. 2:47 ൽ "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു". ഏതു സഭയോടാണു ചേർത്തത്. പരിശുദ്ധാത്മാവു സഭയിലൂടെയാണു പ്രവൃത്തിക്കുന്നത്. സഭാ പിതാക്കന്മാരെ തിരഞ്ഞെടുക്കുന്നതും പരിശുദ്ധാത്മാവാണ്. (അപ്പോ. പ്ര.13:1–3) ഇതിൽ നിന്നുതന്നെയും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സഭ ഏതാണെന്നു തെളിഞ്ഞു കഴിഞ്ഞല്ലോ?

പരിശുദ്ധാത്മാവിനെ സഭയ്ക്കു നൽകിയതുപോലെ തിരുശരീരരക്തങ്ങളേയും ദൈവം നൽകിയതു സഭയ്ക്കാണ്. പീഢാനുഭവത്തിനു മുൻപു കുർബ്ബാന അർപ്പിക്കുവാനുള്ള അധികാരം ശിഷ്യന്മാർക്കു മാത്രം നൽകി. അതിനാൽ ശിഷ്യന്മാർക്കും അവരുടെ കൈവെയ്പ്പുള്ള പുരോഹിതന്മാർക്കും മാത്രമേ തിരുശരീരരക്തങ്ങൾ ആഘോഷിക്കുവാൻ അധികാരം ഉള്ളൂ.

**സ്നാനം നടത്തേണ്ടത് ആരാണ്?**

സ്നാനം നടത്തുന്നതിനു അപ്പോസ്തോലന്മാരെ മാത്രം അധികാരപ്പെടുത്തി. (വി. മത്തായി 28:16–20) ഫിലിപ്പോസ് ശമര്യയിൽ നടത്തിയ സ്നാനത്തിൽ പരിശുദ്ധാത്മാവ് ലഭിച്ചില്ലെന്നു അപ്പോ.പ്ര. 8–ാം അദ്ധ്യായത്തിൽക്കൂടി കാണുന്നു. പൗലോസിനെ സ്നാനം കഴിപ്പിക്കുന്നതിനു പൗരോഹിത്യമുള്ള അനന്യാസ് തന്നെ വേണ്ടി വന്നു. പൗരോഹിത്യം ഇല്ലാതെ സ്നാനം നടത്തുവാൻ കഴികയില്ലെന്നു നമുക്കു മനസ്സിലാക്കാം. പൗരോഹിത്യം ഇല്ലാതെ തിരുശരീരരക്തങ്ങൾ ആഘോഷിക്കുവാനോ കഴിയുകയില്ല.

അപ്പോസ്തോലിക പിൻതുടർച്ചയില്ലാത്തവർ ഇതിനു ബദലായി പറയുന്നത് (1 പത്രോ. 2:9) ൽ "രാജകീയ പുരോഹിത വർഗ്ഗവും" ആണ്. രാജാക്കന്മാർക്കും പുരോഹിതന്മാർക്കും നൽകിയിരുന്ന വിശുദ്ധ തൈലത്തിന്റെ അഭിഷേകത്താൽ വി. മൂറോനാൽ – അഭിഷേകം ചെയ്യപ്പെട്ടവരാണു രാജകീയ പുരോഹിതവർഗ്ഗമാകുന്നത്. യഹൂദസഭയിൽ മാത്രമല്ല ശ്ലൈഹീക കാലത്തും തൈലം ഉപയോഗിച്ചിരുന്നതായി കാണാം. മർക്കോസ് 6:12–13, യാക്കോബ് 5:14–15. അപ്പസ്തോലിക പാരമ്പര്യത്തിൽ പറയുന്നത് "സ്നാനം കഴിഞ്ഞ ഉടൻ തന്നെ പുരോഹിതൻ വിശുദ്ധീകരിക്കപ്പെട്ട തൈലം കൊണ്ട് പിതാവിന്റെയും പുത്രന്റെയും നാമത്തിൽ നിന്നെ ഞാൻ അഭിഷേകം ചെയ്യുന്നു".

അപ്പവീഞ്ഞുകളെ തിരുശരീര രക്തമാക്കുന്നതോ അധികാരത്തോടെ ഒലിവുതൈലവും ബാൽസവും കൊണ്ടുണ്ടാക്കുന്ന തൈലം മൂറോനാകുന്നു. അതുകൊണ്ടാണു വി. യാക്കോബ് പറയുന്നത് (5:14–15) രാജാക്കന്മാർക്കും പുരോഹിതന്മാർക്കും മാത്രം നൽകിയിരുന്ന ഈ വിശുദ്ധ തൈലം നമ്മുടെ തലമുതൽ കാലുവരെയും പൂശി പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ച വി.സഭയിലെ അംഗങ്ങൾക്ക് പുരോഹിതനാകുവാനുള്ള പ്രാഥമിക യോഗ്യതയായി. അതുകൊണ്ടാണ് ലേവ്യനല്ലാത്തവനും പുരോഹിതനാകുവാൻ സാധിച്ചത്. അതുകൊണ്ട് അപ്പോസ്തോലിക പിൻതുടർച്ചയും പൗരോഹിത്യവും ഇല്ലാത്തവർക്കു സ്നാനം നൽകുന്നതിനോ കുർബ്ബാന അർപ്പിക്കുന്നതിനോ സാദ്ധ്യമല്ല എന്നു സഭ പഠിപ്പിക്കുന്നു.

ഇനി വേദപുസ്തകം മാത്രം ആധാരം എന്നു പറയുന്നവരോട് ചോദിക്കുന്നു വേദപുസ്തകം ആരാണ് നമുക്ക് നൽകിയത്? സഭയാണ് വേദപുസ്തകം നൽകിയത്. യേശുക്രിസ്തു പുസ്തകം ഒന്നു എഴുതിയിട്ടില്ല. ക്രിസ്തു വാമൊഴിയായി പഠിപ്പിക്കുംകയായിരുന്നു. അവൻ ഉയർത്തെഴുന്നേ

റ്റ ശേഷവും 40 ദിവസവും ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരുന്നു. പഠിപ്പിക്കലുകൾ എന്തൊക്കെയാണെന്നു വേദപുസ്തകത്തിലില്ല. പഴയനിയമം ഹീബ്രു ഭാഷയിൽ നേരത്തേയുണ്ട്. എ.ഡി. 37 നും 90 നും ഇടയ്ക്കാണു സുവിശേഷങ്ങൾ എഴുതിയത്. വി.മത്തായി പലസ്തീനിൽ എ.ഡി. 37 ൽ അറമിക്ക് ഭാഷയിൽ തന്റെ നാട്ടുകാർക്കായും വി. മർക്കോസ് റോമിൽ എ.ഡി. 57 ൽ ലാറ്റിൻ ഭാഷയിൽ ജാതികളെ ഉദ്ദേശിച്ചും വി. യോഹന്നാൻ ആസ്യയിലെ സഭയിലെ കശീശന്മാരുടെ അപേക്ഷപ്രകാരമാണു എഴുതിയിട്ടുള്ളത്. അന്നു അക്ഷരാഭ്യാസമുള്ളവർ വളരെ കുറവായിരുന്നു. അച്ചടി ഇല്ലായിരുന്നു. വിശ്വാസ സത്യങ്ങൾ പഠിപ്പിച്ചിരുന്നതു വാമൊഴി ആയിട്ടായിരുന്നു.

എ.ഡി. 397 ൽ മാത്രമാണു ഇന്നു നാം കാണുന്ന മാതിരി ഒരു വേദപുസ്തകം ക്രോഡീകരിച്ചത്. സുറിയാനിയിലുള്ള പ്ശീത്തോ, ബൈബിൾ അതിനു മുൻപു മുതൽ ഉണ്ടായിരുന്നു. അച്ചടി പ്രാബല്യത്തിൽ ഇല്ലാതിരുന്നതിനാൽ കുറച്ചു കൈയ്യെഴുത്തു പ്രതികൾ മാത്രമെ ഉണ്ടായിരുന്നു എന്നു വേണം അനുമാനിക്കാൻ.

**ശിശുസ്നാനം വേദാനുസരണമോ?**

16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (1524) മാർട്ടിൻ ലൂഥർ തുടങ്ങിവച്ച പ്രോട്ടസ്റ്റന്റ് സഭകളിൽ കുറേകൂട്ടർ മാത്രമല്ലേ ശിശുസ്നാനത്തെ എതിർക്കുന്നുള്ളൂ. അതിനു മൂൻപുള്ള എല്ലാ സഭകളിലും ശിശുസ്നാനമല്ലേ നടന്നിരുന്നത്. ശിശുസ്നാനത്തിന് ആധാരമായി പറയുന്നത് (വി. മർക്കോസ് 16:16) “വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവർ രക്ഷ പ്രാപിക്കും. ശരിയാണ്. അന്നും ഇന്നും ക്രിസ്ത്യാനിയല്ലാത്ത ഒരാൾക്കും വിശ്വസിക്കാതെ സ്നാനം കൊടുക്കയില്ല. സഭയുടെ പ്രവർത്തനം ആരംഭിക്കുന്നത് പെന്തിക്കോസ്തി ദിവസമായിരുന്നല്ലോ. അന്നു വി. പത്രോസിന്റെ പ്രസംഗം കേട്ടു കർത്താവിൽ വിശ്വസിച്ചവരായ 3000 പേർ മാമോദീസാ ഏറ്റു സഭയിൽ ചേർന്നതുപോലെ, മറ്റെല്ലാ ശ്ലീഹന്മാരും പോയ സ്ഥലങ്ങളിലൊക്കെ പ്രസംഗിക്കയും വിശ്വസിച്ചവർ സ്നാനമേൽക്കുകയും ചെയ്തു. അവർ പ്രസംഗിച്ചതു തിരിച്ചറിവില്ലാത്ത ശിശുക്കളോടല്ല; പ്രായമുള്ള അക്രൈസ്തവരോടാണ്. അവരാണു വിശ്വസിച്ച ശേഷം സ്നാനമേറ്റത്. അവരുടെ ശിശുക്കളെ സ്നാനപ്പെടുത്തിയതല്ല എന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. ലുദിയായും അവളുടെ കുടുംബം മുഴുവനും: കാരാഗ്രഹപ്രമാണിയും അയാളുടെ കുടുംബത്തിൽ എല്ലാവരും എസ്തെപ്പാനായുടെ വീട്ടുകാരും സ്നാനം ഏറ്റു എന്ന് (അ. പ്ര. 16:15, 34:1, കൊരി. 1:15) രേഖപ്പെടുത്തിയിരിക്കുമ്പോൾ അവയിൽ ഒന്നിൽ പോലും ശിശുക്കൾ ഇല്ലായിരുന്നു എന്നു പറയാമോ? ശിശുക്കളെ സ്നാനപ്പെടുത്തരുതെന്ന് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇസ്രായേൽക്കാർ ചെങ്കടലിൽ കൂടി കടന്നുപോയത് സ്നാനത്തിനു സദൃശ്യമായിട്ടാണു പറഞ്ഞിരിക്കുന്നത് (1 കൊരി.10:1-4). അവരിൽ ശിശുക്കൾ ഉണ്ടായിരുന്നു എന്നതു തർക്കമറ്റ സംഗതിയല്ലേ? ഒരു ശിശുവിന്റെ പിതാവോ മാതാവോ വിശ്വാസിയാണെങ്കിൽ ശിശുക്കളും വിശുദ്ധർ ആണ് (1 കൊരി. 7:14). ശിശുക്കളെ അനുഗ്രഹിക്കാനായി യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ വിലക്കിയ ശിഷ്യന്മാരോടു യേശുവിനു നീരസം തോന്നി (മർക്കോസ് 10:13) ഇതിൽ നിന്നെല്ലാം സാമാന്യ ബുദ്ധിക്കു മനസ്സിലാക്കിയതു ശിശുസ്നാനം അപ്പസ്തോലിക കാലം മുതൽക്കേ നടപ്പായിരുന്നു എന്നാണ്. 1884 ൽ രൂപം കൊണ്ട ഒരു കൂട്ടർ മാത്രം ശിശുസ്നാനം പാടില്ല എന്നു പറഞ്ഞാൽ അതിൽ നിന്നും എന്താണു മനസ്സിലാക്കേണ്ടിയത്. ശിശുക്കളിൽ പരിശുദ്ധാത്മാവ് പ്രവേശിക്കയില്ലയോ? യറമിയ

**മാർട്ടിൻ ലൂഥർ തുടങ്ങിവച്ച പ്രോട്ടസ്റ്റന്റ് സഭകളിൽ കുറേകൂട്ടർ മാത്രമല്ലേ ശിശുസ്നാനത്തെ എതിർക്കുന്നുള്ളൂ. അതിനു മൂൻപുള്ള എല്ലാ സഭകളിലും ശിശുസ്നാനമല്ലേ നടന്നിരുന്നത്.**

പ്രവാചകൻ ജനിക്കുന്നതിനു മുൻപുതന്നെ ശുദ്ധീകരണം പ്രാപിച്ചു. (യറമിയ 1:5) യോഹന്നാൻ അമ്മയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു **(ലൂക്കോ. 1:15)** അതുപോലെതന്നെ മാതാപിതാക്കളുടെയും മറ്റുള്ളവരുടെയും വിശ്വാസം മൂലം യേശുക്രിസ്തുവിൽ നിന്നും അനേകർക്കു സൗഖ്യം ലഭിച്ചതായി കാണാം. ശിശുക്കൾക്കും അവർ അറിയാതെ തന്നെ ദൈവീക നൽവരം പ്രാപിക്കാമെന്ന് ഇവയെല്ലാം വ്യക്തമായി തെളിയിക്കുന്നു. ശിശുസ്നാനം വേദാനുസരണം ആണെന്നുള്ളതിന് ഇതിൽ കൂടുതൽ തെളിവു ആവശ്യമില്ല.

വി. വേദപുസ്തകം ക്രോഡീകരിക്കുന്നതിനു മുൻപുതന്നെ ആദിമ പിതാക്കന്മാർ (വി. ഐറന്നിയോസ് എ.ഡി. 140; വി. ഒറിജൻ എ.ഡി. 183, നിപ്പോലിറ്റസ് തെർത്തല്യൻ എ.ഡി 235, സിഫ്രിയൻ എ.ഡി 258) അവരുടെ പുസ്തകങ്ങളിൽ ശിശുക്കളെയും സ്നാനപ്പെടുത്തി സഭയിലേയ്ക്ക് ചേർത്തിരുന്നു എന്നു കാണുന്നുണ്ട്. സ്നാനം നടത്തേണ്ട രീതി പറഞ്ഞിരിക്കുന്നതിൽ ആദ്യമേ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തണം;. അവർക്കു സംസാരിക്കാൻ കഴിവുണ്ടെങ്കിൽ അവർ തന്നെ പറയട്ടെ; കഴിവായിട്ടില്ലെങ്കിൽ മാതാപിതാക്കളോ ചാർച്ചക്കാരോ അവർക്കുവേണ്ടി പറയണം. പിന്നീടു പുരുഷന്മാർ. പിന്നെ സ്ത്രീകൾ വി. തൈലം കൊണ്ടുള്ള അഭിഷേകം തുടർന്ന് പ്രാർത്ഥന ഇതൊക്കെ അന്നു നിലനിന്നതാണ്. സഭ രൂപീകൃതമാക്കിയ പിതാക്കന്മാരുടെ ഒരു സുന്നഹദോസിലും ശിശുസ്നാനം വിലക്കിയിട്ടില്ല.

മദ്ധ്യസ്ഥത: പിതാവായ ദൈവത്തിനും മനുഷ്യജാതിക്കുമിടയിൽ ഒരു മദ്ധ്യസ്ഥൻ മാത്രമേ ഉള്ളൂ. അതു നമ്മുടെ കർത്താവായ യേശു തന്നെ വാങ്ങിപ്പോയ വിശുദ്ധന്മാർ സജീവരാണ്. അവർക്കു ദൃശ്യമായ ശരീരമില്ലങ്കിലും ശരീരമുള്ള നമ്മേപ്പോലെ തന്നെ ആക്ടീവ് ആണ്. നമുക്കുവേണ്ടി കർത്താവിനോടു അപേക്ഷിക്കണമെ എന്നാണു നാം വിശുദ്ധന്മാരോട് മദ്ധ്യസ്ഥത നടത്തുന്നത്. പിതാവിനോടല്ല. മദ്ധ്യസ്ഥത എന്ന ഒരു Concept പഴയ നിയമകാലത്തു തന്നെ ഉണ്ടായിരുന്നുവല്ലോ. യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിൽ 15:1 ൽ യഹോവ തന്നെ പറഞ്ഞിരിക്കുന്നതു എന്താണ്. “മോശയും ശമുവേലും എന്റെ മുമ്പാകെ നിന്നാലും എന്റെ മനസ്സ് ഈ ജനത്തിങ്കലേക്കു ചായുകയില്ല.”

**മരിച്ചവർക്കുവണ്ടിയുള്ള പ്രാർത്ഥന**

വി. വേദപുസ്തകത്തിന്റെ രൂപീകരണത്തിനു വളരെ മുമ്പുതന്നെ ആദിമ സഭയിൽ ക്രമീകരിച്ചിരുന്ന നടപടി ക്രമങ്ങളിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ക്രമീകരിച്ചിരുന്ന വി. തെർത്തുല്യന്റെ (എ.ഡി 155-240) പുസ്തകത്തിലും വി. സിപ്രിയന്റെ (എ.ഡി. 250)ലും മറ്റു പല പിതാക്കന്മാരുടെയും ക്രമങ്ങളിൽ നിദ്ര പ്രാപിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ക്രമീകരിച്ചിരുന്നു.

അതുപോലെ തന്നെ കർത്താവിന്റെ വചനങ്ങളിൽ വിശ്വസിച്ചു എങ്കിലും സ്നാനപ്പെടുന്നതിനു മുമ്പായി മരിച്ചുപോയവർക്കുവേണ്ടി മറ്റുള്ളവർ സ്നാനമേറ്റതായി 1. കോരിന്ത്യർ 15:29ൽ പറഞ്ഞിട്ടുണ്ടല്ലോ. പഴയ നിയമത്തിൽ

രൂബേനു വേണ്ടി മോശ പാപമോചന ബലി നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

വി. വേദപുസ്തകത്തിൽ അർത്ഥശങ്കയുള്ള ഒരു കാര്യവും ഇല്ലന്നു ഒരു കൂട്ടർ പറയുമ്പോൾ വി. മത്തായിയുടെ സുവിശേഷത്തിൽ കർത്താവിന്റെ തലമുറ അബ്രഹാം മുതൽ യേശു ക്രിസ്തുവരെ 42 എന്നും വി. ലൂക്കോസിന്റെ സുവിശേഷത്തിൽ 56 എന്നും കാണുന്നു. അതേപോലെ ദാവീദിന്റെ മകൻ ശലോമോനെന്നും ദാവീദിന്റെ മകൻ നാഥാൻ എന്നും പറയുന്നതിനുള്ള വിശദീകരണം എന്താണ്.




വി. വേദപുസ്തകത്തിന്റെ ക്രോഡീകരണത്തിനു മുമ്പു തന്നെ അതായതു കർത്താവിന്റെ ഉയിർപ്പിനെ തുടർന്ന് വി. അപ്പോസ്തോലന്മാരും തുടർന്ന് വി. പിതാക്കന്മാരും ക്രമീകരിച്ചതും ചിട്ടപ്പെടുത്തിയതുമാണ് വി. കുർബ്ബാനയും സഭാ വിശ്വാസങ്ങളും. കർത്താവിന്റെ ഉയിർപ്പിനുശേഷം വി. യാക്കോബു ശ്ലീഹാ ക്രമീകരിച്ച വി. കുർബ്ബാന ക്രമമാണ് യാക്കോബിന്റെ തക്സാ- പൗരാണിക സഭകൾ പിൻ തുടരുന്നത്. അതിന്റെ ഒർജിനൽ അഞ്ചര മണിക്കൂറിൽ അധികം എടുക്കുമെന്നതിനാൽ പ്രായോഗികമായി ഉപയോഗിക്കുന്നതിനു സമയം കുറിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും വർഷത്തിൽ ഒരിക്കൽ ഈ തക്സാ വച്ചു വത്തിക്കാനിൽ വി. കുർബ്ബാന ചൊല്ലുന്നുണ്ടെന്നു അവിടെ PHd യുടെ ഭാഗമായി Research ആയി താമസിച്ചിരുന്ന ഒരു വൈദികനിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

ഓരോ കാലഘട്ടങ്ങളിൽ ഓരോരുത്തർക്കു തോന്നിയ മാതിരിയുള്ള വ്യാഖ്യാനത്തിൽ അനേകം സഭകൾ ഉണ്ടായി. ഓരോ സഭക്കാരും അവരുടെ വിശ്വാസമാണ് ശരിയെന്നു സ്ഥാപിക്കാൻ വി. ബൈബിളിലെ ചില വാക്യങ്ങളുടെ അറ്റവും മുറിയും എടുക്കും. എന്നാൽ അതിൽപെട്ട ചില സഭാ നേതാക്കൾ സത്യവിശ്വാസം ആഴമായി പഠിച്ചതോടു കൂടി മാതൃസഭയിലേക്കു മടങ്ങിവന്നു കൊണ്ടിരിക്കുകയാണ്. ഉദാ. ഷിബു പീടിയേക്കൽ, സജിത്ത് ഡോ. ചെറി ചെങ്ങന്നൂർ, അങ്ങനെ അനേകർ.

മരണശേഷം ആരെയും ഓർക്കരുത് എന്നല്ലേ പുതുവിശ്വാസം. അപ്പോൾ പിന്നെ നാം സ്നേഹിച്ച നമ്മെ സ്നേഹിച്ച മാതാപിതാക്കളും നാം സ്നേഹിക്കുകയും നമ്മേയും സ്നേഹിച്ചിരുന്ന പട്ടി പൂച്ച ആദിയായ വളർത്തുമൃഗങ്ങളും തമ്മിൽ മരണശേഷം എന്തു വ്യത്യാസമാണുള്ളത്.

യിസ്രായേൽ മക്കൾ ജോസഫിന്റെ അസ്ഥികൾ മിസ്രയീമിൽ നിന്നും കനാനിലേക്കു കൊണ്ടുവന്നതു വിവരക്കേടല്ലാതെ എന്താണ്? രൂബേന്റെ പാപത്തിനായി മോശ ബലി കഴിച്ചതും മറ്റൊരു വിവരക്കേടല്ലാതെ എന്താണ്? ഏലിശായുടെ അസ്ഥികളിൽ വീണ മൃതശരീരത്തിനു ജീവൻ വന്നതു സത്യമല്ലേ? അറ്റവും മുറിയും കേട്ടുകൊണ്ട് അതിൽ കടിച്ചുതൂങ്ങാതെ കൂടുതൽ പഠിക്കുവാൻ ശ്രമിക്കുക. പൂർവ്വ പിതാക്കന്മാരെല്ലാം അന്ധതയിലും മൂഢ്യതയിലും ആയിരുന്നുവെന്നു ചുമ്മാതങ്ങു പറഞ്ഞാൽ അതു മറ്റൊരു വിവരക്കേടല്ലേ? നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പീൻ എന്നു പറഞ്ഞു കർത്താവു തന്നെ പറഞ്ഞുതന്ന പ്രാർത്ഥനയെ തള്ളിക്കളഞ്ഞവരെ:- ഒരിക്കൽപോലും പ്രാർത്ഥിക്കാത്തവരെപ്പറ്റി എന്താണു പറയേണ്ടിയത്? വിസ്താരഭയത്താൽ അധികം നീട്ടുന്നില്ല. സത്യം മനസ്സിലാക്കി മടങ്ങിവരുന്നതിനു ഒട്ടും തന്നെ ലജ്ജിക്കേണ്ട കാര്യമില്ല. ദൈവം അനുഗ്രഹിക്കട്ടെ. ●

# സ്മരണാഞ്ജലി

| 10- 01- 2018 | 03- 06- 2003 | 05-03- 2010 | 14- 03- 2003 |
|---|---|---|---|
|  |  |  |  |
| **ജോസഫ് മാത്യു**<br>(ജിക്കു)<br>ഇടശ്ശേരിൽ | **റ്റി .എം. ആൻഡ്രൂസ്**<br>(കൊച്ചുസാർ)<br>തോട്ടോത്ര | **മേരി ആൻഡ്രൂസ്**<br>തോട്ടോത്ര | **തോമസ്**<br>തോട്ടോത്ര |

സന്തപ്ത കുടുംബാംഗങ്ങൾ

# മയക്കത്തിലെ മായക്കാഴ്ചകൾ മാത്രമാവരുത് സ്വപ്നങ്ങൾ

## അവ നേടിക്കൊടുക്കേണ്ടത് കടമയാണ് ഉത്തരവാദിത്വമാണ്

ഡോ. ബാബു സെബാസ്റ്റ്യൻ (മുൻ എം.ജി., കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ)
ചാൻസലർ, വേദിക് ഐ.എ.എസ് അക്കാഡമി

പരാശ്രയത്വമല്ല. സ്വാശ്രയത്വമാണ് ഒരു നാടിന്റെ ഔന്നത്യത്തിന്റെ ഉദാത്തമായ ലക്ഷണം. അത് പൂർത്തീകരിക്കേണ്ടത് ആ ദേശത്തെ ബുദ്ധിയും ഇച്ഛാശക്തിയും ക്രിയാശക്തിയും ഉള്ള യുവാക്കളാണ്. ഇന്ത്യൻ പ്രധാനമന്ത്രി രാജ്യത്തെ കോടാനുകോടി പൗരന്മാർക്കായി ഒരു ജനകീയ പദ്ധതി ആവിഷ്ക്കരിച്ചു സ്വാശ്രയഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായുള്ള 'ആത്മനിർഭർ ഭാരത്' ഇത് പ്രാവർത്തികമാക്കുവാൻ ഒരു മാർഗ്ഗമുണ്ട്. മുൻ ആഫിക്കൻ പ്രസിഡന്റ്നെൽസൺ മണ്ടേല മുന്നോട്ട് വെച്ച മാർഗ്ഗം. ലോകത്ത് കാലോചിതമായ പരിവർത്തനങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തിയുള്ള ആയുധവും വഴിയുമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞു 'ഒരു പക്ഷെ നിങ്ങൾ നാളെ മരിക്കും എന്ന നിലയിലും ചിന്തയിലും ജീവിക്കുക, ഒരിക്കലും നമ്മൾ മരിക്കില്ല എന്ന നിലയിൽ പഠിക്കുക' ഇത് രണ്ടും കൂട്ടി ചേർത്ത് വായിക്കുമ്പോൾ കാര്യം വ്യക്തമാവും, ഗ്രീക്ക് തത്വചിന്തകനായ അരിസ്റ്റോട്ടിൽ പറഞ്ഞത് എത്രയോ ശരിയാണ്. വിദ്യാഭ്യാസമെന്ന വടവൃക്ഷത്തിന്റെ വേരുകൾ കയ്പ്പേറിയതായിരിക്കാം. അതിന്റെ ഫലങ്ങൾ അതിമധുരമുള്ളതായിരിക്കുമെന്നുള്ള ദീർഘവീക്ഷണമാണ് വേണ്ടതെന്ന അർത്ഥവത്തായ കാഴ്ചപ്പാട് നമുക്കായി പങ്കുവയ്ക്കുന്നത് മുൻ കേരള അഡീഷണൽ ചീഫ് സെക്രട്ടറിയും, യു.എൻ. കൺസൾട്ടന്റുമായ ഡോ.സി.വി.ആനന്ദബോസ് ഐ.എ.എസ്. ആണ്. എട്ടാം ക്ലാസ്സ് മുതൽ 32 വയസ്സ് വരെ സിവിൽ സർവ്വീസ് പരിശീലനം നൽകാനുള്ള പാഠ്യപദ്ധതിയുമായി കൊച്ചി ആസ്ഥാനമായുള്ള വേദിക് ഐ.എ.എസ്. അക്കാഡമി, കേവലം സിവിൽ സർവ്വീസ് പരിശീലനം മാത്രമല്ല, ഏത് മത്സരപ്പരീക്ഷകളിലും ഉന്നതവിജയം നേടുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യവും കൂടിയാണ് നടപ്പിലാക്കുന്നത്.

ഇന്ത്യൻ സിവിൽ സർവ്വീസ് കൂടാതെ രാജ്യത്തിന് വെളിയിലുള്ള വിദ്യാർത്ഥികളെ കൂടി ലക്ഷ്യംവച്ച് യു.എൻ.സിവിൽ സർവ്വീസ്, ടാറ്റ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തുടങ്ങിയവയ്ക്കായുള്ള പരിശീലനവും വേദിക് അക്കാദമി ഒരുക്കുന്നുണ്ട്. സ്കൂൾ വിഷയങ്ങളടക്കം ഏത് മത്സരപ്പരീക്ഷകളിലും തിളങ്ങുവാനും കുട്ടികളെ പ്രാപ്തരാക്കുകയെന്ന ദൗത്യത്തിലേക്ക് സിവിൽ സർവ്വീസ് എന്ന സ്വപ്ന സാക്ഷാത്കാരത്തിനു ശ്രമിക്കുന്നതിനൊപ്പം സമസ്ത മേഖലകളിലും ജനറൽനോളജ് (പൊതുവിജ്ഞാനം) നേടുന്നതിലൂടെ NDA, IBPS, NHPC, ONGC, NIT, RBI, RAW, CBI തുടങ്ങിയ ഉന്നത സ്ഥാപനങ്ങളിലെ ജോലികളിൽ എത്തിപ്പെടുന്നതിനായി സൗജന്യമായി നിരന്തര പരിശീലനം നൽകുവാൻ വേദിയൊരുക്കുക കൂടിയാണ് വേദിക്. ഇന്ത്യയിലെ ഏറ്റവും പരിചയസമ്പന്നരായ വിരമിച്ച ഐ.എ.എസ്, ഐ.പി. എസ്. ഉദ്യോഗസ്ഥരാണ് ക്ലാസ്സുകൾ നയിക്കുന്നത്. കേരളത്തിലെ മുൻ ഡി.ജി.പി.യും. സിവിൽ സർവ്വീസ് പരിശീലനത്തിൽ അനേകം കാലങ്ങളായി വ്യക്തിമുദ്ര പതിപ്പിച്ച ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ആണ് വേദിക് ഐ.എ.എസ് അക്കാദമിയുടെ ഡീൻ. മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളുടെ മുൻ വൈസ് ചാൻസിലറായ ഡോ. ബാബു സെബാസ്റ്റ്യനാണ് ചാൻസിലർ. കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോ. മുഹമ്മദ് ബഷീർ ഹോണററി വൈസ് ചാൻസിലറാണ്. കർണ്ണാടകയിലെ മുൻ ചീഫ് സെക്രട്ടറിയും  ക്യാബിനറ്റ് മന്ത്രിയുമായിരുന്ന ഡോ. ജെ. അലക്സാണ്ടർ ഐ.എ.എസ്. കർണ്ണാടകയിലെ മുൻ ഡി.ജി.പി. ശങ്കർ ബിദരി ഐ.പി.എസ്. എന്നിവർ മെന്റർമാരാണ്.

സിവിൽ സർവ്വീസ് പരിശീലന രംഗത്തെ പ്രഗത്ഭരായ ഡോ. ഒ. പി. മിനോച്ച, മുൻ കേരള അഡീഷണൽ ചിഫ് സെക്രട്ടറിയും, യു.എൻ കൺസൾട്ടന്റുമായ ഡോ. സി.വി. ആനന്ദബോസ് ഐ.എ.എസ്., കേണൽ ഡി.എസ്. ചീമ, പ്രൊഫ. എൻ.കെ.ഗോയൽ, മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ വിവേക് അത്രെ, ലോകസഞ്ചാരിയും സഫാരി ചാനൽ മേധാവിയുമായ ശ്രീ. സന്തോഷ് ജോർജ് കുളങ്ങര തുടങ്ങിയവരുൾപ്പെടുന്നതാണ് പരിശീലക നിര.

കേരളത്തിൽ 41 സ്ഥലങ്ങളുൾപ്പെടെ രാജ്യത്ത് 128 ഓഫീസുകളാണ് വേദിക്കിനുള്ളത്. ഗൾഫിലടക്കം 14 രാജ്യങ്ങളിൽ വേദിക്കിന്റെ ഓഫ്ക്യാമ്പസ് സെന്ററുകളും പ്രവർത്തിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ 12 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പരീക്ഷയെഴുതുന്നതിനുള്ള പരിശീലന പരിപാടിയും പ്രത്യേകമായി വേദിക് ഐ.എ.എസ് അക്കാദമി തയ്യാറാക്കിയിട്ടുണ്ട്.

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ഓഫ് എഡ്യുക്കേഷൻ എന്ന പ്രഖ്യാപിത ലക്ഷ്യത്തിന് നൽകിയ സംഭാവനകളുടെ അടിസ്ഥാനത്തിൽ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയന്റെ 2020 ലെ എക്സലന്റ് ഗ്ലോബൽ ഇ-ലേർണിംഗ് അവാർഡിന് വേദിക് ഐ.എ.എസ്.അക്കാദമിയെ തിരഞ്ഞെടുത്തിട്ടുണ്ട്. ഓൺലൈൻ സിവിൽ സർവ്വീസ് പരിശീലനത്തിനായി വേദിക് ഐ.എ.എസ്. അക്കാദമി വികസിപ്പിച്ചെടുത്ത ഡിജിറ്റൽ പ്ലാറ്റ്ഫോം, ആനിമേറ്റഡ് കണ്ടന്റ്, നിർമ്മിതബുദ്ധി, ഹോളോഗ്രാം സാങ്കേതികവിദ്യ, അദ്ധ്യായന രീതികൾ എന്നിവയുടെ ഗുണനിലവാരം അടിസ്ഥാനമാക്കിയാണ് അംഗീകാരം. ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരു സിവിൽ സർവ്വീസ്

പരിശീലന കേന്ദ്രം രാജ്യാന്തരതലത്തിലുള്ള ഇ–ലേർണിംഗ് പുരസ്ക്കാരം നേടുന്നത്.

നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ നിന്ന് മിടുക്കന്മാരേയും മിടുക്കികളേയും കണ്ടെത്തി അവരെ സിവിൽ സർവ്വീസ് മേഖലയിലെ മികച്ച സാന്നിദ്ധ്യങ്ങളായി വളർത്തിയെടുക്കാൻ വേദിക് ഐ.എ.എസ് അക്കാദമിയുടെ ഉദ്യമത്തിലൂടെ, ഇന്ന് നൂറുകണക്കിന് കുട്ടികൾ അറിവിന്റെ നെറുകയിലേയ്ക്ക് കയറുവാൻ അത്യുത്സാഹത്തോടെ ഓൺലൈൻ ക്ലാസ്സുകളിൽ പഠനം തുടരുന്നു.

ഇന്ത്യയിലെ സിവിൽ സർവ്വീസിന്റെ വിശാലമായ മേഖലയിലെ ഒരുന്നത ഉദ്യോഗസ്ഥൻ, ഒരു കളക്ടർ, അല്ലെങ്കിൽ ഒരു റാങ്ക് ജേതാവ് എന്നത് നമ്മൾ എല്ലാവരുടെയും സ്വപ്നമാണല്ലോ. ഇനി അത് യാഥാർത്ഥ്യമാവുകയാണ്. നിരവധി മിടുക്കന്മാരും മിടുക്കികളുമുള്ള നമ്മുടെ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് മുതൽ പഠിക്കുന്ന കുട്ടികളിൽ നിന്നും പ്രതിഭാധനരായ സിവിൽ സർവ്വീസുകാരെ സൃഷ്ടിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് നമ്മുടെ ഏക ലക്ഷ്യം. ഈ സംരംഭത്തിലൂടെ ഈ നാടിനും ഓരോ സ്കൂളിനും ജില്ലയ്ക്കും നമ്മുടെ സംസ്ഥാനത്തിനും അഭിമാനിക്കാവുന്ന വിജയം നേടിയെടുക്കുവാനുള്ള വേദിക് അക്കാദമിയുടെ വിശാലമായ ഫ്ളാറ്റ്ഫോം പരമാവധി പ്രയോജനപ്പെടുത്തിയാൽ അത് നാടിന്റെ നന്മയ്ക്ക് നൽകുന്ന ഗുണനിലവാരവും അറിവും നിറവുമുള്ള തലമുറയായിരിക്കും.

സിവിൽ സർവ്വീസ് എന്നത് പണക്കാർക്ക് മാത്രമുള്ള പാഠ്യപദ്ധതിയല്ലെന്ന് പ്രവർത്തിയിലൂടെ തെളിയിക്കുകയാണ് വേദിക് ഐ.എ.എസ്. അക്കാദമി, കേവലം 29,999 രൂപ ഫീസ് നൽകിയാൽ എട്ടാം ക്ലാസ്സ് മുതൽ സിവിൽ സർവ്വീസിന്റെ പരീക്ഷയെഴുതാനുള്ള പ്രായപരിധിയായ 32 വയസ്സുവരെ ഓൺലൈൻ പരിശീലനം നൽകുന്നു. മാത്രമല്ല, സിവിൽ സർവ്വീസിന്റെ പ്രിലിമിനറി പരീക്ഷ പാസ്സാകുന്നവർക്ക് കോഴ്സ് ഫീസ് പൂർണ്ണമായും തിരികെ നൽകി സൗജന്യപരിശീലനവും അക്കാഡമി വാഗ്ദാനം ചെയ്യുന്നു.

ആദരണീയനായ കേരളാ ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്ത One School - One IAS പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തിക ശേഷിയില്ലാത്ത മിടുക്കരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി സിവിൽ സർവ്വീസ് പരിശീലനവും അക്കാദമി വാഗ്ദാനം ചെയ്യുന്നുണ്ട്. സ്പോൺസർഷിപ്പ് വഴി കേരളത്തിലുടനീളം 10,000 കുട്ടികളെയാണ് ഇതുവഴി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്. അതത് സ്കൂളുകളിലെ അദ്ധ്യാപകരാണ് അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സാമ്പത്തികശേഷിയില്ലെന്ന കാരണം കൊണ്ട് പഠന സ്വപ്നങ്ങൾ നേടിയെടുക്കാൻ കഴിയാത്ത അവസ്ഥ മിടുക്കരായ വിദ്യാർത്ഥികൾക്കുണ്ടാകരുത് എന്നതാണ് വേദിക് ഐ. എ. എസ്. അക്കാദമിയുടെ പ്രധാന ലക്ഷ്യം. നിർദ്ധനരായ 10 കുട്ടികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ സ്പോൺസറായി സ്വയം മുന്നോട്ട് വന്നത് പ്രമുഖ ചലച്ചിത്ര താരം മഞ്ജു വാര്യരാണ്.

അതെ, നമ്മുടെ സമൂഹം മാറ്റങ്ങൾ ആഗ്രഹിക്കുന്നു. അതിനായി ചുറുചുറുക്കുള്ള യുവതലമുറ ഉന്നത സ്ഥാനങ്ങളിൽ എത്തണം. അവരുടെ നൂതനാശയങ്ങൾ ജനങ്ങൾക്ക് കൈത്താങ്ങാകണം. അതിനായി മറ്റ് സ്ഥാപനങ്ങളിൽ നിന്നും വേറിട്ട മുദ്രയുമായാണ് വേദിക് ഐ. എ. എസ്. അക്കാദമി അർപ്പണ ബുദ്ധിയോടെയും സമർപ്പണ മനോഭാവത്തോടെയും നിലകൊള്ളുന്നത്. പ്രവേശനത്തിനും മറ്റുള്ള വിശദമായ വിവരങ്ങൾക്കും ഇപ്പോൾ തന്നെ സന്ദർശിച്ചോളു. www.vedhikiasakadamy.org കുട്ടികൾ സ്വപ്നങ്ങൾ മാത്രം കണ്ടുറങ്ങിയുണരാതെ അവർക്ക് ഇപ്രകാരം വ്യക്തമായ ഭാവി ജീവിതം മാതാപിതാക്കൾക്ക് വേദിക് ഐ. എ. എസ്. അക്കാദമിയുടെ ഒപ്പം ചേരാം. മക്കളുടെ കൈയ്യൊപ്പുകൾ നാളെയുടെ സാക്ഷാത്കാരങ്ങൾ ആവട്ടെ. അങ്ങനെ നന്മയും മേന്മയും ഉള്ള നാട്ടിൻ പുറങ്ങളും വീട്ടകങ്ങളും സന്തോഷവും സംതൃപ്തിയും അഭിമാനവും പ്രകാശിക്കുന്ന നിലവിളക്കാകട്ടെ.

●

കവിത

# ക്രിസ്ത്തീയ ഗീതം

**ഏലിക്കുട്ടി തോമസ്**

**കുന്നേൽപറമ്പിൽ, ചിങ്ങവനം**

വരുന്നുണ്ട് വരുന്നുണ്ട്
എന്റെ അത്ഭുതം വരുന്നുണ്ട് (2)
കുരുടനു കാഴ്ച ലഭിച്ചതുപോൽ
എൻ സൗഖ്യം വരുന്നുണ്ട് (2)
(വരുന്നുണ്ട്.........)

സൂന്നന്നയ്ക്ക് രക്ഷ ലഭിച്ചതുപോൽ
എൻ രക്ഷയും വരുന്നുണ്ട് (2)
മറിയം കൃപയിൽ നിറഞ്ഞതുപോൽ
എൻ കൃപയും വരുന്നുണ്ട് (2)
(വരുന്നുണ്ട്...........)

കർമേൽ മലയിൽ തൂവുന്ന മഞ്ഞേ
ഒലിവിൻ ശിഖരം ഏന്തുന്ന പ്രാവേ (2)
നോഹതൻ പെട്ടകമേ
വരുന്നുണ്ട് വരുന്നുണ്ട്
എന്റെ അത്ഭുതം വരുന്നുണ്ട്

ഇരുൾ വീഴും വീഥിയിൽ ഒളിതൂകും ദീപമായ്
നാഥൻ വരുന്നുണ്ട്
കുരിശിന്റെ പാതയിൽ തളരാതെ നീങ്ങുവാൻ
നാഥൻ വരുന്നുണ്ട് (2) (വരുന്നുണ്ട്........)

# ലോകസമാധാനം

 റ്റി. സി. തോമസ് തോപ്പിൽ
(ക്നാനായ കമ്മിറ്റിയംഗം)

**ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളുടെ കെടുതികളും തിക്തഫലങ്ങളും കണ്ടും അനുഭവിച്ചും വന്നിട്ടും മനുഷ്യന്റെ യുദ്ധാസക്തിക്ക് ഇനിയും വിരാമമുണ്ടായിട്ടില്ല. മനുഷ്യർ പടുത്തുയർത്തുന്ന സംസ്ക്കാര സൗധങ്ങളെല്ലാം നിമിഷനേരം കൊണ്ട് ഭസ്മമാക്കുവാൻ സാധിക്കും. ലോകസമാധാനം മനുഷ്യരാശിയുടെ മുന്നോട്ടുള്ള പുരോഗതിക്കും പ്രയാണത്തിനും അനിവാര്യമാണ്. ദ്വേഷത്തിന്റെയും മാത്സര്യത്തിന്റെയും അക്രമത്തിന്റെയും ഭീകരതയുടെയും വിഷവിത്തുകൾ വിതറാൻ അവസരമുണ്ടാകരുത്. ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യ പുരോഗതിയിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.**

'ലോക സമസ്ത സുഖിനോ ഭവന്തു' എന്നാണ് ഭാരതീയ പ്രാർത്ഥന. സമസ്ത ലോകത്തിനും സുഖം ഭവിക്കട്ടെ എന്നാണ് ഈ പ്രാർത്ഥനയുടെ അർത്ഥം. ശരീരത്തിലെ ഏത് അവയവത്തിനുമുണ്ടാകുന്ന വേദനയും മറ്റ് അവയവങ്ങളുടെയും വേദനയാണ്. ലോകത്തിലെ ഏതൊരു രാജ്യത്തുണ്ടാകുന്ന ദുഃഖവും ദുരന്തവും കലാപങ്ങളും മുഴുവൻ ലോകത്തിന്റെയും പ്രശ്നങ്ങളായി വളരാൻ സാദ്ധ്യതയുണ്ട്. ലോകം മുഴുവൻ ഇന്നൊരു ഭീഷണിയുടെയും ഭീതിയുടെയും നിഴലിലാണ്. അദൃശ്യനായ കോവിഡ് വൈറസിനെ ഭയന്നു മനുഷ്യൻ ഒളിച്ചിരിക്കുന്ന അവസ്ഥ. ലോകം മുഴുവൻ മുഖംമൂടി ധരിച്ച് മനുഷ്യൻ ദേശീയ അന്തർദേശീയ, കര വ്യോമ ഗതാഗത നിയന്ത്രണങ്ങൾ. ലക്ഷക്കണക്കിനു മനുഷ്യരെ ഭൂമുഖത്തുനിന്നു തുടച്ചു നീക്കിക്കൊണ്ട് കോവിഡ് എന്ന മഹാമാരി ഇന്ത്യ ഉൾപ്പെടെയുള്ള ലോകരാജ്യങ്ങളിൽ അതിന്റെ സംഹാരതാണ്ഡവം നടത്തിക്കൊണ്ടിരിക്കുന്നു. മറുവശത്ത് ആയുധപ്പന്തയത്തിൽ ഏർപ്പെട്ടിരിക്കുകയാണ് വൻശക്തികൾ. ഹിരോഷിമയും നാഗസാക്കികളും നിഷ്പ്രഭമാക്കത്തക്കവിധം ഭീകരങ്ങളായ യുദ്ധോപകരണങ്ങളാണ് ആയുധപ്പുരകളിൽ അണിയിച്ചൊരുക്കുന്നത്. ഭൂമിയെ കൂടാതെ ബഹിരാകാശത്തെയും യുദ്ധക്കളമാക്കി മാറ്റാൻ ശാസ്ത്രം മനുഷ്യനെ സജ്ജനാക്കി തീർത്തു. നക്ഷത്ര യുദ്ധത്തിലൂടെ ലോകസമാധാനത്തിനു വെല്ലുവിളി ഉയർത്തി വൻശക്തികൾ അരങ്ങു തകർക്കുന്നു. ലോകത്തെ അസമാധാനത്തിന്റെ കരിനിഴലിലേയ്ക്കും സർവ്വനാശത്തിലേയ്ക്കും വലിച്ചിഴയ്ക്കുന്ന ഈ നടപടികൾ തടയുവാൻ ലോകസമാധാനം കാംക്ഷിക്കുന്ന എല്ലാ രാജ്യങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളുടെ കെടുതികളും തിക്തഫലങ്ങളും കണ്ടും അനുഭവിച്ചും വന്നിട്ടും മനുഷ്യന്റെ യുദ്ധാസക്തിക്ക് ഇനിയും വിരാമമുണ്ടായിട്ടില്ല. മനുഷ്യർ പടുത്തുയർത്തുന്ന സംസ്ക്കാര സൗധങ്ങളെല്ലാം നിമിഷനേരം കൊണ്ട് ഭസ്മമാക്കുവാൻ സാധിക്കും. ലോകസമാധാനം മനുഷ്യരാശിയുടെ മുന്നോട്ടുള്ള പുരോഗതിക്കും പ്രയാണത്തിനും അനിവാര്യമാണ്. ദ്വേഷത്തിന്റെയും മാത്സര്യത്തിന്റെയും അക്രമത്തിന്റെയും ഭീകരതയുടെയും വിഷവിത്തുകൾ വിതറാൻ അവസരമുണ്ടാകരുത്. ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യ പുരോഗതിയിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. പക്ഷേ ശാസ്ത്രത്തിന്റെ ദുരുപയോഗം മറുവശത്ത് നശീകരണത്തിന് കാരണമായി. വിവേകിയായ മനുഷ്യനു ശാസ്ത്രം ഉപകാരിയാണെങ്കിൽ അവിവേകിയായ മനുഷ്യൻ ഈ നേട്ടങ്ങൾ ചൂഷണം ചെയ്യാൽ പ്രേരകമായിത്തീരുന്നു. ശാസ്ത്രത്തിന്റെ നേട്ടങ്ങൾ മാനവരാശിയുടെ പുരോഗതിയ്ക്കും സമാധാനത്തിനും ഉപകാരപ്പെടണം. അപ്പോൾ ലോകത്ത് ശാന്തിയും സമാധാനവും കളിയാടും. ഈ ഭൂമിയിൽ സ്വർഗ്ഗ രാജ്യത്തിന്റെ അനുഭവമുണ്ടാകും.

ഐക്യരാഷ്ട്ര സംഘടനയ്ക്കു ലോകസമാധാനത്തിനു വേണ്ടി സഫലമായി പ്രവർത്തിക്കുവാൻ സാധിക്കും. പല രാജ്യാന്തര പ്രശ്നങ്ങളും ഒത്തുതീർപ്പിലൂടെ പരിഹരിച്ചിട്ടുണ്ട്. പക്ഷേ പല വൻശക്തികളെയും നിയന്ത്രിക്കാനും തങ്ങളുടെ വരുതിയിൽ നിർത്താനും ഐക്യരാഷ്ട്ര സംഘടനയ്ക്കുപോലും ഇപ്പോൾ സാധിക്കുന്നുണ്ടോ എന്നു സംശയമാണ്. പല കലാപങ്ങളുടെയും മൂലകാരണം നിസ്സാരമായ എന്തെങ്കിലും പ്രശ്നമാകാം. അതു മുളയിലെ പരിഹരിക്കാതെ കച്ചവട മനസ്സോടെ സമീപിക്കുമ്പോഴാണ് അതു സങ്കീർണ്ണമാകുന്നത്. കൊറിയൻ യുദ്ധം, ഇൻഡ്യോ-ചൈന അതിർത്തി തർക്കം ഇൻഡ്യയും പാകിസ്ഥാനും തമ്മിലുള്ള യുദ്ധങ്ങൾ, ഗൾഫ് യുദ്ധം, വിയറ്റ്നാം യുദ്ധം, ഇസ്രായേൽ പാലസ്തീൻ യുദ്ധം. സിറിയൻ ആഭ്യന്തര യുദ്ധം, നീറിപുകയുന്ന പശ്ചിമേഷ്യൻ പ്രശ്നങ്ങൾ, കാശ്മീരിലെ ഭീകരാക്രമണങ്ങൾ തുടങ്ങിയ പല അന്താരാഷ്ട്ര പ്രശ്നങ്ങളും പലപ്പോഴും ലോക സമാധാനത്തിനു ഭീഷണിയായി മൂന്നാം ലോകമഹായുദ്ധത്തിലേക്കു വരെ നയിക്കുവാൻ കാരണമായിട്ടുള്ളവയാണ്. യുദ്ധങ്ങളും സംഘർഷങ്ങളും ഉണ്ടാകുമ്പോഴാണ് നമ്മൾ പലപ്പോഴും സമാധാനത്തിന്റെ വില അറിയുന്നത്. ജനങ്ങൾ തമ്മിലും പ്രദേശങ്ങളും രാജ്യങ്ങളും മതങ്ങളും സഭകളും തമ്മിൽ സംഘർഷാവസ്ഥ ഇല്ലാത്തൊരു ലോകത്തെക്കുറിച്ച് സ്വപ്നം കാണാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു. നൂറ്റാണ്ടു പഴക്കമുള്ള മലങ്കര സഭാപ്രശ്നങ്ങൾ മലങ്കര സഭയുടെ മാത്രമല്ല സമൂഹത്തിന്റെ തന്നെ ക്രമസമാധാനത്തിനു പലപ്പോഴും ഭീഷണി ഉയർത്തിയിട്ടുണ്ട്. പള്ളികളും ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കൈയ്യേറാനും പിടിച്ചെടുക്കാനും ഒരു കൂട്ടർ ശ്രമിക്കുമ്പോൾ അതിന്റെ അവകാശികൾ അതിനെതിരെ വൈകാരികമായി പ്രതിഷേധിക്കുവാനും സ്വാഭാവികമായി മുന്നോട്ടുവരും. ഇതര മതവിഭാഗങ്ങളിൽ അവമതിപ്പുണ്ടാക്കുന്ന ഈ പ്രശ്നം പലപ്പോഴും കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ ക്രമസമാധാന പാലത്തിനു ഭംഗം വരുത്തുന്നുണ്ട്. യുദ്ധമോ കലാപമോ ഇല്ലാത്ത മാത്രം അവസ്ഥയല്ല സമാധാനം. അതു സന്തോഷവും ആനന്ദവും ചേർന്ന അവസ്ഥയാണ്. ഭൂമിയിൽ ജീവിച്ചിരിക്കുന്നതിൽ ഏവർക്കും സന്തോഷം തോന്നുന്ന അവസ്ഥ. ജീവിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാനാകുന്ന മനുഷ്യൻ അപ്പോൾ സമൂഹത്തിലെ അംഗമായതിൽ സന്തോഷിക്കും. ലോകസമാധാനം ഉണ്ടാകണമെങ്കിൽ ഇവിടെ താമസിക്കുന്ന മനുഷ്യർക്കും സമാധാനപരമായി ജീവിക്കാനുള്ള സാമൂഹ്യ അന്തരീക്ഷമുണ്ടാകണം. ജനാധിപത്യപരമായി തെരഞ്ഞെടുത്ത ഭരണകൂടങ്ങളെ അട്ടിമറിച്ച് ഏകാധിപതികളും പട്ടാള മേധാവികളും നടത്തുന്ന കിരാതഭരണം ജനങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ചവിട്ടിമെതിക്കപ്പെ

നർമ്മഭാവന

# സ്വർഗ്ഗീയ സംവരണം

ജോസഫ് തോമസ് തുണ്ടിയിൽ, കറ്റോട് (റിട്ട. പഞ്ചായത്ത് സെക്രട്ടറി)

ചോതൻ മതപരിവർത്തനം നടത്തി ക്രിസ്ത്യാനിയായി മത്തായിക്കുട്ടി എന്ന പേരു സ്വീകരിച്ച് സമൂഹത്തിൽ യഥേഷ്ടം വിഹരിച്ചു നടന്നു. സ്വർഗ്ഗത്തിൽ പോകണമെന്നു വളരെ ഏറെ ആഗ്രഹവും ഉണ്ടായിരുന്നു. പള്ളികളിലും പ്രാർത്ഥനാ യോഗങ്ങളിലും സംബന്ധിക്കുമെങ്കിലും ചില പ്പോഴൊക്കെ ആരുടെയും ശ്രദ്ധയിൽപെടാതെ പഴയജീവിത ശൈലിയിലേയ്ക്ക് മാറുകയും ചെയ്തിരുന്നു. ഇടയ്ക്കിടെ അല്പം മദ്യവും പുകയും അകത്താക്കുകയും ചെയ്തു. ഭൂമിയിലെ നിലവിലുള്ള വിശുദ്ധന്മാരെയും മൺമറഞ്ഞുപോയ വിശുദ്ധന്മാരെയും മത്തായിക്കുട്ടി പഠിക്കുകയും ഇടയ്ക്കിടെ അവരുടെ മദ്ധ്യസ്ഥത തേടി പ്രാർത്ഥിക്കുകയും പതിവായിരുന്നു. ക്രിസ്ത്യാനി ആണെങ്കിലും ശീലിച്ച പലതും വിട്ടുകളയാൻ മത്തായിക്കുട്ടിക്കായില്ല. അപ്പോഴാണ് മത്തായിക്കുട്ടി വലതുഭാഗത്തെ കള്ളനെ ഓർമ്മിച്ചത്. അങ്ങനെയെങ്കിൽ മരിക്കാൻ സമയത്തും ഞാൻ ഏറ്റു പറഞ്ഞാൽ രക്ഷപ്രാപിക്കുമല്ലോ? അപ്പോഴാണ് മത്തായിക്കുട്ടിയുടെ ബുദ്ധിയിൽ ചില കാര്യങ്ങൾ ഉണർന്നുവന്നത്. മതപരിവർത്തനം നടത്തിയെങ്കിലും താൻ ഒരു പട്ടികജാതിക്കാരനായതിനാൽ 35% ഭൂമിയിൽ ലഭിച്ചിരുന്ന സംവരണം സ്വർഗ്ഗത്തിലും ലഭിക്കണമല്ലോ? സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് 100 മീറ്റർ ഓട്ടത്തിന് 65 മീറ്റർ ഓടിയപ്പോൾ 100 മീറ്റർ ഓടിയതായി പരിഗണിച്ചത് മത്തായിക്കുട്ടി ഓർമിച്ചു. പിന്നെ പരുമല, ഭരണങ്ങാനം, വേളാങ്കണ്ണി, മഞ്ഞനിക്കര, അർത്തുങ്കൽ, എടത്വാ തുടങ്ങിയ പുണ്യ സ്ഥലങ്ങളിൽ നേർച്ചകാഴ്ചകൾ അർപ്പിച്ചതിനും, അച്ചന്മാർ, തിരുമേനിമാർ,ഉപദേശിമാർ എന്നിവരെ മാനിക്കുകയും സൽക്കരിക്കുകയും ചെയ്തവകയിൽ 30% എങ്കിലും ഗ്രേസ് മാർക്ക് ലഭിക്കും. അങ്ങനെ സ്വർഗ്ഗപ്രവേശനത്തിനു 65% ആയി. ബാക്കി 35% കള്ളനു ലഭിച്ചതുപോലെ അവസാനം ഏറ്റുപറയാം എന്നു കണക്കുകൂട്ടി മത്തായിക്കുട്ടി യഥേഷ്ടം വിഹരിച്ചു നടന്നു.

മത്തായിക്കുട്ടി മരിച്ച് അടക്കപ്പെട്ടു. മരിക്കുന്നതിനു മുൻപ് താൻ മരിച്ചു കഴിഞ്ഞാൽ ആധാർ കാർഡും, തിരിച്ചറിയൽ കാർഡും തന്റെ ഇരു കൈകളിലും വച്ചേക്കണമെന്ന് മക്കളോട് ശട്ടം കെട്ടിയിരുന്നു. അനേകരോടൊപ്പം അന്ത്യന്യായ വിധിയിൽ ന്യായാസനത്തിനു മുമ്പാകെ എത്തപ്പെട്ടു. പലരിലും വെപ്രാളവും പരിഭ്രമവും കണ്ടെങ്കിലും മത്തായിക്കുട്ടി ഒരു കൂസലുമില്ലാതെ നിൽക്കുന്നത് കണ്ടിട്ട് ചില ആത്മാക്കൾ ചോദിച്ചു തനിക്കെങ്ങനാ ഇത്ര ധൈര്യം, ഒരു ടെൻഷനും ഇല്ലല്ലോ?

ഞാൻ എന്തിനു പേടിക്കണം എന്റേത് സംവരണ സീറ്റാ. എങ്ങനെ വിധിച്ചാലും കൂട്ടിക്കിഴിച്ചു നോക്കിയാലും എനിക്ക് സ്വർഗ്ഗപ്രവേശനം ഉറപ്പാണ്. അല്ലെങ്കിൽ നോക്കിക്കോ? അവസാനം മത്തായിക്കുട്ടിയുടെ വിസ്താരം തുടങ്ങി. ജീവന്റെ പുസ്തകം തുറന്നു. മത്തായിക്കുട്ടിയുടെ പേരില്ല. പേര് വിട്ടുപോയതാണെന്നു വിചാരിച്ച് ആധാർ കാർഡും, തിരിച്ചറിയൽ കാർഡും അബ്രഹാം പിതാവിനെ കാണിച്ചു.

സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ ഒരു കാർഡും ആവശ്യമില്ലായെന്നു കാണിച്ചു. പുണ്യ സ്ഥലങ്ങളിലും മറ്റുംപോയതുകൊണ്ട് ഗ്രേസ് മാർക്ക് ഒന്നും ലഭിക്കില്ല. ജീവിച്ചിരുന്നപ്പോൾ തന്തയ്ക്കും തള്ളയ്ക്കും പച്ചവെള്ളംപോലും കൊടുത്തിട്ടില്ലായെന്നും തെളിഞ്ഞു. മെറിറ്റ് അടിസ്ഥാനത്തിൽ സ്കൂളുകളിലെയും കോളേജുകളിലെയും പോലെ മാനേജ്മെന്റ് ക്വോട്ടാ, കമ്മ്യൂണിറ്റി ക്വോട്ടാ എന്നിങ്ങനെയുള്ള ഒരു സംവരണവും ഇവിടില്ലായെന്നറിഞ്ഞു.

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കു മാത്രമേ സ്വർഗ്ഗരാജ്യം അവകാശമാക്കാനാകു എന്ന് അപ്പോഴാണ് മത്തായിക്കുട്ടിക്ക് ബോധ്യമായത്.

മത്തായിക്കുട്ടിയെ നരകത്തിലേക്കുവിട്ടു. അപ്പോഴും മത്തായിക്കുട്ടിക്ക് മനസ്സിൽ ഒരു വിചാരം ഉണ്ടായി. നരകത്തിൽ കെടാത്ത തീയിൽ എത്രയോ പുഴുക്കൾ ചാകാതെ ജീവിച്ചിരിക്കുന്നു. ഒരു പുഴുവിനെ ദഹിപ്പിച്ചു കളയുവാനുള്ള ചൂട് നരകാഗ്നിയ്ക്ക് ഇല്ല. പിന്നെയാ ഒരു മനുഷ്യനെ. സാരമില്ല പൊള്ളലേൽക്കത്തില്ലല്ലോ എന്നു സമാധാനിച്ചു.

നരകത്തൽ ചെന്നു നരകപിതാവ് ലൂസിഫർ നരകപുസ്തകം തുറന്നു. അതിലും മത്തായിക്കുട്ടിയുടെ പേരില്ല. നരകത്തിൽ വരത്തക്കവിധമുള്ള അതിക്രമങ്ങളോ തെറ്റുകുറ്റങ്ങളോ ഒന്നും മത്തായിക്കുട്ടി ചെയ്തിട്ടില്ല.

രണ്ടിടത്തുനിന്നും ഔട്ടാക്കിയ മത്തായിക്കുട്ടി ഇപ്പോൾ മദ്ധ്യാകാശത്ത് അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്.

---

ടുന്നു. ഇൻഡ്യയുടെ അയൽ രാജ്യമായ മ്യാൻമറിൽ നടക്കുന്ന പട്ടാള ഭരണകൂടഭീകരതയും മനുഷ്യാവകാശ ധ്വംസനങ്ങളും പല ലോകരാജ്യങ്ങളും അപലപിച്ചിട്ടുണ്ട്. സ്വേഛാധികാരികളായ ഭരണാധികാരികൾ പൗരാവകാശം ചങ്ങലയ്ക്കിടുന്ന അവസ്ഥക്കു ലോകത്തു മാറ്റമുണ്ടാകണം.. അഭയാർത്ഥിപ്രശ്നങ്ങളും ബാലവേലയും, ദാരിദ്ര്യവും, പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും പലപ്പോഴും ലോകസമാധാനത്തിനു വെല്ലുവിളിയാണ്. ലോകത്തിലെ അക്രമങ്ങൾ അസന്തുഷ്ടിതരായ ജനങ്ങളുടെ ഹൃദയങ്ങൾക്കുള്ളിലെ സംഘർഷങ്ങളുടെ പ്രകടിത രൂപമാണ്. അതുകൊണ്ട് ലോകത്തെ സമാധാന പൂർണ്ണമാക്കാൻ ശ്രമിക്കുന്നതിനു മുമ്പായി നമുക്കു സ്വയം സമാധാനം ഉണ്ടാകണം. ലോകത്തിലെ ഏതു രാജ്യത്തുണ്ടാകുന്ന സുഖവും ദുഃഖവും മുഴുവൻ ലോകത്തിനും അനുഭവപ്പെടുന്നതാകണം. ഏക ലോകം എന്ന മഹനീയ സങ്കല്പം സാക്ഷാൽക്കരിക്കപ്പെടണം. അപ്പോൾ ജീവിക്കാൻ പറ്റിയ മെച്ചപ്പെട്ട ഒരു സ്ഥലമായി ഈ ലോകം മാറും. പ്രകൃതി മനുഷ്യനു കനിഞ്ഞരുളിയ അന്തരീക്ഷ വായുപോലും ഇന്ന് വിഷമയമായിരിക്കുന്നു. അണു പരീക്ഷണങ്ങളുടെ ഫലമായി ഭൂമിയെ വലയം ചെയ്യുന്ന വിഷവാതകങ്ങളുടെ തീവ്രതയും തീക്ഷ്ണതയും മനുഷ്യന്റെ ഭൂമിയിലെ നിലനിൽപ്പിനു ഭീഷണിയാണ്. ലോകസമാധാനം ഒരു മരീചികയാവാതിരിക്കാൻ നമുക്ക് പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

# രോഗവും പ്രാർത്ഥനയും ആരോഗ്യവും

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

കോവിഡ് കാലഘട്ടത്തിൽ ആൾക്കൂട്ടങ്ങളുള്ളയിടത്ത് ദേവാലയങ്ങളിൽപോയി പ്രാർത്ഥിക്കാൻ സാധിച്ചു എന്നു വരികയില്ല. അതിൽ നിരാശപ്പെട്ട് അവിശ്വാസികളായി, പ്രാർത്ഥിക്കുവാൻ പോകാനാവാതെ വീർപ്പുമുട്ടി ടെൻഷനാകാതെ ഹൃദയമെന്ന ദേവാലയത്തിന്റെ ശുദ്ധിയും, ശക്തിയും. സൗന്ദര്യവും, അനന്ത സാധ്യതകളും കണ്ടെത്തി പഠിക്കുക. ഉപയോഗ പ്രദമാക്കുക.

"നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും (മത്താ.6:6–7).

അറയിൽ കടന്നിരുന്നു പ്രർത്ഥിച്ചു ഉള്ളിന്റെ ഉള്ളറകളിലെ അൾത്താരയിൽ ജീവിക്കുന്ന ജീവനുള്ള ദൈവത്തെ പ്രാർത്ഥനാപൂർവ്വം സ്നേഹദീപം കൊളുത്തി ആരാധിച്ചുണർത്തി ആ ദൈവാത്മ തൂവൽ സ്പർശത്തിന്റെ ശക്തി മജ്ജയിലും മാംസത്തിലും ശരീരത്തിലും മനസ്സിലും ഏറ്റു വാങ്ങണം.

ദൈവം കൈപ്പണിയായ ഭൗമ കൂടാരങ്ങളിലല്ല, ആത്മാവിന്റെ ദേവാലയത്തിലാണ് വസിക്കുന്നത്. സിമന്റ്, കല്ല്, മണ്ണ് തുടങ്ങിയവയിൽ നിർമ്മിച്ച ആലയത്തിലെക്കാൾ ഉപരി, ജീവിക്കുന്ന മനുഷ്യന്റെ ഉള്ളിലാണ് ദൈവം സ്പന്ദിക്കുന്നത്. ഹൃദയം ദൈവ സന്നിധിയിൽ പകരുന്നതാണ് പ്രാർത്ഥന. തലച്ചോറിലെ ചിന്തകൾ വികാര വിചാരങ്ങളെല്ലാം ദൈവ സന്നിധിയിൽ ഏറ്റു പറഞ്ഞ് സ്വയം ശൂന്യവത്ക്കരിക്കുന്നതാണ് പ്രാർത്ഥന. മനസ്സിന്റെ ശൂന്യതയിൽ ആത്മശക്തി ബലപ്പെടുന്നു.

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപട ഭക്തിക്കാരെപ്പോലെ ആകരുത്. അവർ മനുഷ്യർക്കു വിളങ്ങേണ്ടതിന് പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്താ. 6:5).

പ്രാർത്ഥനയും ധ്യാനവും ആത്മാർത്ഥമായിട്ടാണെങ്കിൽ അതു ദൈവാത്മാവിനെ മാത്രം ബോധ്യപ്പെടുത്തുവാനുള്ളതായിരിക്കും. മനുഷ്യനോട് കൊട്ടിഘോഷിച്ചു നടക്കുകയില്ല. ഏകാന്തത, നിശബ്ദത, ദൈവാത്മാവുമായി ആഴത്തിൽ അലിഞ്ഞു ചേരാനുള്ള വ്യഗ്രത ഒക്കെ ആരോഗ്യകരമായ പ്രാർത്ഥന ആണ്. പ്രാർത്ഥന ആത്മശരീര മനസ്സുകളെ പുതുക്കിപ്പണിയുന്നു, ഊർജ്ജം പകരുന്നു. പ്രാർത്ഥന രോഗ പ്രതിരോധ ശേഷി (Immuinity) വർദ്ധിപ്പിക്കുന്നു.

"ആരോഗ്യം നിങ്ങളുടെ ഉത്തരവാദിത്വമാണ്. ആരോഗ്യവും സൃഷ്ടിക്കുക എന്നാൽ നിങ്ങളുടെ ശരീരത്തെയും മനസ്സിനെയും, വികാരങ്ങളെയും, ഊർജ്ജങ്ങളെയും ഉയർന്ന തലത്തിൽ പ്രവർത്തിപ്പിക്കാനായി പുനരുജ്ജീവിപ്പിക്കുക എന്നതാണ് (ഷഡ്ഗുരു).

ആത്മശരീര മനസ്സുകളുടെ സന്തുലനാവസ്ഥയാണ് ആരോഗ്യം. അതു സമ്പൂർണ്ണമാകുന്നത് മനുഷ്യാത്മാവ് ദൈവാത്മാവിൽ പൂർണ്ണമായി അലിഞ്ഞുചേരുമ്പോഴാണ് അത് രോഗമില്ലാത്തവസ്ഥയാണ്, ഭൂമിയിൽ ജീവിക്കുമ്പോഴനുഭവിക്കുന്ന നിത്യ ജീവൻ. അവിടെ മരണം പോലും തോറ്റു പോകുന്നു. നിത്യമായി മരണമില്ലാത്ത ജീവിതത്തിനായി പിതാവിനുള്ളിലേക്കു പ്രവേശിക്കുവാൻ ഒരു വാതിൽ മാത്രമായി മരണം മാറുന്നു. ആരോഗ്യകരമായി ജീവിക്കാൻ യോഗ, ധ്യാനം (meditation) പ്രാണായാമം, Mind fullness (ശ്രദ്ധാപൂർണ്ണത), വ്യായാമം etc. പരിശീലിക്കുക.

"God is a frequency That exists with in you, Tune in". ദൈവം എല്ലാവിധ പൂർണ്ണതയോടും കൂടെ നമ്മുടെ ഉള്ളിൽ വസിക്കുന്നു. നാം അതു കണ്ടെത്തി ട്യൂൺ ചെയ്തെടുക്കുമ്പോൾ അനന്തശക്തിയും, കൃപാവരങ്ങളും സ്വന്തമാക്കാം.

future Medicine will be the Medicine of frequencies- Albert Einstein.

ഓഷോ (The hidden harmony II) അഭിപ്രായപ്പെടുന്നു രോഗവും ആരോഗ്യവും എന്ന വിഷയത്തെക്കുറിച്ച്.

"ചിലപ്പോഴൊക്കെ അസുഖം പിടിപെടുന്നത് വളരെ നല്ലതാണ്. അതിൽ തെറ്റൊന്നുമില്ല. ആരോഗ്യവാനായ ഒരുവൻ ചിലപ്പോൾ രോഗബാധിതനാകും. എന്നാൽ നിങ്ങൾക്ക് വ്യത്യസ്ത ആശയങ്ങളുണ്ട്. ആരോഗ്യവാനായ ഒരാൾ ഒരിക്കലും രോഗിയാകരുത് എന്ന് നിങ്ങൾ കരുതുന്നു. അതു തികച്ചും വിഡ്ഢിത്തമാണ്. അതു സാധ്യമല്ല. മരിച്ച ഒരാൾ മാത്രമെ ഒരിക്കലും രോഗിയാകാതിരിക്കുകയുള്ളു.

ആരോഗ്യം ഉള്ള ഒരു വ്യക്തിക്ക് ചിലപ്പോൾ അസുഖം വരേണ്ടിവരും. അസുഖത്തിലൂടെ അവൻ വീണ്ടും ആരോഗ്യത്തിലേയ്ക്കെത്തുന്നു. ആ ആരോഗ്യത്തിന് നവത്വം ഉണ്ടായിരിക്കും. അസുഖത്തിലൂടെ കടന്നുപോയികൊണ്ട്, വിപരീതത്തിലൂടെ കടന്നു പോയിക്കൊണ്ട് അതു വീണ്ടും നവത്വം ഉള്ളതാകും. നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? നിങ്ങൾക്ക് സുഖം പ്രാപിക്കുമ്പോൾ നിങ്ങൾക്ക് ഒരു പുതുമ, താരുണ്യം ഉണ്ട്. ശരീരം മുഴുവൻ പുനരുജ്ജീവിപ്പിച്ചതായി തോന്നും. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത പുതിയ രോഗങ്ങൾ ഉടലെടുക്കുന്നു. നിങ്ങൾ അസുഖത്തിന്റെ ഒരു വാതിൽ അടയ്ക്കുന്നതിനാൽ മറ്റൊന്നു പ്രകൃതിയാൽ ഉടൻ തുറക്കപ്പെടുന്നു. കാരണം അസുഖമില്ലാതെ ആരോഗ്യം സാധ്യമില്ല "എല്ലാ ശാസ്ത്രജ്ഞരും ഒന്നിച്ചു ചേർന്നതിനേക്കാളുമുള്ള ജ്ഞാനമുണ്ട് പ്രകൃതിക്ക്" (ഓഷോ)

പ്രകൃതി സ്വയം നവീകരിക്കുന്നതിനു (upgrade) ഭാഗമായുണ്ടാകുന്നതാണ് പ്രകൃതി ദുരന്തവും മഹാവ്യാധിയുമൊക്കെ. പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്താൻ ഇത്തരം ചില ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതായി വരും. പ്രകൃതിക്കൊപ്പം നമ്മളോരോരുത്തരും നവീകരിക്കപ്പെടാൻ മനസ്സ് പുതുക്കി രൂപാന്തരം പ്രാപിക്കാം. പുതുക്കപ്പെട്ട പ്രകൃതിയിലെ പുതിയ ആകാശത്തും, പുതിയ ഭൂമിയിലും പുതുക്കം പ്രാപിച്ച നവമനുഷ്യനായി പുതിയ ആരോഗ്യത്തോടും, ബലത്തോടും, ആനന്ദത്തോടും ജീവിക്കുവാൻ ദൈവത്തോട് ഒന്നായി ചേർന്നിരിക്കുക. പ്രാർത്ഥനയിൽ ജീവിതം പുതുക്കി ബലപ്പെടുക. പ്രാർത്ഥന ധൈര്യവും ആത്മവിശ്വാസവും, ആത്മബലവും തന്നു ശരീരത്തെയും

മനസ്സിനെയും പ്രാർത്ഥന ബലപ്പെടുത്തുന്നു. ധൈര്യവും ബലവും, രോഗപ്രതിരോധ ശേഷിയും, ആരോഗ്യവും ഉണ്ടെങ്കിൽ, പകർച്ച വ്യാധികളും ഭീകര രോഗാണുക്കളും, രോഗങ്ങളും നമ്മെ പെട്ടെന്നൊന്നും ബാധിക്കുകയില്ല പ്രതിരോധ ശേഷി കൂട്ടുന്ന പച്ചമരുന്നുകളും, ഒറ്റമൂലികളും, ഭക്ഷണപദാർത്ഥങ്ങളും കഴിക്കുക. കൊറോണ വരാതിരിക്കാനും, വന്നാൽ തന്നെ ഗുരുതരമാകാതെ പെട്ടെന്ന് മാറാനും, കോവിഡാനന്തരം പ്രതിരോധശേഷി കൂട്ടുന്ന മരുന്നുകൾ, വീണ്ടും വീണ്ടും വരുന്നത് തടയുന്നതിനും പ്രകൃതി ദത്തമായത് പ്രകൃതി ചികിത്സ ആയുർവേദ, ഹോമിയോ സർക്കാർ ഡിസ്പെൻസറികളിൽ സൗജന്യമായി ലഭിക്കുന്നു. സംശയ നിവാരണത്തിനും, ടെൻഷൻ മാറാനും മനസ്സിന്റെ ശാക്തീകരണത്തിനും, അന്വേഷണങ്ങൾക്കുമായി 'കൗൺസിലർമാരെ' സർക്കാർ നിയോഗിച്ചിട്ടുണ്ട്. കോവിഡിന്റെ ഗുരുതരാവസ്ഥയിൽ Emergency വിഭാഗം ICU, Hospitel admision etc അത്യാവശ്യം ആണ്. ഗുരുതരമല്ലാത്ത കേസുകളൊക്കെ ഭാരതത്തിന്റെ തനതായ പാരമ്പര്യ ചികിത്സാ പദ്ധതികൊണ്ട് കാഠിന്യം കുറച്ച് ഗുരുതരമാകുന്നതിനെ തടയുകയും ചെയ്യുന്നു. ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി തുടങ്ങിയ എല്ലാ വൈദ്യശാസ്ത്രവും, ദൈവശാസ്ത്രവും ഒറ്റക്കെട്ടായി ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ ഈ മഹാമാരി വളരെ വേഗം തുടച്ചു നീക്കാം.

Heath is not just what you're eating, Its also about what you are thinking and saying എന്ന് അറിവുള്ളവർ പറയുന്നു. നന്മയിലൂന്നിയ ചിന്തയും വാക്കും ആരോഗ്യദായകമാണ്. തിന്മയിലൂന്നിയ നെഗറ്റീവ് ചിന്തയും വാക്കും ആരോഗ്യം നശിപ്പിക്കും. ഊർജ്ജം ചോർത്തിക്കളയും. വിവേകാനന്ദൻ പറയുന്നു "All power is with in you. you can do anything and Every thing. Believe in that" നമ്മുടെയുള്ളിലുള്ള അക്ഷയമായ ഈശ്വരീയ ശക്തി നമ്മുടെയും, ലോകത്തു നടക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും പ്രതിവിധിയാണ്. അതു കണ്ടെത്തി ലോകക്ഷേമത്തിനുപകാരപ്രദമാക്കണം. നിഷ്ക്കളങ്കമായ സ്നേഹ ഭക്തിയിലൂടെ സകല നിഗൂഢ ദൈവ രഹസ്യങ്ങളും വെളിപ്പെട്ടു കിട്ടും.

"Love is higher than works, than yoga, than knowledge'' (Swami Vivekananda) മതം എന്നാൽ അഭിപ്രായം എന്നർത്ഥം." യാതൊന്നിനെയും വിട്ടുകളയാതെ, സർവ്വതുമായും നിങ്ങളെ ഒന്നാക്കിത്തീർക്കുന്ന സ്നേഹത്തെ ഞാൻ മതമെന്നു വിളിക്കുന്നു" സ്വകാര്യമായ വ്യക്തി പ്രാർത്ഥന (personal prayer) യ്ക്കൊപ്പം കുടുംബ പ്രാർത്ഥനയും പുരോഗമിക്കട്ടെ. കുടുംബം ദൈവം വസിക്കുന്ന ദൈവാലയമാകട്ടെ. ഓരോരുത്തരും കൈയ്യും കാലുമൊക്കെയുള്ള ചലിക്കുന്ന ദേവാലയങ്ങളാകട്ടെ പരസ്പരം പഠിപ്പിച്ചും, ബുദ്ധി ഉപദേശിച്ചും ആത്മീയ വർദ്ധനവു വരുത്തിയും പരമാത്മാവിൽ ഒന്നായി ഒത്തൊരുമയോടെ ലോകം നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാം. മഹാമാരിയെ തുടച്ചു മാറ്റി, ജനം ആരോഗ്യം വീണ്ടെടുക്കാൻ "ദൈവമഹാബോധത്തോട് പ്രാർത്ഥിക്കാം. ലോകം മുഴുവൻ സുഖം പകരാനായി ആ സ്നേഹദീപം മിഴി തുറക്കട്ടെ. ●


# ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.




കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

**Bank Details**
A/c No: 57004254154
Chief Editor & Mg. Editor, Knanaya Deepam
SBI, Chingavanam, IFSC SBIN0070128
E-mail: kna.deepam@gmail.com,
Whats App No. 8547584440

Contact : ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440




## വരനെ ആവശ്യമുണ്ട്

**M. 900**

Knanaya parents invite proposal for their daughter (23/5') born and brought up in Kerala, completed Bsc Psychology, DSW and working as a B Level employee in Canada. Seeking alliance from parents of qualified God fearing boys (24-27)working in India or abroad

Mob. 8590598782, 9961706420

**M. 901**

Knanaya parents invites proposals for their daughter(24, 5.5Ft, MSC Computer Science) born and brought up in bangalore.Currently working in bangalore. seeking suitable alliance from parents of God fearing and professionally qualified boys

Ph: 7619202662, 9731945120

**M. 902**

Knanaya parents invite proposals for their daughter, B.Des ( 26, 5' 3'') holding valid IELTS score, currently freelancing as a fashion designer, from parents of God fearing and professionally qualified boys. ( Preferably from abroad). Ph: 9496238697

**M. 903**

B.Sc Nursing കഴിഞ്ഞ് Delhi Hospital ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/156 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (മെഡിക്കൽ ഫീൽഡിൽ ഉള്ളവർക്ക് മുൻഗണന).

Ph: 8590323247, 9744503709

**M. 904**

UK Job processing നടന്നുകൊണ്ടിരിക്കുന്ന B.Sc Nurse ആയ ക്നാനായ യുവതിയ്ക്ക് (26/155 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9446013782, 9074266573

## വധുവിനെ ആവശ്യമുണ്ട്

**M. 905**

മെക്കാനിക്കൽ ഡിപ്ലോമാ കഴിഞ്ഞ് ദുബായിൽ എസ്റ്റിമേഷൻ എഞ്ചിനിയറായി ആയി ജോലിചെയ്യുന്ന ക്നാനായ യുവാവിന് (28/163cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9446713575, 7012667340

**M. 906**

Knanaya parents invite proposal for their son, B Tech. in computer science, doing M.S. (final semester, 27yrs., 170cm.) and currently working in a reputed IT firm in Ireland. Seeking suitable alliance from parents of knanaya girls those who are working in Ireland or UK. Ph. + 91 8089038863, + 91 9847735485 (whatsapp).

**M. 907**

അബുദാബിയിൽ ഒരു പ്രശസ്ത കമ്പനിയിൽ ഫയർ അലാറം ടെക്നീഷ്യനായി ജോലിചെയ്യുന്ന ക്നാനായ യുവാവിന് (35/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും

വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 9961140236, 6282961279

**M. 908**

B.Tech (Electrical and Electronics) കഴിഞ്ഞ് Australian PR നു വേണ്ടി processing കഴിഞ്ഞ് Invitation letter നായി കാത്തിരിക്കുന്ന ക്നാനായ യുവാവിന് (29) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 8547364851, 9846669640

**M.909**

I.T.I Electronic Deploma കഴിഞ്ഞ് ദുബായിൽ സ്വകാര്യ കമ്പനിയിൽ പ്രിന്റർ ടെക്നീഷ്യൻ ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/5.4) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 00919947451110

**M. 910**

B.Tech Civil Engineering കഴിഞ്ഞ് നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/175cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ഇടത്തരം കുടുംബം.
Ph: 9605520430, 6282770780

**M. 911**

സ്വന്തമായി കമ്പനി നടത്തുന്ന ക്നാനായ യുവാവിന് (36/172cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ബാധ്യതകൾ ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും (ഡിമാൻഡ് ഇല്ല). Ph: 9188856054, 8590497556

**M.914**

Mechanical Diploma പാസ്സായി സൗദി അറേബ്യയിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (27/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 8289954361,9774407901

**M.915**

MBA കഴിഞ്ഞ് Bangalore ൽ ഒരു Multi Speciality Hospital ൽ HR ആയി ജോലിചെയ്യുന്ന ക്നാനായ യുവാവിന് (27/185cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 9400196806, 8281013293

**M. 916**

Civil Diploma കഴിഞ്ഞ് Bahrain ൽ Civil Supervisor ആയി ജോലി ചെയ്യുന്നതും, ഇപ്പോൾ leave ന് നാട്ടിൽ ഉള്ളതുമായ ക്നാനായ യുവാവിന് (32/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9447458813, 7356984527

**M. 917**

മെക്കാനിക്കൽ ഡിപ്ലോമയും, പെട്രോൾ മെക്കാനിക്കൽ കോഴ്സും കഴിഞ്ഞു ദുബായിൽ ഒരു പ്രശസ്ത കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/157cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9048865861

# പുനർവിവാഹം

**M. 912**

നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയതും ഓസ്ട്രേലിയൻ സിറ്റിസൺഷിപ്പ് ഉള്ളതും അവിടെ Multi National Group of Hotels ന്റെ Executive ആയി ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവിന് (35/180cm) ബാദ്ധ്യതകളില്ല. ഓസ്ട്രേലിയ/ ന്യൂസിലന്റ് ഉള്ളവർക്ക് മുൻഗണന. ആദ്യവിവാഹവും പരിഗണിക്കുന്നതാണ്. Ph 9495673310

**M.913**

ബന്ധം വേർപെടുത്തിയ ക്നാനായ യുവാവ് (36) ഒമാനിൽ ജോലിചെയ്യുന്നു. അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph: 8281685692

**M.914**

നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയ സാമ്പത്തിക ശേഷിയുള്ള റിട്ട. ഗവ. മാതാപിതാക്കളുടെ മകനായ ക്നാനായ യുവാവിന് (34/166cm) MBA നാട്ടിൽ പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. ബാധ്യത ഇല്ലാത്ത അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (കുട്ടികൾ ഇല്ല).
Ph: 9447111728, 9567911728



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ഒരു വിശ്വാസി കല്ലിശ്ശേരി**

# ആത്മാവും പരിശുദ്ധാത്മാവും തമ്മിലുള്ള വ്യത്യാസമെന്ത്?




ഈ പ്രപഞ്ചത്തേയും അതിലെ സകല ചരാചാരങ്ങളെയും 'ഉണ്ടാകട്ടെ' എന്ന കല്പനയാൽ (ശബ്ദത്താൽ) സൃഷ്ടിച്ച ദൈവം മനുഷ്യനെ സൃഷ്ടിച്ചത് പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളത്വങ്ങളുടെയും സംയുക്തമായ ആലോചനയുടെ പരിസമാപ്തിയിൽ ആണെന്നും, മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കി അവന്റെ മൂക്കിൽ ജീവശ്വാസം ഊതി അവനെ ജീവനുള്ള ദേഹി ആക്കി തീർത്തു എന്ന് വി.ബൈബിൾ പറയുന്നു. (ഉല്പ.1:26, 2:7). ജീവശ്വാസം ഊതി എന്നു പറയുമ്പോൾ ദൈവികമായ അംശത്തെ അവനിൽ പകർന്നു എന്നു മനസ്സിലാക്കാം. ദൈവീകമായ ആ അംശത്തെയാണ് 'ആത്മാവ്' എന്നു പറയുന്നത്. ജാതിമതഭേദമെന്യേ എല്ലാ മനുഷ്യരിലും ഈ ആത്മാവ് സ്ഥിതിചെയ്യുന്നു എന്നുള്ളത് എല്ലാ മതങ്ങളുടേയും അടിസ്ഥാന വിശ്വാസമാണ്.

ദൈവം നിത്യനാകയാൽ ദൈവീക അംശമായ ആത്മാവിനും നിത്യതയുണ്ടെന്നും അത് ആത്യന്തികമായി നശിക്കുകയില്ലെന്നും മനുഷ്യൻ വിശ്വസിച്ചു. മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ജഡം മണ്ണിലേയ്ക്കും ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേയ്ക്കും മടങ്ങിപ്പോകുമെന്ന് ജ്ഞാനിയായ ശലോമോനും "മാൻ നിർത്തോടുകളിലേക്ക് ചെല്ലുവാൻ ആഗ്രഹിക്കുന്നതുപോലെ ദൈവമേ എന്റെ ആത്മാവ് അങ്ങയോടു ചേരുവാൻ ആഗ്രഹിക്കുന്നു എന്ന് സങ്കീർത്തനക്കാരനും പാടിയത്. പ്രസ്തുത വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാകാം. (സഭാപ്രസംഗി 12:7, സങ്കീ. 42:1). എന്നാൽ ആത്മാവിന്റെ അനശ്വരത എന്ത് എന്ന് മനുഷ്യന് വ്യക്തമായി ബോധ്യപ്പെട്ടത് നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തോടുകൂടിയാണ്.

പൗരസ്ത്യ പിതാക്കന്മാരുടെ കാഴ്ചപ്പാടിൽ മനുഷ്യശരീരം ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു തലങ്ങളുടെ സംയുക്ത സമ്മേളനമാണ്. അതായതും ശാരീരികവും (Phyical) മാനസികവും, (Intallectual) ആത്മീകവും (Spiritual) ആയ മൂന്നു തലങ്ങൾ മനുഷ്യരിലുണ്ട്. മറ്റെല്ലാ സൃഷ്ടികൾക്കും ശാരീരിക തലവും ഒരു പരിധിവരെ സാമൂഹിക തലവും ഉണ്ട്. അവയ്ക്ക് ആത്മാവ് ഇല്ല. ഉണ്ടായിരുന്നെങ്കിൽ അവയെ കൊന്നാൽ അത് കൊലപാതകവും, പാപവും ആകുമായിരുന്നു. അവയെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. മനുഷ്യനെ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നു പറയുമ്പോൾ (ഉല്പ.1:26-27). ദൈവീകമായ അംശത്തോടും, നന്മ തിന്മകളെ തിരഞ്ഞെടുക്കുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യത്തോടും സൃഷ്ടിക്കപ്പെട്ടു എന്നു മനസ്സിലാക്കാം.

എന്നാൽ പരിശുദ്ധാത്മാവ് (Holy Spirit) എന്നു പറയുന്നത് ദൈവം തന്നെയാണ്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളത്വങ്ങളിൽ ഒന്നാണ്. 'ത്രിത്വം' എന്ന സത്യം മാനുഷിക ചിന്തയ്ക്കും യുക്തിയ്ക്കും അമിതമാകയാൽ ആയതിനെ മാനുഷിക ഭാഷകളിൽ വിശദമാക്കുവാൻ പ്രയാസമാണ്. പരി. ത്രിത്വത്തെ "ദൈവീകരഹസ്യം" എന്നാണ് പിതാക്കന്മാർ പറയുന്നത്. വെള്ളത്തിന് ഖരം, ദ്രാവകം,നീരാവി എന്നിങ്ങനെ മൂന്ന് അവസ്ഥകളുണ്ടെങ്കിലും അടിസ്ഥാനപരമായി അവ ഒന്നായിത്തീരുന്നതുപോലെ പരിശുദ്ധ ത്രിത്വം മൂന്നു ആളത്വമായി അറിയപ്പെടുന്നു എങ്കിലും അത് ഒരേ ദൈവം തന്നെയാണ്. പഴയ നിയമം പൊതുവെ പിതാവായ ദൈവത്തിന്റെ പ്രവർത്തനങ്ങളും പുതിയ നിയമം പുത്രൻ തമ്പുരാന്റെ പ്രവർത്തനങ്ങളും നാം ജീവിക്കുന്ന ഈ കാലഘട്ടം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായും മനസ്സിലാക്കാവുന്നതാണ്.

"ഞാൻ പോയാൽ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുമെന്നും അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയേക്കുറിച്ചും ന്യായവിധിയേക്കുറിച്ചും ലോകത്തിന് ബോധം വരുത്തുമെന്നും അവൻ സകല സത്യത്തിലേയ്ക്കും നിങ്ങളെ വഴിനടത്തുമെന്നും കർത്താവ് തന്റെ ക്രൂശമരണത്തിനു മുമ്പ് ശ്ലീഹന്മാരെ അറിയിച്ചു (യോഹ.16:7,8,13). സ്വർഗ്ഗാരോഹണത്തിനു മുമ്പ് കർത്താവ് ശ്ലീഹന്മാരോട് "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുന്നതുവരെ നിങ്ങൾ യറുശലേം വിട്ടുപോകരുതെന്നു ആത്മാവ് വന്നതിനുശേഷം നിങ്ങൾ ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നും അരുളിച്ചെയ്തു (Acts 1:4,8).

പഴയ നിയമകാലത്തും, യേശുക്രിസ്തുവിന്റെ കാലത്തും പരിശുദ്ധാത്മാവ് സ്ഥിരമായി ഭൂമിയിൽ വന്നിരുന്നില്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന ചില ആളുകളിൽ പരിശുദ്ധാത്മാവ് വന്ന് അവരെക്കൊണ്ട് സംസാരിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. മോശയിലും, ഏലിയാവിലും, ശിംശോനിലും, ദാവീദിലും, പ്രവാചകന്മാരിലും, പരിശുദ്ധ മറിയത്തിലും ഒക്കെ പരിശുദ്ധാത്മാവ് വരികയും പ്രവർത്തിക്കുകയും ചെയ്തുവങ്കിലും ആരിലും സ്ഥിരമായി വസിച്ചില്ല. പരിശുദ്ധാത്മാവിന്റെ ഇപ്രകാരമുള്ള താൽക്കാലിക പ്രവർത്തനം മനസ്സിലാക്കിയിട്ടാകണം "ദൈവമേ സ്ഥിരമായൊരാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുത്" എന്ന് ദാവീദ് പ്രാർത്ഥിച്ചതും (സങ്കീർത്തനം 51:10-11).

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പ്രാർത്ഥനയോടെ കാത്തിരുന്ന ശ്ലീഹന്മാരടങ്ങിയ സമൂഹത്തിന്മേൽ പഴയനിയമ പെന്തിക്കോസ്തി പെരുന്നാൾ ദിവസം പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ച അന്നുമുതൽ ഭൂമിയിൽ സ്ഥിരമായി വസിക്കുന്നു. ഇന്ന് പരിശുദ്ധസഭയെ സകല സത്യത്തിലേക്കും വഴിനടത്തുന്നതും, നമ്മിൽ വസിക്കുന്ന ദൈവീക അംശമായ ആത്മാവിനെ ശക്തീകരിക്കുന്നതും പാപബോധം നൽകുന്നതും സൽഫലങ്ങളെ പുറപ്പെടുവിക്കുവാൻ പ്രേരിപ്പിക്കുന്നതും, നമ്മേപ്പോലെ മറ്റുള്ളവരെ സ്നേഹിക്കുവാനും കരുതുവാനും ആന്തരികമായി ഉപദേശിക്കുന്നതും, അപരന്റെ ബലഹീനതകളെ സഹിക്കുവാനും, ക്ഷമിക്കുവാനും ഉള്ള കഴിവു നൽകുന്നതും എല്ലാം നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ആയതിനാൽ ആ പരിശുദ്ധാത്മാവിനു വിധേയമായി ജീവിക്കുവാൻ നമ്മുടെ ജീവിതത്തെ നമുക്കു സമർപ്പിക്കാം.

ചുരുക്കത്തിൽ 'ആത്മാവ്' എന്നു പറയുന്നത് നമ്മിൽ വസിക്കുന്ന ദൈവീക അംശവും പരിശുദ്ധാത്മാവ് എന്നു പറയുന്നതും ദൈവം തന്നെയുമാണെന്ന് മനസ്സിലാക്കാം ●

*1st Birthday in Heaven*
15-06-2021

*26th Birthday in Heaven*
05-07-2021





**RAJIN M. JOSEPH (34)**

**K. M. Joseph (Raju)**

**Manackal, Kattode**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

Advt - S

*Beloved family*

## 40 – ാം ചരമദിനം

02 – 07 – 2021



**ജേക്കബ് ചാക്കോ (ശാന്തൻ) 61**

മണ്ണാട്ട് കോയിപ്പുറത്ത് പറമ്പിൽ
ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

Advt - O

by Sorrowing Family

## 1 – ാം ചരമവാർഷികം

10 – 07 – 2021



**K. K. KURIAN**

(കുര്യച്ചൻ)

**Karikottu, Kurichy**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

Advt -R

By Sorrowing Family

## 3rd Death Anniversary

**28- 06-2021**



**T. T. CHACKO**

**Thekumthara (H) Kalamassery**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

ഭാര്യ – മേരിക്കുട്ടി ചാക്കോ
മക്കൾ – റെജി ജേക്കബ്, സജി ജേക്കബ്, ബെജി ജേക്കബ്, മഞ്ജു ജേക്കബ്
മരുമക്കൾ – സൂസൻ റെജി, ഷീല സജി, മിനി ബെജി, ജോസി ആലപ്പാട്ട്

Advt - S

## വേർപാടിന്റെ 8 – ാം വാർഷികം

**05-07-2021**



## Er. James K. Jacob (Vinumon)

B.Tech, M.S.

DOB : 27-04-1987

## 11 – ാം ചരമ വാർഷികം

**09-06-2021**



## മറിയാമ്മ ചാക്കോ

DOB : 21-04-1933

## Kandathil Kaleeckal, Thiruvanvandoor

കണ്ടുകൊതിതീരുംമുമ്പേ സ്നേഹിച്ചുമതിവരുംമുമ്പേ
ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട വിനുക്കുട്ടനെ
ഇനി നിത്യതയുടെ തീരത്തു കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

മറക്കാത്ത ഓർമ്മകളുമായി

Principal, Staff and Students
J.H.Lab, Kuttoor, Chengannoor
U.P.R. Institute, Angamaly

Advt - O

## 40 – ാം ചരമദിനം

**12 – 06 – 2021**



## കുഞ്ഞമ്മ ചെറിയാൻ


**പാലംപള്ളത്ത്, കല്ലിശ്ശേരി**

*മക്കൾ – മരുമക്കൾ – കൊച്ചുമക്കൾ*

Advt -O

## 40 – ാം ചരമദിനം

**19 – 06 – 2021**



## C. K. PUNNOOSE

*(മുൻ ക്നാനായ സുവിശേഷ സമാജ അംഗം)*

**Chakkittaparambil, Veliyanadu**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്**
**വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 14 – ാം ചരമ വാർഷികം

**20 – 06 – 2021**



### കെ. സി. ജോസഫ് (പാപ്പച്ചൻ)

**കോയിക്കൽ പുതുവേലിൽ**
**അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt S

## 4 – ാം ചരമ വാർഷികം

**12 – 06 – 2021**



### എൻ. ഐ. കുര്യൻ

**നെടുന്തറ താഴ്ചയിൽ, കുറ്റൂർ, തിരുവല്ല**


"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 9 – ാം ചരമ വാർഷികം

**25 – 06 – 2021**



### സി. പി. തോമസ് (ബേബി)

**ചെട്ടുവള്ളിൽ, തുരുത്തിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 4 – ാം ചരമ വാർഷികം

**14 – 06 – 2021**



### T. I. Thomas (Kunjachen)

**(Rtd. Asst. Engineer K.S.E.B)**

**തോട്ടുപുറത്ത്, എം. എം. വില്ല**
**തോലശ്ശേരി, തിരുവല്ല – 1**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തുകാണാമെന്നുള്ളപ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 5th Death Anniversary

26-06-2021



# P. A. Andrews (Kunjumon)

Panthrandamkuzhi (Vakathanam)

Tripunithura

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

By Sorrowing Family

Advt -O

## 40th Day of Demise

17-06-2021



# ABRAHAM T.

Konnakal, Kalathipady, Kottayam

by Sorrowing Family

Advt -O

## 2nd Death Anniversary

07-June-2021



# Sosamma Abraham (Kunjumol James)

Moozhiparampil H

Chingavanam.

Sorrowing family

Advt -O

## 24–ാം ചരമവാർഷികം

27-06-2021



# ലീലാമ്മ ബേബി

മേപ്രത്ത്, അഞ്ചാനി, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

# Veil of life

**Mrs .Lincy Shynu, Nedungathethu**
**Mazhukeer, Kallisseryp.o**



Who can put off the fire inside my eyes?
The unlimited tides and waves
Making me more and more empowered

Who can steal the ocean of love and care?
Hidden behind my veil
Here in this lonely night
I'm spending the rest love
and all my half way dreams
Which is crumbled by his shoes.

Love of a bird with bruised wings
Are mightier than a sword
Fire inside me is only for you
Each night after the piercing pain
And unspoken words left
I wish to scream before the world
That I'm in love with the life again.

Remove the veil you have given
As a forgiving woman
I'll arouse like an eagle oneday
And hover above the sky
To show the world that I am not
A normal bird…….
Pain is giving me psalms
From broken and scratched heart
Taunts and haunts ,
Which I went through made me more and more
A warrior heart rather than a sober heart.

# ക്നാനായദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

ക്നാനായ ദീപത്തിന്റെ വരിസംഖ്യ **2020** ലെ കുടിശ്ശിഖ ആയിരിക്കുകയാണ്. 2020 ജനുവരി ലക്കം മുതൽ Rs. 150/ (നൂറ്റി അൻപത്) രൂപയാണ്. കോവിഡ് കാലഘട്ടമായതിനാൽ വരിസംഖ്യ പിരിക്കുവാൻ ചുരുക്കമായേ കളക്ഷൻ ഏജന്റുമാർ ഭവനങ്ങളിൽ വരുന്നുള്ളൂ.

വരിസംഖ്യ കുടിശ്ശിഖ ദയവായി ക്നാനായ ദീപം ഓഫിസിലോ, ചുവടേ ചേർക്കുന്ന ബാങ്ക് അക്കൗണ്ടിൽ Online ആയോ അടക്കുക. നിങ്ങളുടെ കുടിശ്ശിഖ അറിയുന്നതിന് ക്നാനായദീപം മാസിക വരുന്ന അഡ്രസ്സ് ക്നാനായദീപത്തിന്റെ Whatsapp No. 8547584440 ൽ Message ആയി അയച്ചാൽ അറിയിക്കുന്നതാണ്. ദയവായി ദീപത്തിന്റെ കുടിശിഖകൾ അടക്കണമേ. ഇൻഡ്യയ്ക്ക് വെളിയിലേക്ക് ദീപം ഇപ്പോൾ അയക്കുവാൻ സാധിക്കുന്നില്ല. വിമാന സർവ്വീസുകൾ സാധാരണ നിലയിൽ ആകുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ. വിദേശത്തുള്ളവർ Play store ൽ നിന്നും knanayadeepam Mobile App. ഡൗൺലോഡ് ചെയ്യുക.

www.knanayadeepam.in - ലും ക്നാനായദീപം മാസിക വായിക്കാവുന്നതാണ്.

എന്ന്

മാനേജിംഗ് എഡിറ്റർ
ഫോൺ. 9447563240, 8547584440
kna.deepam@gmail.com.

## Bank Details

| | |
|---|---|
| A/c.No. 57004254154 | Knanayadeepam |
| Chef Editor and Mg. Editor | A/c.No. 12990200001178 |
| Knanayadeepam | Federal Bank, |
| SBI Chingavanam | Chingavanam. |
| IFSC SBIN 0070128 | IFSC. FDRL 0001299 |

## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**



ക്നാനായ കോൺഗ്രസ് റാന്നി സെന്റ് തോമസ് വലിയപള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യസാധനങ്ങൾ നൽകുകയുണ്ടായി. വികാരി ഫാ. രാജൻ കുളമടയിൽ, കേന്ദ്ര വൈസ് പ്രസിഡന്റ് കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, ഇടവക സെക്രട്ടറി പ്രസാദ് സ്റ്റീഫൻ കാവുങ്കൽപുരയിൽ, മേഖല ട്രസ്റ്റി സെറിൻ പള്ളത്ര, യൂണിറ്റ് ട്രസ്റ്റി സജി ചെറിയമൂഴിയിൽ, സോബിൻ പി. ബാബു എന്നിവർ സന്നിഹിതരായി.


# കോവിഡ് പ്രതിരോധത്തിൽ റാന്നി വലിയപള്ളിയുടെ സേവനം മാതൃകാപരം

റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളിയുടെ വകയായി അഞ്ചുലക്ഷം രൂപ വിലയുള്ള പോർട്ടബിൾ X -Ray മെഷീൻ റാന്നി മേനാത്തോട്ടം C.S.L.T.C. യ്ക്ക് സംഭാവന നൽകി. വികാരി ഫാ. രാജൻ ഏബ്രഹാം കുളമടയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അഡ്വ. പ്രമോദ് നാരായണൻ M.L.A., X -Ray മെഷീൻ ഹോസ്പിറ്റലിനുവേണ്ടി ഏറ്റുവാങ്ങി. അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ മെഷീന്റെ കൂദാശ നിർവ്വഹിച്ചു. ശ്രീ. രാജു ഏബ്രഹാം Ex. M.L.A. അഡ്വ. ബിന്ദു റെജി വളയനാട്ട്, അഡ്വ. വി.കെ. ജോസ് ഇടശ്ശേരിയിൽ വെള്ളാവൂർ (ട്രസ്റ്റി), പ്രസാദ് സ്റ്റീഫൻ കാവുങ്കൽ (സെക്രട്ടറി), ആലിച്ചൻ ആറൊന്നിൽ, തമ്പി കുറ്റിയിൽ, ബെൻസി പരവതോടത്തിൽ, ഷീബി പുരയ്ക്കൽ, ബിബിൻ കല്ലംപറമ്പിൽ, ടിങ്കു പുല്ലംപള്ളിയിൽ, ജെവിൻ കാവുങ്കൽ, ബിച്ചു ഐക്കാട്ടുമണ്ണിൽ, മോൻസി ഏബ്രഹാം പുളിമൂട്ടിൽ, തോമസ് കോടത്തുംപറമ്പിൽ, രാജേഷ് പഴയപുരയിൽ, സണ്ണി കുളമടയിൽ, അച്ചൻകുഞ്ഞ് വേലുകിഴക്കേതിൽ, ഡോ. എബി കണ്ണംകുഴയത്ത്, ഏബ്രഹാം വി.കുറിയാക്കോസ് വടക്കേമണ്ണിൽ, സഖറിയാ സ്റ്റീഫൻ മുണ്ടുകോട്ടക്കൽ, തോമസ് മാമൻ പുത്തൻപുരയ്ക്കൽ, സുമ തോമസ് മണിമലേത്ത്, അനു പുലിക്കോട്ട്, നോബി പഴയാറ്റ്, ഷാജി മാത്യു പ്ലാന്തോട്ടത്തിൽ, സനിറ്റ് സാബു, റ്റിജു തോട്ടുപുറത്ത് എന്നിവർ സാന്നിഹിതരായിരുന്നു. ഈ ഉദ്യമത്തിന് സഹായം നൽകിയ വ്യക്തികൾക്കും, പ്രസ്ഥാനങ്ങൾക്കും, മാനേജിംഗ് കമ്മറ്റിയുടെ എല്ലാവിധ നന്ദിയും അറിയ്ക്കുന്നു.

# ന്യൂനപക്ഷ സ്കോളർഷിപ്പ് ഹൈക്കോടതി വിധിയെ സ്വാഗതം ചെയ്യുന്നു – ക്നാനായ കോൺഗ്രസ്

ക്രൈസ്തവ ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹമായ സംവരണം ഉറപ്പാക്കണമെന്നും ന്യൂനപക്ഷ സമുദായ സ്കോളർഷിപ്പ് അർഹതപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും തുല്യമായി നല്കണമെന്നും ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മിറ്റി അവശ്യപ്പെട്ടു. ഇപ്പോൾ ഇതു സംബന്ധിച്ചുണ്ടായ ഹൈക്കോടതി വിധിയെ ക്നാനായ കോൺഗ്രസ് സ്വാഗതം ചെയ്യുന്നു. സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം പ്രമേയം അവതരിപ്പിച്ചു. സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ട്രസ്റ്റി അനീഷ് റ്റി.സി. തകിടിയിൽ, ഫാ. കൊച്ചുമോൻ ഐക്കാട്ടുമാളിയേക്കൽ, ഫാ. ഷിബിൻ മണിമലേത്ത്, ഫാ. ബിനു പയ്യനാട്ട്, സജി താന്നിക്കൽ, കൊച്ചുമോൻ ഒറ്റതൈക്കൽ, ബിബിൻ കല്ലംപറമ്പിൽ, ബിനു കല്ലേമണ്ണിൽ, ജോബി കാരിക്കോട്ട്, മജേഷ് മഴുക്കീറ്റാട, ജയമോൻ മേപ്രത്ത്, അനീഷ് കയ്യത്ര, ഏബ്രഹാം ചാങ്ങയിൽ എന്നിവർ പ്രസംഗിച്ചു.

**13th Death Anniversary**
**19- 06- 2021**



## K. C. Chacko (Kunjukunju)
**Kallookulathil**
**Chingavanam**
(Aji Bhavan, Kottarakara)

*By Sorrowing Family*

**40-ാം ചരമദിനം**
**30-05-2021**



## കുഞ്ഞമ്മ ജോർജ്
**W/o ഒ. എ. ജോർജ്**
**ഓച്ചാലിൽ, വള്ളംകുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**28 – ാം ചരമവാർഷികം**
**22- 6 -2021**



## വി. ഒ. ജോസഫ്
**വെളുത്തേടത്ത് മാവേലിൽ**
**ചിങ്ങവനം**

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

**15– ാം ചരമവാർഷികം**
**04 -07 -2021**

**07 – ാം ചരമവാർഷികം**
**02 -06-2021**





**T .M. Mathew** **Lizzykutty Mathew**

**Theverkuzhy**
**Jagathy, Trivandrum**

*സന്തപ്ത കുടുംബാംഗങ്ങൾ*

14 – ാം ചരമവാർഷികം
26- 06- 2021

06 – ാം ചരമവാർഷികം
12- 05- 2021





**കുര്യൻ കുര്യൻ**


**മറിയാമ്മ കുര്യൻ**

**വെച്ചൂപറമ്പിൽ**
**വാകത്താനം**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
*സന്തപ്തകുടുംബാംഗങ്ങൾ*

17 – ാം ചരമവാർഷികം
19- 07- 2021

01 – ാം ചരമവാർഷികം
17- 06- 2021





**കെ. റ്റി ജോസഫ്**

**തോമസ് കെ. ജെ.**
**(ലാലു)**

**കൊച്ചുപറമ്പിൽ**
**ചിങ്ങവനം**

*“ നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ”*
**സന്തപ്ത കുടുംബാംഗങ്ങൾ**

48 – ാം ചരമവാർഷികം
12 - 04 - 2021


08 – ാം ചരമവാർഷികം
05 - 06 - 2021

04 – ാം ചരമവാർഷികം
11 - 06 - 2021

10 – ാം ചരമവാർഷികം
13 - 07 - 2021









**സുബേദാർ കെ.സി. ജോർജ്**

**മറിയാമ്മ ജോർജ്**

**കങ്ങഴ, മഴുക്കീർ**

**കെ.കെ. തോമസ്**
**(പപ്പ)**


**അമ്മിണി തോമസ്**

**മുണ്ടയ്ക്കൽ, തിരുവൻവണ്ടൂർ**

*“ നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ”*
*സന്തപ്തകുടുംബാംഗങ്ങൾ*

**വേർപാടിന്റെ 24-ാം വർഷം**

**21 - 06 - 2021**



## P. K. THOMAS

**PAZHAYAPEEDIKAYIL, KALLISSERY**

**INSERTED BY: SORROWING FAMILY**

MADONA MARBLES & GRANITES

Pakkil P.O.
Pallom, M.C.Road
Kottayam- 12


T.K. Road
Kumbandu
Thiruvalla

**MADONA**
**Marbles & Granites**

Ph: 8943541602, 603,604   Ph: 702508112, 113,114

**20 – ാം ചരമവാർഷികം**

**26- 06 - 2021**



## എ. കെ. ഫിലിപ്പ് (ബേബി)

**കണ്ടക്കോട്ട് , രാമമംഗലം**

ഭാര്യ: അമ്മിണി ഫിലിപ്പ്
മക്കൾ: വിജി, സാബു, ഷാജു, ബീന

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

*സന്തപ്തകുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**

**14 - 06 - 2021**



## പി. പി. ഏബ്രഹാം (കുഞ്ഞവറാച്ചൻ)


**പുല്ലമ്പള്ളിൽ, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

*സന്തപ്തകുടുംബാംഗങ്ങൾ*

**21 – ാം ചരമവാർഷികം**

**15- 06 - 2021**




## കെ. കെ. കുരുവിള

**ആറൊന്നിൽ, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

*സന്തപ്തകുടുംബാംഗങ്ങൾ*


**08th Death Anniversary**
**20-06-2021**



**ഐ.സി. ജോയി**
**ഐരാതറ**
**ഇരവിപേരൂർ**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

**17 –ാം ചരമവാർഷികം**
**27- 06 - 2021**



**പി.സി. തോമസ്** (തോമ്മാച്ചൻ)
**വളഞ്ഞൻതുരുത്തിൽ**
**റാന്നി**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
**സന്തപ്ത കുടുംബാംഗങ്ങൾ**

**40 –ാം ചരമദിനം**
**11-06-2021**



**റ്റി.സി. മാത്യു**
**തുണ്ടിയിൽ, പെരുമ്പുഴ, റാന്നി**

*'നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

**07 –ാം ചരമവാർഷികം**
**11-06-2021**



**കെ.സി. ജേക്കബ്** (മോനിച്ചൻ)
**കരിയിൽ, പരുത്തുംപാറ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**02 – ാം ചരമവാർഷികം**
**09 -06 - 2021**



**തങ്കമ്മ ഏബ്രഹാം**
**കിടങ്ങേറ്റി പറമ്പിൽ**
**മഞ്ഞാടി, കറ്റോട്**

*'നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

**39 – ാം ചരമവാർഷികം**
**08- 06 - 2021**



**റ്റി. സി. ചാക്കോ (കുഞ്ഞച്ചൻ)**
**തൂമ്പുങ്കൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**02 – ാം ചരമവാർഷികം**
**03-06-2021**




**ജയ്നമ്മ സ്കറിയ**
**നെടുംപറമ്പിൽ (ചക്കാലയിൽ)**
**കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**


**സ്നേഹസ്മരണയ്ക്ക്**

**20 – ാം ചരമവാർഷികം**
**25- 06- 2021**



**ചാക്കോ ഏബ്രഹാം**
(തങ്കച്ചൻ)

**13 – ാം ചരമവാർഷികം**
**14- 6-2021**




**കെ. എ. പുന്നൂസ്**
(ജോയി)

**കൊറ്റുചാലിൽ, ഇരവിപേരൂർ**


*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**07 – ാം ചരമവാർഷികം**
**26 - 06 - 2021**



**ഉതുപ്പാൻ തോമസ്** (തങ്കച്ചൻ)
**കുളത്തുംകര**
**കുറ്റൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**03- 06 - 2021**




**സ്കറിയാ പുന്നൂസ്** (തമ്പി)
**വേലംകടവിൽ**
**കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**34 – ാം ചരമവാർഷികം**
**22- 06 - 2021**




**തങ്കമ്മ തോമസ്**
**ചെറുവട്ടയ്ക്കാട്ട്**
**ഐത്തല, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**25 - 06 - 2021**




**ഫിലിപ്പ്കുട്ടി അലക്സ്**
**കാവുങ്കൽ**
**റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**5th Death Anniversary**
**02- 06- 2021**



**K. M. Jacob (84)**
**Kalathilparambil**
**Kurichy**
*സന്തപ്ത കുടുംബാംഗങ്ങൾ*

**25 – ാം ചരമവാർഷികം**
**22-06-2021**




**കുര്യൻ കുര്യൻ**
**കല്ലേലിൽ**
**വള്ളംകുളം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**8th Death Anniversary**
**28- 06- 2021**




**T.J. Oommen (Jose)**
**Thayil Thottam**
**Kuttoor**
*സന്തപ്ത കുടുംബാംഗങ്ങൾ*

**01 – ാം ചരമവാർഷികം**
**13- 06- 2021**




**ബാബു റ്റി.പി.**
**മങ്ങാട്ടയം**
**കുഴിമറ്റം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**40 – ാം ചരമദിനം**
**20 - 06 - 2021**



**ജോസഫ് ഏബ്രഹാം** (ബാവച്ചൻ)
**മണലിൽ, കുറ്റൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*



**40-ാം ചരമദിനം**
**09 -06-2021**

**പി.എം. സണ്ണി**
(Rtd. Sub. Inspector of Police)
**പെരുമ്പള്ളിപറമ്പിൽ**
**മള്ളൂശ്ശേരി, കോട്ടയം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

# ആദരാഞ്ജലികൾ

## P. K. Kuriakose (Josechayan)

Pulimoottil House, Tiruvalla



**ഡൽഹി സെന്റ് മേരീസ് ക്നാനായ പള്ളി**യുടെ സ്ഥാപകാംഗവും
MKJSC Society യുടെ പ്രസിഡന്റ് ആയി 18 വർഷം സേവനം അനുഷ്ഠിക്കുകയും ചെയ്ത
പ്രിയപ്പെട്ട **ജോസ്ച്ചായന്** ഡൽഹി സെന്റ് മേരീസ് ക്നാനായ പള്ളിയുടെ ആദരാഞ്ജലികൾ

Advt -O

Registered No. KL/CHC/29/2021-23
Published on 15 June 2021

**KNANAYA DEEPAM**
Chingavanam

RNI No. KERBIL/2006/19210
Vol. 32, Issue: 6 ` 15

†

# *50 years of remembrance*



## *P M Abraham (Thankachan)*

*20 January 1936 - 04 July 1971*

*Mukkattu, Kurichy*

*Abba: The Father Bara: The Son Ruha: The Holy Spirit*
*Abraham: The Son of the Holy Trinity*
*Dear Daddy,*
*We cherish the years we had with you, though they were too few.*
*We find solace in the belief that you are seated alongside Christ*
*and Abraham in the kingdom of heaven.*
*We pray for your eternal peace.*

*Fondly remembered by loving family.*

Advt -O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**